VIII. ധനകാര്യം

2003-2004 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെയും 1989-90 മുതൽ 1998-99 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളെയും സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: 2003-04 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനകളും 1989-90 മുതൽ 1998-99 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളും സംബന്ധിച്ച പ്രമേയങ്ങൾ അവതരിപ്പിക്കേണ്ടതാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,79,71,000 രൂപയുടേയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 22,43,15,000 രൂപയുടേയും ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,70,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ ബാലകൃഷ്ണപിള്ള): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 34,50,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,73,26,000 രൂപയുടേയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,000 രൂപയുടേയും ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 212,22,98,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,94,72,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, വൈദ്യ സഹായ രംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14,95,20,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 33,51,000 രൂപയുടേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 23,30,56,000 രൂപയുടേയും ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,11,11,62,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 30,69,78,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫസർ കെ. വി. തോമസ്): സർ, മൽസ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,50,14,000 രൂപയുടേയും വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,99,56,000 രൂപയുടേയും ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും സ്പോർട്സും വകുപ്പുമന്ത്രിക്കുവേണ്ടി, ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം വനവും സ്പോർട്സും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): സർ, പഞ്ചായത്തുകൾ എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,67,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,52,07,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,39,86,44,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബുദിവാകരൻ): പ്രമേയങ്ങളെ പിൻതാങ്ങുന്നു.

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എല്ലാംകൂടി 6764 കോടി രൂപയുടെ സപ്ലിമെന്ററി ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. 308 കോടി രൂപ മാത്രമാണ് പദ്ധതി ചെലവിനായിട്ട് മാറ്റിവച്ചിരിക്കുന്നത് എന്നു പറഞ്ഞാൽ ആകെ പദ്ധതിയുടെ നാലര ശതമാനം മാത്രം. 95.5%-വും പദ്ധതിയിതര ചെലവുകൾക്കുവേണ്ടിയാണ് മാറ്റിവച്ചിരിക്കുന്നത്. മൂലധനച്ചെലവിനായി കാണിച്ചി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്നത് 1365 കോടി രൂപ മാത്രമാണ്. ഇതിൽ കെ.എസ്.ഇ.ബി.-ക്ക് കൊടുക്കുന്ന 1158 കോടി രൂപ മാറ്റി വച്ചാൽ ഏതാണ്ട് 20 കോടി രൂപ മാത്രമാണ് ഇവിടെ ഉപധനാഭ്യർത്ഥനയിൽ മൂലധനത്തിനായിട്ട് മാറ്റിവച്ചിരിക്കുന്നത്. എന്നു പറഞ്ഞാൽ 3% മാത്രം. കഴിഞ്ഞ ബഡ്ജറ്റിൽ റവന്യൂ എക്സ്പെൻഡിച്ചർ ഏതാണ്ട് 15,365 കോടി രൂപയുടേതായിരുന്നു. വീണ്ടും ആറായിരത്തിൽ ചില്ലാനം രൂപയുടെ സപ്ലിമെന്ററി ഡിമാന്റ് കൊണ്ടുവന്നതിൽക്കൂടി ബഡ്ജറ്റിനെ തന്നെ പ്രഹസനമാക്കുന്ന ഒരു സമീപനമാണ് ഇവിടെ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഏതാണ്ട് 3887 കോടി രൂപ കടം വീട്ടാൻ മാറ്റിവച്ചിരിക്കുകയാണ്. അതിൽ 1700 കോടി രൂപ ways and means advance തീർക്കാനും 1500 കോടി രൂപ റിസർവ്വ് ബാങ്കിന്റെ ഓവർഡ്രാഫ്റ്റ് തീർക്കാനും മാറ്റിവച്ചിരിക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് അഞ്ചു വർഷം കൊണ്ട് 7759 കോടി രൂപയാണ് കടം വാങ്ങിച്ചിരിക്കുന്നതെങ്കിൽ ഈ ഗവൺമെന്റ് രണ്ടര വർഷം കൊണ്ട് 14,000 കോടി രൂപ കടം വാങ്ങിയിരിക്കുകയാണ്. കടം വീട്ടാൻ മാത്രമായിട്ടുള്ള ഒരു സപ്ലിമെന്ററി ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. ഇതിനകത്ത് ലാ ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥന്മാരുടെ യാത്രാക്കൂലി കൊടുക്കാൻ വേണ്ടി ഏതാണ്ട് 3.6 ലക്ഷം രൂപ മാറ്റിവച്ചിരിക്കുന്നു. ലാ ഡിപ്പാർട്ട്മെന്റ് എന്താണ് ചെയ്യുന്നത്? ഒരു അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ഉണ്ട്. ഞാൻ അദ്ദേഹത്തിന്റെ പേര് പരാമർശിക്കുന്നില്ല. അദ്ദേഹം സർക്കാരിനുവേണ്ടിയാണോ മാഫിയാകൾക്കുവേണ്ടിയാണോ ഇപ്പോൾ ഹൈക്കോടതിയിൽ ഹാജരാകുന്നത് എന്നുള്ള സംശയം കേരളത്തിലെ ജനങ്ങൾക്കുണ്ട്. വനത്തിന്റെ കാര്യത്തിൽ, വൈദ്യുതിയുടെ കാര്യത്തിൽ, ഏറ്റവുമൊടുവിൽ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ യൂണിവേഴ്സിറ്റികളിലെ ബി.എഡ്. സ്റ്റുഡൻറ്സ് കോടിതിയിൽ ഹാജരായപ്പോൾ യൂണിവേഴ്സിറ്റി നടത്തുന്ന ബി.എഡ്. കോളേജുകളിൽ സൗകര്യമില്ലെന്ന വാദം നടന്നപ്പോൾ, മിണ്ടാതിരിക്കുന്ന സമീപനം വക്കീലൻമാർ ഹൈക്കോടതിയിൽ സ്വീകരിക്കുകയാണ് ചെയ്തത്. അത്തരത്തിലുള്ള ലാ ഡിപ്പാർട്ട് മെന്റിനും സപ്ളിമെന്ററി ഡിമാന്റിൽ പൈസ നീക്കിവച്ചിരിക്കുകയാണ്. രജിസ്ട്രേഷൻ വകുപ്പിന് 1.2 കോടി രൂപയാണ്. ഇപ്പോൾ ഫെയർ വാല്യൂ സംബന്ധിച്ച് ഇവിടെ കാളിംഗ് അറ്റൻഷൻ അവതരിപ്പിച്ചത് യു.ഡി.എഫ്.-ലെ മെമ്പർമാരാണ്. ഭൂമിയുടെ വിലയുടെ കാര്യത്തിൽ സംസ്ഥാനത്തിലെ ജനങ്ങളാകെ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു സന്ദർഭമാണ്. ബഹുമാനപ്പെട്ട മന്ത്രി പ്രശ്നങ്ങൾ പരിഹരിക്കുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ജനങ്ങൾ ഇപ്പോൾ ആശങ്കയോടുകൂടി കാണുകയാണ്. പോലീസ് വകുപ്പിന് 538 കോടി രൂപയ്ക്ക് പുറമെയാണ് ഇപ്പോൾ തുക അനുവദിച്ചിരിക്കുന്നത്. കഴിഞ്ഞ തവണ അംഗീകാരം വാങ്ങിയത് 13 കോടി രൂപയ്ക്കാണ്. അതിനോടനുബന്ധിച്ച് 22.4 കോടി രൂപ ഉപധനാഭ്യർത്ഥനകൾക്കുവേണ്ടി മാറ്റിവച്ചിരിക്കുന്നു. സർ, പോലീസ് എന്താണിവിടെ ചെയ്യുന്നത്? പെൺകുട്ടിയുടെ മുടി മുറിച്ച സംഭവവുമായി ബന്ധപ്പെട്ട് ഒരു സബ്മിഷൻ ഇന്നു രാവിലെ ഉണ്ടായിരുന്നു. ബ്ലേഡ് മാഫിയ ഇപ്പോഴുണ്ട്. എറണാകുളം, ഇടുക്കി, തൃശ്ശൂർ തുടങ്ങിയ ജില്ലകളിൽ മാത്രമല്ല, പെൺ വാണിഭം, മയക്കുമരുന്ന്, വനം, ചന്ദനം, കഞ്ചാവ്, വ്യാജ പട്ടയം, ചൂതാട്ടം, ബ്ലേഡ് തുടങ്ങിയ മാഫിയകളുടെ ഭരണം കേരളത്തിലെ ഏതാണ്ട് ഒട്ടുമുക്കാൽ ജില്ലകളിലും നടക്കുകയാണ്. പണ്ടൊക്കെ നമ്മുടെ മുമ്പിൽ മണൽ മാഫിയാകൾ ഉണ്ടായിരുന്നു. ഇപ്പോൾ ബ്ലേഡ് മാഫിയാകൾ ഉണ്ട്.. പെൺവാണിഭ മാഫിയ, മദ്യമാഫിയ, വിദ്യാഭ്യാസ മാഫിയ എന്നു തുടങ്ങി ഏറ്റവുമൊടുവിൽ ഇൻഫർമേഷൻ ടെക്നോളജി മാഫിയാകളും നമ്മുടെ സംസ്ഥാനത്ത് വന്നിരിക്കുന്നു. നമ്മുടെ നാട്ടിലെ മീഡിയാകൾ ഒന്നാം പേജിൽ വലിയ തലക്കെട്ടോടുകൂടി വാർത്തകൾ പ്രസിദ്ധീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ജിം-ൽ 50 കോടി രൂപ പ്രഖ്യാപിച്ച ഫിൻലൻഡ് കമ്പനിയിലെ പ്രിൻസ് ജോണിനെ കഴിഞ്ഞ ദിവസം പോലീസ് അറസ്റ്റ് ചെയ്തു. ജിം-ൽ 50 കോടി രൂപയുടെ സെല്ലുലാർ ഫോൺ അടക്കമുള്ള ഇലക്ട്രോണിക്സ് ഉപകരണങ്ങൾ കൊണ്ടുവരുമെന്ന് പറഞ്ഞിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടൊപ്പം നിന്ന് പടമെടുത്തതാണ് ഫിൻലൻഡ് കമ്പനിയുടെ ഉടമ. ആ പടം വച്ച് ലോകത്തിലെ മലയാളികളോടും വിദേശികളോടും മുഴുവൻ പണം പിരിച്ചു. മുഖ്യമന്ത്രി ബൊക്കെ നൽകി സ്വീകരിച്ച കൈകളിൽ പോലീസുകാർ വിലങ്ങണിയിക്കുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്. മറ്റൊരു വിദ്വാൻ കിംഗ്സ്ലി ഫെർണാണ്ടസ്. അദ്ദേഹവും മുഖ്യമന്ത്രിയോടൊപ്പം നിന്ന് പടമെടുത്ത ആളാണ്. ആ ചിത്രം വച്ചുകൊണ്ട് നാടു മുഴുവൻ നടന്ന് അദ്ദേഹവും അഴിമതി കാണിച്ചു. പ്രീഡിഗ്രി പോലും പാസ്സാകാത്ത പ്രിൻസ് ജോണിനെപ്പോലുള്ള ആളുകൾ ജിം-ന്റെ മറവിൽ കടന്നുവരുകയാണ്. കല്ലുപൊടി ഫാക്ടറിയും എല്ലുപൊടി ഫാക്ടറിയും തീപ്പെട്ടി കമ്പനിയും തുറന്നു എന്നുപറഞ്ഞ് എം.എൽ.എ.-മാർക്ക് പ്രസിദ്ധീകരണങ്ങൾ വന്നിട്ടുണ്ട്. ഇത്തരം ഒരു ഫാക്ടറിയുടെ ഉടമ ഗോതമ്പുണ്ട തിന്ന് ജയിലിനകത്ത് കിടക്കുന്ന കാഴ്ചയാണ് ഇപ്പോൾ കാണുന്നത്. സൈബർ ക്രൈം ഇപ്പോൾ വർദ്ധിച്ചിരിക്കുകയാണ്. എൻജിനീയറിംഗ് കോളേജുകൾ കേന്ദ്രീകരിച്ചു കൊണ്ട് പെൺകുട്ടികളുടെ ഫോട്ടോകളിൽ നിന്ന് തല വെട്ടി നഗ്നചിത്രങ്ങളോട് ചേർത്തുകൊണ്ട് സൈബർ ക്രൈമുകൾ വർദ്ധിച്ചുവരുകയാണ്. കോട്ടയം ജില്ലയിലെ ഒരു എൻജിനീയറിംഗ് കോളേജിൽ പ്രതി അറസ്റ്റിലാകുമെന്ന് നാട്ടുകാർ പ്രതീക്ഷിച്ചിരിക്കുമ്പോൾ അദ്ദേഹം ഒരു ഉന്നത പോലീസുദ്യോഗസ്ഥന്റെ മകനാണെന്നു അറിഞ്ഞപ്പോൾ അവിടെ പോലീസുകാർ പോയി പ്രതിയുടെ മുമ്പിൽ സല്യൂട്ട് അടിച്ചുനിൽക്കുന്ന കാഴ്ചയാണ് ഏറ്റവുമൊടുവിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കേരളത്തിലെ പെൺകുട്ടികൾ മാത്രം പഠിക്കുന്ന കലാലയങ്ങളിൽ, അവിടത്തെ പെൺകുട്ടികളുടെ മുഖത്തിന്റെ ചിത്രം വച്ചുകൊണ്ട് എത്രയോ ഇന്റർനെറ്റ് പ്രസിദ്ധീകരണങ്ങളാണ് ഇത്തരത്തിൽ വന്നുകൊണ്ടിരിക്കുന്നത്. അതിന്റെ മറ്റു വശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. ആധുനികമായിട്ടുള്ള ക്രൈമുകൾ തെളിയിക്കാൻ കഴിയുന്ന രീതിയിൽ നമ്മുടെ പോലീസിനെ വളർത്തിയെടുക്കാൻ ശ്രദ്ധിക്കണം. മെഡിക്കൽ വകുപ്പിനുവേണ്ടി 15 കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. അതിൽ 10 കോടി രൂപയും റവന്യൂ ചെലവാണ്. മെഡിക്കൽ കോളേജിൽ ഒരു ഹാർട്ട് ഫൗണ്ടേഷൻ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു കോടി രൂപയാണ് അതിനായി മാറ്റിവച്ചിരിക്കുന്നത്. ആൻജിയോ പ്ലാസ്റ്റ്, ആൻജിയോഗ്രാം സർജറി നടത്തണമെങ്കിൽ 1,80,000 രൂപയാകും. തിരുവനന്തപുരം മെഡിക്കൽകോളേജിൽ, എസ്ക്കോർട്ട്സ് പോലുള്ള ഒരു ഹാർട്ട് ഫൗണ്ടേഷന്, ഏറ്റവും കുറഞ്ഞത് 25 കോടി രൂപയെങ്കിലും ഈ ബഡ്ജറ്റിൽ മാറ്റിവച്ചിരുന്നുവെങ്കിൽ സ്വാഭാവികമായിട്ടും കേരളത്തിലെ ജനങ്ങൾക്ക് പ്രയോജനപ്രദമാകുമായിരുന്നു. കൃഷിക്കും പരമ്പരാഗത വ്യവസായങ്ങൾക്കും പണമില്ലാത്ത ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സപ്ലിമെന്ററി ബഡ്ജറ്റിലും കാര്യമായിട്ടൊന്നുമില്ല. പട്ടിണി കിടക്കുന്ന തൊഴിലാളികൾക്ക് ഇനി പുതിയ പാക്കേജ്. അവർ പട്ടിണി കിടന്ന് മരിക്കാതിരിക്കാനുള്ള പുത്തൻ പാക്കേജ് പ്രഖ്യാപിക്കുമെന്ന് നമ്മൾ പ്രതീക്ഷിക്കുകയാണ്. ധാരാളം പ്രഖ്യാപനങ്ങൾ ഉണ്ട്. നാണംകെട്ട ഒന്നു-രണ്ടു കാര്യങ്ങൾ ചൂണ്ടിക്കാട്ടട്ടെ. മികച്ച ഗ്രാമപഞ്ചായത്തുകൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി അവാർഡ് പ്രഖ്യാപിച്ചു. 10 ലക്ഷം രൂപയുടെ അവാർഡാണ്. ഞങ്ങളുടെ ജില്ലയിൽ ഒരു പഞ്ചായത്തിന് 10 ലക്ഷം രൂപ കൊടുത്തു. കൊടുത്ത പൈസ ഒരു മാസം കഴിഞ്ഞപ്പോൾ പിൻവലിച്ചുകൊണ്ടുപോയി.

LIBRARY ARCHIVES Kerala Legislative Assembly

എന്തൊരു നാണംകെട്ട സമീപനമാണ്? അവാർഡ് തുകപോലും പിൻവലിച്ചു കൊണ്ടു പോകുകയാണ്. കേരളത്തിന്റെ അഭിമാനം കാത്ത രണ്ടു താരങ്ങളാണ് ബീനമോളും ബോബി അലോഷ്യസും. ബോബി അലോഷ്യസ് എന്റെ മണ്ഡലത്തിലാണ്. അവർക്കു വീട് വച്ചുകൊടുക്കുമെന്നു പറഞ്ഞ് 2002-ൽ ഒരു പ്രഖ്യാപനം നടത്തി. ആ സ്പോർട്സ് താരങ്ങൾക്ക് രണ്ടു വീട് പണിതു കൊടുക്കാനെങ്കിലുമുള്ള തുക ഈ ബഡ്ജറ്റിൽ വച്ചിരുന്നുവെങ്കിൽ എന്തു മെച്ചമായിരുന്നു. എന്റെ മണ്ഡലത്തിലാണ് ശബരിമല. ശബരിമല തീർത്ഥാടനകാലത്ത് മലയാള മനോരമ പത്രത്തിൽ പ്രസിദ്ധീകരിച്ചത്, "പച്ചവെള്ളം മുതൽ പാർക്കിംഗ്വരെ എല്ലാം പ്രശ്നം" എന്നാണ്. മാതൃഭൂമി എഴുതി, "കടുത്ത വെയിലിൽ പ്രാഥമികാവശ്യങ്ങൾപോലും നിറവേറ്റാനാകാതെ മണിക്കൂറുകൾ നീണ്ട കാത്തുനിൽപ്പ്, ഭക്ഷണവും വെള്ളവുംപോലും ലഭിക്കാതെ കൊടിയ യാതനകൾ അനുഭവിച്ചാണ് ഭക്തസഹസ്രങ്ങൾക്ക് അയ്യപ്പദർശനം സാധ്യമാകുന്നത്, ഭക്ഷണസാധനങ്ങളുടെ വിലയും ഗുണനിലവാര പരിശോധനയുമുണ്ടായില്ല. മൂത്രപ്പുരകളും കക്കൂസുകളുമൊക്കെ ലേലം പിടിച്ചവർ ഇഷ്ടംപോലെ തുക ഈടാക്കുകയായിരുന്നു. കുളിക്കാൻ സൗകര്യമില്ലാതെ തീർത്ഥാടകർ വലഞ്ഞു. ഭസ്മക്കുളം തീർത്ഥാടകരുടെ വൻപ്രവാഹമായതോടുകൂടി മാലിന്യക്കൂമ്പാരമായി. ക്ഷേത്രദർശനത്തിനുള്ള ക്യൂ പലപ്പോഴും ശരംകുത്തി വരെ നീണ്ടു. ക്യൂവിൽ നിന്ന് തളരുന്ന പിഞ്ചുകുട്ടികളടക്കമുള്ളവർക്ക് ദാഹജലം കൊടുക്കാൻ യാതൊരു സംവിധാനവുമുണ്ടായിരുന്നില്ല". കേരളത്തിലെ ജനസംഖ്യയിൽ മുക്കാൽ ഭാഗവും രണ്ടു മാസക്കാലത്തിനുള്ളിൽ അവിടെ വരുന്നു. ശബരിമല തീർത്ഥാടകരോട് ഈ ഗവൺമെന്റ് കാണിച്ചിരിക്കുന്ന ഏറ്റവും നെറികെട്ട സമീപനത്തിന്റെ ഫലമായിട്ടല്ലേ കോടിക്കണക്കിന് വരുന്ന അയ്യപ്പതീർത്ഥാടകർ ഇത്രയും ദുരിതം അനുഭവിക്കുന്നത്? ആ തരത്തിൽ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ ഇവിടെ സംരക്ഷിക്കപ്പെടാതെ പോകുന്നു. പല കാര്യത്തിലും കേരളം ഒന്നാമതായിരുന്നു. കേരളം ഇൻഡ്യക്ക് മാതൃകയായിരുന്നു. ആരോഗ്യ കാര്യത്തിൽ, വിദ്യാഭ്യാസ കാര്യത്തിൽ ഒക്കെ മുന്നിലായിരുന്നു. കമ്യൂണിസ്റ്റുസർക്കാർ കേരളത്തെ ഈ കാര്യങ്ങളിൽ ഒന്നാമതാക്കിയെങ്കിൽ യു.ഡി.എഫ്. സർക്കാർ കേരളത്തെ ആത്മഹത്യയുടെ കാര്യത്തിൽ ഒന്നാമതാക്കിയിരിക്കുന്നു. രാവിലെ ഇവിടെ വ്യവസായ വകുപ്പുമന്ത്രി ധാരാളം പരിഭവം പറയുന്നതു കേട്ടു. ആരാണ് വ്യവസായം വരാത്തതിന് ഉത്തരവാദി? ഇന്നലെ ബഹുമാനപ്പെട്ട കടവൂർ ശിവദാസൻ ചില കാര്യങ്ങൾ പറഞ്ഞിരിക്കുന്നു. കാര്യങ്ങൾ സത്യസന്ധമായി പറയുന്ന ഒരാളാണ്. "കോൺഗ്രസ്സിലെ പ്രശ്നം പാഞ്ചാലിയുടെ വസ്ത്രാക്ഷേപം പോലെയാണ്, അത് അഴിച്ചാലും അഴിച്ചാലും തീരുകയില്ല" എന്നാണ്. ഞങ്ങളല്ലല്ലോ പറഞ്ഞിരിക്കുന്നത്. ഞങ്ങളാണോ ഈ സർക്കാരിന് പാര വച്ചിട്ടുള്ളത്? ആദ്യത്തെ ഏഴെട്ടു മാസക്കാലം ഇവിടെ വ്യാജരേഖാ പ്രശ്നമുണ്ടാക്കി. ഞങ്ങളാണോ ഉത്തരവാദികൾ? അങ്ങനെ ഏഴെട്ടു മാസക്കാലം പോയില്ലേ?

[അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ]

വ്യാജരേഖ കഴിഞ്ഞപ്പോൾ രാജ്യസഭാ തെരഞ്ഞെടുപ്പുവന്നു, അതിന്റെ പേരിൽ മൂന്നുമാസം വീണ്ടും പോയി. അതുകഴിഞ്ഞപ്പോൾ മുത്തങ്ങ വന്നു, മുത്തങ്ങയുടെ പേരിൽ മൂന്നുമാസം പോയി. മുത്തങ്ങ കഴിഞ്ഞപ്പോൾ രണ്ടുതവണ മാറാട് വന്നു, അതിന്റെ പേരിൽ 6 മാസം പോയി. അതുകഴിഞ്ഞപ്പോൾ എറണാകുളം തെരഞ്ഞെടുപ്പുവന്നു, അതോടുകൂടി എല്ലാംപോയി. ഇതുവരെ കരകയറിയിട്ടില്ല. വെറുതെ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ തെറിപറഞ്ഞിട്ട് എന്തുകാര്യമാണ്? ഇവിടെ തിരുവല്ല തെരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഇതുവരെ നമുക്ക് ഭരിക്കാൻ കഴിഞ്ഞില്ല, ഇനിയും നമുക്കൊന്ന് ഭരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞല്ലോ. അപ്പോൾ ഇക്കാര്യത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയല്ല ഉത്തരവാദി. നല്ല കാര്യങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യാമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുതന്നെ ജിമ്മിൽപ്പോയി പറഞ്ഞു. അടി നിറുത്തിയിട്ട് ഇവിടെ ഭരിക്കാൻ സമയം ഒഴിവുവേണ്ടേ? വിദേശ മലയാളികളോടുള്ള സമീപനമെന്താണ്? കുവൈറ്റിലെ എമ്പസ്സിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടുവെന്ന് നയപ്രഖ്യാപനത്തിന്റെ മറുപടിയിൽ അദ്ദേഹം ഇവിടെ പറയുകയുണ്ടായി. എവിടെയാണ് ഇടപെട്ടത്? അവിടെ പത്തിരുനൂറ് മലയാളികൾ ഒരാഴ്ചക്കാലം നെടുനീളെ തല്ലുവാങ്ങിയില്ലേ? അവിടെ ആരും ഇടപെട്ടില്ല. അദ്ദേഹം ആകെ ഒരു ഫാക്സ് അയയ്ക്കുകമാത്രം ചെയ്തു. ഒരു മന്ത്രിയെങ്കിലും അവിടെയുള്ള അമ്പാസിഡറെ വിളിക്കുമെന്ന് അടികൊണ്ട ആളുകൾ പ്രതീക്ഷിച്ചു, വിളിച്ചില്ല. ബഹുമാനപ്പെട്ട കെ. വി. തോമസ് ദുബായിലുണ്ടായിരുന്നു, അദ്ദേഹവും കുവൈറ്റ് അമ്പാസിഡറെ വിളിച്ചില്ല. നമ്മുടെ പാർലമെന്റ് മെമ്പർ ശ്രീ. ഫ്രാൻസിസ് ജോർജ് അടക്കമുള്ള ആളുകൾ ശ്രീ. എസ്. എൻ. സിൻഹയുമായി ബന്ധപ്പെട്ടിട്ടല്ലേ അവിടെയുള്ള പ്രശ്നത്തിന് ഒരു പരിഹാരം കാണാൻ ശ്രമിച്ചത്? ഇതാണോ വിദേശ മലയാളികളോടുള്ള ഈ ഗവൺമെന്റിന്റെ സമീപനം? ഇവിടെ എയർ നിരക്കിനെ സംബന്ധിച്ചു പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട എം. എം. ഹസ്സൻ സമരമിരിക്കുമെന്ന് പ്രഖ്യാപിച്ചു, ആ പ്രഖ്യാപനം നടത്തിയിട്ട് അദ്ദേഹം എന്തുചെയ്തു? ഈ സർക്കാർ വന്നപ്പോൾ കപ്പൽ സർവ്വീസെല്ലാം പോയി. അതിനെതിരെ ഒരു ചെറുവിരൽ അനക്കിയോ? 18 മണിക്കൂർ യാത്രചെയ്ത് അമേരിക്കയിൽ പോകുന്നതിന് വിമാനക്കൂലി 52,000 രൂപ മാത്രമേയുള്ളൂ. ഇവിടെനിന്നും നാലുമണിക്കൂർ യാത്രചെയ്ത് ഗൾഫിലേക്ക് പോകുന്നതിന് 20,000-വും 22,000-വും രൂപയാണ് ഈടാക്കുന്നത്. ഇത് നെറികേടല്ലേ? പ്രഖ്യാപനമല്ലാതെ എന്തുകാര്യമാണ് ഇവർക്കുവേണ്ടി ചെയ്യുന്നത്? 32 കോടി രൂപയിലധികം നഷ്ടം സഹിച്ചുകൊണ്ട് 4000-ത്തിലധികം തൊഴിലാളികൾ പ്രവർത്തിക്കുന്ന സിഡ്കോയിൽ പുതിയ കച്ചവടത്തിനുവേണ്ടി ധനകാര്യവകുപ്പ് ഉൾപ്പെടെ പച്ചക്കൊടി കാണിച്ചിരിക്കുകയാണ്. തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ട് ധാരാളം പ്രഖ്യാപനങ്ങൾ വരുന്നു. ഇവിടെയിപ്പോൾ എന്ത് മഅ്ദനി പ്രേമമാണ്? ഇവിടെ പോലീസ് എന്താണ് പറഞ്ഞിരിക്കുന്നത്? മഅ്ദനി വന്നാൽ കേരളത്തിലെ ക്രമസമാധാനനില അപകടത്തിലാകുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇവിടെ ജാനുവിനെ കൊണ്ടുവരുമോ? അടിച്ചുമൂലയ്ക്കു വച്ചിരിക്കുകയല്ലേ?

<u>ശ്രീ. ടി. കെ. ദേവകുമാർ</u>: സർ, ഏഴാമത് സമ്മേളനമായപ്പോൾ മുഖ്യമന്ത്രി എഴുതിയ റിപ്പോർട്ടിനു വിപരീതമായി ഇപ്പോൾ അദ്ദേഹം ശുപാർശ ചെയ്തിരിക്കുന്നു എന്നാണ് പറഞ്ഞത്. മുത്തുമ്മായുടെ മയ്യത്തു കാണാൻ മഅ്ദനിക്ക് പരോൾ അനുവദിച്ചാൽ കേരളത്തിലെ ക്രമസമാധാനനില കുഴപ്പത്തിലാകുമെന്നെഴുതിയ അതേ ഗവൺമെന്റുതന്നെ ഇപ്പോൾ അദ്ദേഹത്തിന് ജാമ്യം കൊടുക്കാൻ കത്തെഴുതി എന്നാണ് പറയുന്നത്. ഇവിടുത്തെ കത്തുകൊണ്ട് ജാമ്യം കിട്ടില്ലെന്നുറപ്പുള്ളതുകൊണ്ട് പാർലമെന്റ് തെരഞ്ഞെടുപ്പിനുമുമ്പ് ഒരു കത്തെഴുതി. ഈ പാർലമെന്റ് തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടുതന്നെ ജാനുവിന് എന്തെങ്കിലും പുതിയ സാമ്പത്തികാനുകൂല്യം ഈ സഭ പിരിയുന്നതിനുമുമ്പ് പ്രഖ്യാപിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം: സർ, ജാനുവിനെ കൊണ്ടുവരും. കാവ്യാമാധവൻ കട ഉദ്ഘാടനത്തിന് വരുമ്പോൾ ജനങ്ങൾ ഓടിക്കൂടുന്നതുപോലെയല്ലേ ഇവിടെയുള്ള പരിവാരങ്ങൾ ഈ ജാനുവിനുചുറ്റും ഓടിക്കൂടിയത്? 'സമ്മതമായ് ചേർന്നുനിന്നാൽ ഉമ്മതരാം രാക്ഷസീ' എന്നുള്ള പാട്ടാണ് എനിക്ക് ഓർമ്മ വരുന്നത്. എന്റെ മണ്ഡലത്തിൽ ഒരു പോളിടെക്നിക്ക് വേണമെന്നു പറഞ്ഞുകൊണ്ടുള്ള ഫയൽ തട്ടിക്കളിക്കാൻ തുടങ്ങിയിട്ട് എത്രനാളായി? മൂന്നു വർഷമായിട്ട് ആ ഫയലിട്ടു തട്ടുകയാണ്. ഇതെന്തൊരു ഭരണമാണ്? പ്രതിപക്ഷക്കാർക്ക് ഒന്നും വേണ്ടേ? അവിടെ 83 തസ്തികകൾ വേണ്ട ഒരു താലൂക്ക് ആശുപത്രിയുണ്ട്, മൂന്നുവർഷമായി അവിടെ കെട്ടിടംപണി പൂർത്തിയായി കിടക്കുകയാണ്. അവിടെ തസ്തിക അനുവദിക്കാൻ വേണ്ടി മുഖ്യമന്ത്രിയുടേയും ആരോഗ്യ വകുപ്പുമന്ത്രിയുടേയുമൊക്കെ പുറകേ എത്രനാളായി നടക്കുകയാണ്! പ്രതിപക്ഷക്കാരുടെ മണ്ഡലത്തിൽ ഒന്നുംവേണ്ടേ? റാന്നിയിൽ ഒരു സബ്ട്രഷറിക്ക് കഴിഞ്ഞ ഗവൺമെന്റ് ഉത്തരവിട്ടു. കഴിഞ്ഞ ഗവൺമെന്റ് രാഷ്ട്രീയ പരിഗണന നോക്കാതെ സബ്ട്രഷറി കൊടുത്തു. പക്ഷേ ഇവിടെ പ്രതിപക്ഷാംഗത്തിന്റെ പേരിൽ റാന്നി-പെരിനാട് സബ്ട്രഷറി നടപ്പിലാക്കാൻവേണ്ടി തയ്യാറാകാത്ത ഒരവസ്ഥയാണ്. ശബരിമലയിൽ അടിക്കടി നടക്കുന്ന തീപിടുത്തം, ശബരിഗിരി പ്രോജക്ടിൽ അടിക്കടിയുണ്ടാകുന്ന തീപിടുത്തം, ഇവ കണക്കിലെടുത്ത് അവിടെയൊരു ഫയർ സ്റ്റേഷൻ വേണമെന്നുള്ള ആവശ്യം എത്രയോ വർഷക്കാലമായി പറയുകയാണ്. അത് ഇതുവരെ പരിഗണിക്കാൻ തയ്യാറായിട്ടില്ല. ഗവൺമെന്റുകൾ മാറിമാറി വരും. 30 മണ്ഡലങ്ങളിൽ മാത്രമായി വികസന പ്രവർത്തനങ്ങൾ ചുരുക്കിയിരിക്കുന്ന സമീപനം പാടില്ല. കാലുമാറിയ ആളുകൾക്കുമാത്രം കോടികൾ പ്രഖ്യാപിക്കുന്ന സമീപനം പാടില്ല. ഇത്തരത്തിലുള്ള സമീപനം മാറ്റിവച്ചുകൊണ്ട് പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലെ ആവശ്യങ്ങൾകൂടി അനുവദിക്കാൻ ഗവണ്മെന്റ് തയ്യാറാകണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ സപ്ലിമെന്ററി ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. ജോർജ് ജെ. മാത്യു: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ശ്രീ. രാജു എബ്രഹാം ഈ ഉപധനാഭ്യർത്ഥനകളിലെ കുറവുകളെക്കുറിച്ച് വളരെ വാചാലമായി പ്രസംഗിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ സംബന്ധിച്ച യാഥാർത്ഥ്യം കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് തുടർന്ന സാമ്പത്തിക നയംകൊണ്ട് ഈ സർക്കാർ താങ്ങേണ്ടിവന്ന ഗതികേടുകളുടെ ഒരു പട്ടികയാണ്. 2003-ൽ fiscal responsibility നിയമം പാസ്സാക്കുകയുണ്ടായി. അതനുസരിച്ച് ധനക്കമ്മി മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 2% ആയിട്ട് 2007 ആകുമ്പോൾ നിയന്ത്രിക്കാനുള്ള നിയമമാണത്. ഈ നിയമമനുസരിച്ച് നമ്മുടെ ഗവൺമെന്റ് മുന്നോട്ടു പോകാനുള്ള എല്ലാ നടപടികളും ഇന്ന് നീക്കിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ കുറേക്കാലമായി നമ്മുടെ പദ്ധതി വിഹിതത്തിന്റെ ഏതാണ്ട് 60-65% റവന്യൂ ഇനത്തിലെ ചെലവായിട്ടാണ് നമ്മൾ ഉപയോഗിച്ചു പോരുന്നത്. ഈ സംസ്ഥാനത്ത് ഇന്ന് നിലവിലുള്ള കടം വർദ്ധിച്ചു എന്ന കാര്യത്തിൽ നമുക്കാർക്കും സംശയമില്ല—കാരണം കണക്കുകൾ അതാണ് മനസ്സിലാക്കിച്ചുതരുന്നത്. കേരളത്തിലെ ആളോഹരി കടം 2001-ൽ 7414 രൂപയായിരുന്നുവെങ്കിൽ, 2002-ൽ ഇടതുപക്ഷ ഭരണകാലം അവസാനിക്കുമ്പോൾ 8342 രൂപയും ഇന്നത് 9425 രൂപയുമായി വർദ്ധിച്ചിട്ടുണ്ട്. അതേസമയം ബംഗാളിൽ 2001-ൽ 5980 രൂപയും 2002-ൽ 7149 രൂപയും 2003-ൽ 8490 രൂപയുമായിട്ട് വർദ്ധിച്ചിരിക്കുകയാണ്. ഇന്നത്തെ ഈ സാഹചര്യത്തിൽ രണ്ട് ഗവൺമെന്റുകളുടേയും പരിപാടികളിൽ അല്ലെങ്കിൽ പോളിസികളിൽ ഒരു മാറ്റം

വരുത്തേണ്ട അവസ്ഥയാണ് ചൂണ്ടിക്കാണിക്കുന്നത്. 2001-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് പോകുമ്പോഴുള്ള പൊതുകടം 23,000 അല്ലെങ്കിൽ 24,000 കോടി രൂപയായിരുന്നുവെങ്കിൽ ഇന്നത് 31,000 കോടി രൂപയായി വളർന്നിരിക്കുകയാണ്. അതുണ്ടാകാനുള്ള പ്രധാന കാരണം, 1997-98 മുതൽ മൊത്തം പദ്ധതിച്ചെലവും കടം വാങ്ങിക്കൊണ്ടാണ് നടത്തിവരുന്നത് എന്നതാണ്. അപ്പോൾ പദ്ധതിക്കാവശ്യമായ തുക മുഴുവൻ കടം വാങ്ങുകയാണെങ്കിൽ, സ്വാഭാവികമായും നമ്മുടെ മൊത്തം കടം വർദ്ധിക്കാതിരിക്കാൻ യാതൊരു നിർവ്വാഹവുമില്ല. ഈ കാലയളവിലെ പദ്ധതിച്ചെലവ് ഏതാണ്ട് 18,545 കോടി രൂപയാണ്. ആ സമയത്തെ പൊതുക്കടം ഏതാണ്ട് 20,861 കോടി രൂപയായി വർദ്ധിക്കുകയും ചെയ്തു. കഴിഞ്ഞകാലത്തെ ഗവൺമെന്റ് 1996-2001 വരെ പദ്ധതിച്ചെലവിന്റെ 15 മുതൽ 20% വരെ ടി.പി. അക്കൗണ്ടിൽ transfer of credit നടത്തിയിരിക്കുകയായിരുന്നു. വെറും കടലാസ് ചെലവുകളായിട്ടുമാത്രമാണ് ആ ഗവൺമെന്റ് ഇങ്ങനെ ചെയ്തുപോന്നത്. യഥാർത്ഥ പദ്ധതിച്ചെലവായിട്ട് കണക്കുകൂട്ടും; പക്ഷേ ടി.പി. അക്കൗണ്ടിലേക്ക് മാറ്റുന്നതുകൊണ്ട് ആ പദ്ധതികൾ കടലാസിൽ മാത്രം നിലനിൽക്കുന്ന ഒരവസ്ഥയിലാണ് അവർ മുന്നോട്ടുപോയത്. യാഥാർത്ഥ്യം പറയുകയാണെങ്കിൽ ഇത് ജനങ്ങളെ കബളിപ്പിക്കുക മാത്രമല്ലേ ചെയ്തിരുന്നതെന്ന് നിങ്ങളൊന്ന് ചിന്തിക്കണം. പബ്ലിക് അക്കൗണ്ടിലെ debit 1996-ൽ 670 കോടി രൂപയാണെങ്കിൽ, നിങ്ങൾ ഇറങ്ങിയപ്പോൾ അത് 2870 കോടി രൂപയായി ഉയരുകയുണ്ടായി. പക്ഷേ 2003-2004-ൽ ഈ ഗവൺമെന്റിന് അത് 2870 കോടിയിൽ നിന്നും 1279 കോടി രൂപയാക്കി കുറയ്ക്കാൻ സാധിച്ചു. 1990-91-ൽ എൽ.ഡി.എഫ്. ഭരിച്ചിരുന്ന കാലത്ത് 424 കോടി രൂപ റവന്യൂ കമ്മിയുണ്ടായിരുന്നത് ഞങ്ങൾ ഭരിച്ച 1995-96 ആയപ്പോൾ 402 കോടി രൂപയായി കുറഞ്ഞു വന്നു. 1999-2000-ൽ എൽ.ഡി.എഫ്. ഇറങ്ങിപ്പോകുമ്പോൾ 3622 കോടി രൂപയായി റവന്യൂ കമ്മി ഉയരുകയാണുണ്ടായത്. ആ 3622 കോടി രൂപ, 2001-02-ൽ, യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 2606 കോടി രൂപയായി കുറയുകയാണുണ്ടായത്. നിർഭാഗ്യവശാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ റവന്യൂ കമ്മി 4119 കോടി രൂപയായി വർദ്ധിച്ചു. ഇതിനുള്ള പ്രധാനപ്പെട്ട കാരണം കെ.എസ്.ഇ.ബി.-ക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും കൊടുത്തു തീർക്കാനുള്ള കടം (1158 കോടി രൂപ) കൊടുത്തു തീർത്തതാണ്. കെ.എസ്.ഇ.ബി.-ക്ക് സബ്സിഡിയായി 556 കോടി രൂപ കൊടുത്തു തീർത്തു. ജീവനക്കാരുടെ പത്തു മാസത്തെ പെൻഷൻ കുടിശ്ശിക 1000 കോടി രൂപ കൊടുത്തു തീർത്തു. എൽ.ഡി.എഫ്.-ന്റെ കാലത്ത് 1997-ലെ ശമ്പള കുടിശ്ശിക 800 കോടി രൂപ കഴിഞ്ഞ ഒക്ടോബർ മാസം മുതൽ കൊടുത്തുതുടങ്ങി. അതു കൂടാതെ ഏതാണ്ട് 17 ശതമാനം ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചു. ഇതിനുശേഷവും റവന്യൂ കമ്മി ഏതാണ്ട് 3676 കോടി രൂപയായി പിടിച്ചു നിർത്താൻ സാധിച്ചു. 2003-04 ലെ റവന്യൂ കമ്മി 2004-05-ലേതിനെക്കാൾ 1301 കോടി രൂപ കുറവായിരുന്നു. ഈ വർഷം നിർഭാഗ്യവശാൽ അതു വീണ്ടും 4707 കോടി രൂപയായി കൂടുകയാണുണ്ടായത്. കഴിഞ്ഞ വർഷത്തെ പദ്ധതി അടങ്കൽ എന്നു പറയുന്നത് 3550 കോടി രൂപയാണ്. 2004-05-ലെ പദ്ധതി അടങ്കൽ 4800 കോടി രൂപയാണ്. ഈ രൂപ മുഴുവൻ കടമെടുത്താണ് നമ്മൾ ചെലവാക്കിക്കൊണ്ടിരിക്കുന്നത്. റവന്യൂ കമ്മി ഈ കാലഘട്ടത്തിൽ ഏതാണ്ട് 3000 കോടി രൂപയാണ് വരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കാനുള്ള ഏതാണ്ട് 1350 കോടി രൂപ ഇതിലുൾപ്പെടുന്നു. 2003-04-ൽ ജീവനക്കാരുടെ ശമ്പളം മാത്രം 4697 കോടി രൂപയാണ്. 2004-05-ൽ ഈ കടം 5878 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. ഫലത്തിൽ ഈ വർദ്ധനവുകൊണ്ടാണ് ഇന്നത്തെ സാമ്പത്തികസ്ഥിതി ഇത്ര ബുദ്ധിമുട്ടുള്ള കാര്യമായി വന്നു ഭവിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: അങ്ങു പറയുന്ന കണക്കുകളെല്ലാം പരിശോധിച്ചാൽ കാണാൻ കഴിയുന്ന ഗൗരവതരമായ കാര്യം കേരളത്തിൽ കടം പെരുകുന്നു എന്നുള്ളതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കടം മുഴുവൻ കേരളത്തിനുണ്ടാക്കിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണെന്നും അതുകൊണ്ട് ഒരു ധവളപത്രത്തിൽക്കൂടി ഇതു ജനങ്ങളെ അറിയിക്കുമെന്നുമാണ് പറഞ്ഞത്. അപ്പോൾ കടത്തിനുത്തരവാദി ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ്. ഇപ്പോൾ രണ്ട് വർഷംകൊണ്ട് 12,000 കോടി രൂപയിലധികം നിങ്ങൾ കടമുണ്ടാക്കി. ഈ കണക്കിനു പോകുകയാണെങ്കിൽ ഈ ഗവൺമെന്റ് കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് കേരളത്തിന്റെ കടം 50,000 കോടി രൂപയായി മാറുമെന്നാണ് ധനകാര്യ വിദഗ്ദ്ധന്മാർ പറയുന്നത്. കടം പെരുപ്പിക്കുന്ന ഈ ഗവൺമെന്റിന്റെ നയം തിരുത്തിക്കാൻവേണ്ടി എന്തെങ്കിലും പുതിയ ഒരു നയം പ്രഖ്യാപിക്കാൻ ഈ ഗവൺമെന്റിനെക്കൊണ്ടു സാധിക്കുമോ? ധവളപത്രം പിൻവലിപ്പിക്കാൻ പറയുമോ?

ശ്രീ. ജോർജ് ജെ. മാത്യു: കഴിഞ്ഞ കാലത്ത് ധനപരമായ കാര്യങ്ങളിൽ നിങ്ങൾ കാണിച്ച കുറ്റകരമായ അനാസ്ഥയെക്കുറിച്ചാണ് ധവളപത്രത്തിൽ പറഞ്ഞിരിക്കുന്നത്. കഴിഞ്ഞ കാലത്തെ നിങ്ങളുടെ പ്രവർത്തനങ്ങൾകൊണ്ടാണ് ഈ സംഭവങ്ങൾ മുഴുവനും ഉണ്ടായത്. ജീവനക്കാരുടെ 17 ശതമാനം ക്ഷാമബത്ത, അതുപോലെ അവർക്കു കൊടുത്തു തീർക്കാനുണ്ടായിരുന്ന കുടിശ്ശിക, നിങ്ങൾ പ്രഖ്യാപിച്ച ശമ്പളത്തിൽത്തന്നെ ഏതാണ്ട് 800 കോടിയോളം രൂപ കൊടുത്തു തീർക്കണമായിരുന്നു. നിങ്ങൾ ഈ പ്രഖ്യാപനങ്ങളെല്ലാം നടത്തും. നിങ്ങൾ നടത്തുന്ന ഈ പ്രഖ്യാപനങ്ങളെല്ലാം ചുമക്കേണ്ട ഗതികേടാണ് ഞങ്ങൾക്കുണ്ടാവുക. അതുകൊണ്ടു വരുന്ന ദൂഷിതഫലങ്ങൾ നമ്മളെല്ലാവരുംകൂടി അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ ധനക്കമ്മി എന്നു പറയുന്നത് മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 2 ശതമാനമായി 2007 ആകുമ്പോൾ കുറയ്ക്കണമെന്ന് നിയമം പാസ്സാക്കിയിരിക്കുകയാണ്. സ്വാഭാവികമായും നിങ്ങളാണ് അന്നു ഭരിക്കുന്നതെങ്കിൽ നിങ്ങൾക്കു വേണമെങ്കിൽ ഒരു അമെന്റുമെന്റു കൊണ്ടുവരാം. അങ്ങനെയുള്ള ഒരു ഡയറക്ഷനിലേക്കു നമ്മൾ പോയിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം ഒരു സുപ്രധാനമായ പദ്ധതിയെക്കുറിച്ച് ഇവിടെ പറഞ്ഞു. എക്സ്പ്രസ്സ് ഹൈവേയുടെ കാര്യം വന്നപ്പോൾ ശ്രീ. എം. കെ. മുനീർ നമ്മളെയെല്ലാം വിളിച്ചിരുത്തി ഒരു ക്ലാസ്സെടുത്തു കൊണ്ട്— ഇങ്ങനെയാണ് കാര്യങ്ങൾ നടക്കാൻ പോകുന്നതെന്നു പറയുകയുണ്ടായി. എന്റെ അഭിപ്രായം ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയും ഇക്കാര്യത്തിൽ നമുക്കെല്ലാം ഒരു ക്ലാസ്സ് നൽകണം എന്നാണ്. ഡോ. തോമസ് ഐസക്കും അവിടെ ഇരിപ്പുണ്ട്. അദ്ദേഹത്തിന്റെ ക്ലാസ്സും കേൾക്കാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. ഇതിനെന്താണ് ഒരു പോംവഴി? നിങ്ങളുടെ ഭാഗത്തു നിന്നായാലും ഞങ്ങളുടെ ഭാഗത്തു നിന്നായാലും ഒരു പോംവഴി നമ്മൾ കണ്ടുപിടിക്കണം. ഞാൻ വലിയ സാമ്പത്തിക വിദഗ്ദ്ധനൊന്നുമല്ല. പക്ഷേ കണക്കുകൾ വായിച്ചു മനസ്സിലാക്കാനുള്ള കഴിവുണ്ട്. ശ്രീ. എം. വി. ജയരാജൻ പറഞ്ഞ കാര്യത്തിൽ എനിക്കും ആശങ്കയുണ്ട്—ഇല്ലെന്നു ഞാൻ പറയുന്നില്ല. പക്ഷേ നിങ്ങൾ ഒരു കാര്യം ഓർക്കണം—നിങ്ങൾ ഈ അബദ്ധങ്ങളിലെല്ലാം ചെന്നു ചാടിയിട്ട്, അവർ പറയുന്ന കാര്യങ്ങൾക്കെല്ലാം കൂട്ടു നിന്നിട്ട് അതു നടപ്പാക്കാനുള്ള കാര്യം വരുമ്പോൾ നിങ്ങൾ സമരവുമായി മുന്നോട്ടു വരും. നമുക്ക് ജനങ്ങളോട് ഒരു ബാദ്ധ്യതയുണ്ട്— കുറച്ചാളുകളുടെ കാര്യം മാത്രമല്ല നോക്കാനുള്ളത്, മറിച്ച് കേരളത്തിലെ മൊത്തം ജനങ്ങളുടെ കാര്യങ്ങൾ നോക്കാനുള്ള കടമ നമുക്കുണ്ട്. ഈയിടെ വെസ്റ്റ് ബംഗാൾ

മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യ വളരെ വ്യക്തമായി ഒരു കാര്യം പറഞ്ഞതായി പത്രത്തിൽ വാർത്ത വരികയുണ്ടായി. അദ്ദേഹം പറഞ്ഞത് എ.ഡി.ബി.-യുടെ കാര്യത്തിൽ കേരളത്തിന്റെ എതിർപ്പിനുള്ള കാരണം അറിയില്ലെന്നാണ്. അദ്ദേഹം അദ്ദേഹത്തിന്റെ സംസ്ഥാനത്തിനുവേണ്ടി വാങ്ങാവുന്ന പണം മുഴുവൻ ലോകബാങ്കിനോടും എ.ഡി.ബി.-യോടും ഫ്രാൻസ്, ബ്രിട്ടൻ തുടങ്ങിയ രാജ്യങ്ങളോടും വാങ്ങിച്ച് അവിടെ വികസന പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. നാം വാങ്ങുന്ന കടങ്ങളെല്ലാം പ്രൊഡക്ടീവായിട്ടുള്ള കാര്യങ്ങൾക്കുവേണ്ടിയാണ് ഉപയോഗിക്കേണ്ടത്. നമ്മളിപ്പോൾ ഉപയോഗിച്ചു വരുന്നത്, ശമ്പളം കൊടുക്കാനും കൂടുതൽ തസ്തികകൾ സൃഷ്ടിക്കാനും വേണ്ടിയാണ്. അങ്ങനെ വരുമ്പോൾ നമ്മുടെ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടനുഭവപ്പെടും. പ്രൊഡക്ടീവായ കാര്യങ്ങൾക്കുവേണ്ടി; സാമ്പത്തിക നേട്ടം ഉണ്ടാക്കുന്ന കാര്യങ്ങൾക്കുവേണ്ടിയായിരിക്കണം നാം കടമെടുത്തു മുന്നോട്ടു പോകേണ്ടത്. കടമെടുക്കുന്നതിൽ തെറ്റില്ല, കാരണം പദ്ധതിച്ചെലവു മുഴുവൻ, പ്രത്യേകിച്ചും 1997-98 കഴിഞ്ഞ് മുഴുവൻ തുകയും കടമെടുത്താണ് നമ്മൾ ചെലവാക്കുന്നത്. നമ്മുടെ plan size ഓരോ വർഷവും വർദ്ധിക്കുകയാണ്. കടം എടുക്കുന്നത് 4800 കോടി രൂപയായി വർദ്ധിച്ചു കഴിയുമ്പോൾ, അതിനുള്ള പണമില്ലെങ്കിൽ നമുക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഇന്നത്തെ സാഹചര്യത്തിൽ നിങ്ങൾക്കുതന്നെ അറിയാം, കേന്ദ്ര സർക്കാരിന്റെ പദ്ധതികൾ, പോളിസികൾ, അതിനോടു നിങ്ങൾ യോജിക്കുകയാണ് ചെയ്തിരിക്കുന്നത്. കേന്ദ്രത്തിൽ കോൺഗ്രസ്സ് സർക്കാരിനു പിന്തുണ സി.പി.എം. പ്രഖ്യാപിച്ചിരിക്കുകയാണ്. ഞങ്ങളുടെ സർക്കാർ കേന്ദ്രത്തിൽ ഉണ്ടാകാൻ പോകുന്നു എന്ന് നിങ്ങൾക്കുതന്നെ ഉറപ്പുണ്ട്.

<u>ശ്രീ. പി.സി. ജോർജ്:</u> അത് ഉണ്ടാകില്ല.

<u>ശ്രീ. ജോർജ് ജെ. മാത്യു:</u> ഉണ്ടാകില്ലെന്നു പറയല്ലേ ജോർജേ. നിങ്ങൾ ആ സർക്കാരിനു പിന്തുണ പ്രഖ്യാപിക്കാൻ പോകുകയാണ്. അതിനകത്തു നിങ്ങൾ പ്രവേശിക്കണമോ വേണ്ടയോ എന്നുള്ള കാര്യം തീരുമാനിച്ചില്ല എന്നാണ് പറയുന്നത്. ഏതായാലും കഴിഞ്ഞ പ്രാവശ്യത്തെ ചരിത്രപരമായ വിഡ്ഢിത്തം ഇപ്രാവശ്യം നിങ്ങൾ കാണിക്കരുത്. ശ്രീ. ജ്യോതിബാസുവിന് പ്രധാനമന്ത്രിയാകാം എന്നുള്ള സാഹചര്യം വന്നപ്പോൾ നിങ്ങൾ അതു നിഷേധിച്ചു പുറത്തേക്കു പോയി. ഏതായാലും അന്നത്തെ ആ വിഡ്ഢിത്തം ഇന്നു നിങ്ങൾ കാണിക്കില്ല എന്ന കാര്യത്തിൽ ആർക്കും ഒരു സംശയവുമില്ല. നിങ്ങളും ഞങ്ങളുടെ കൂട്ടത്തിൽ ചേരുമെന്ന കാര്യത്തിൽ ആർക്കും ഒരു സംശയവുമില്ല. അങ്ങനെയൊരു സാഹചര്യം ഉണ്ടാകുകയാണെങ്കിൽ നമുക്കെല്ലാവർക്കും കൂടി ഒത്തുചേർന്ന് എന്താണ് നമ്മുടെ പ്രയാസങ്ങൾ, എന്താണ് ന്യൂനതകൾ ഇതൊക്കെ പഠിച്ച് പരിഹാരം കണ്ടെത്താൻ ഒരു പദ്ധതിയുമായി മുന്നോട്ടുപോകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഇന്ന് നമുക്ക് ഒരു പ്രധാനപ്പെട്ട ചെലവ് വന്നിരിക്കുന്നത്; കെ.എസ്.ഇ.ബി.-ക്ക് 1158 കോടി രൂപ കൊടുക്കാനുള്ള ഒരു സാഹചര്യമുണ്ടായിരിക്കുകയാണ്. അതിനുവേണ്ടി power bonds ഇറക്കിയിരിക്കുകയാണ്—എട്ട് ശതമാനത്തിലുള്ള power bonds ഇറക്കിയിരിക്കുകയാണ്. നമ്മുടെ മൊത്തം കടത്തിൽ—നമ്മൾ എടുക്കുന്ന ഈ തുകയും അതിൽ ഉൾപ്പെടുമെന്ന് മനസ്സിലാക്കണം. അപ്പോൾ സ്വാഭാവികമായും ഇന്നത്തെ നില തുടരുകയാണെങ്കിൽ ഭാവിയിൽ നമുക്ക് ബുദ്ധിമുട്ടുണ്ടാകുമെന്ന് നമ്മൾ എല്ലാപേരും സമ്മതിക്കുന്നു. അതിനൊരു പരിഹാര മാർഗ്ഗം എങ്ങനെയാണ് കാണേണ്ടത്?

11.00 A.M.]

LIBRARY ARCHIVES Kerala Legislative Assembly

നമ്മളെല്ലാപേരുംകൂടി ചേർന്ന്, അതിനെന്ത്, ഏതു മാർഗ്ഗമാണ് സ്വീകരിക്കേണ്ടതെന്നുള്ള കാര്യത്തിൽ, യോജിച്ച ഒരു തീരുമാനത്തിലെത്തണം. ഇന്നു നിങ്ങൾ സ്വീകരിക്കുന്ന സമീപനം എന്താണെന്നു വച്ചാൽ—എല്ലാ കാര്യങ്ങളേയും നിങ്ങൾ എതിർക്കുകയാണ്. ഏതു കാര്യം പറഞ്ഞാലും അതിനെ എതിർക്കുകയാണ്. നിങ്ങൾക്ക് എതിർപ്പ് മാത്രമേ പറയുവാനുള്ളൂ. നമ്മുടെ പാർലമെന്ററി സമ്പ്രദായത്തിൽ ഒരു ഭാഗം അനുകൂലിക്കുമ്പോൾ മറ്റേഭാഗം എതിർക്കണമെന്നുള്ള നിലപാട് സ്വീകരിക്കുന്നത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. തീർച്ചയായിട്ടും അതിനൊരു മാറ്റം വരണം. നമ്മൾ നല്ല കാര്യങ്ങൾ നടത്തുകയാണെങ്കിൽ അത് നല്ലതെന്ന് പറയണം. നമ്മുടെ ഇടയിൽ ചർച്ചകളും സെമിനാറുകളും ധാരാളം ഉണ്ടാകണം. ആ ചർച്ചകളിലും സെമിനാറുകളിലും വരുന്ന കാര്യങ്ങളിൽ ഏതാണ് നല്ലത് ഏതാണ് മോശമെന്നുള്ളത് വിലയിരുത്തണം. അല്ലാതെ ഡോ. തോമസ് ഐസക് ഒരു കാര്യം പറയുകയാണെങ്കിൽ അതെല്ലാം തെറ്റ്, ഇപ്പുറത്തുനിന്ന് ധനകാര്യ വകുപ്പുമന്ത്രി എണീറ്റ് ഒരു കാര്യം പറയുകയാണെങ്കിൽ അത് ശരി എന്നുപറയുന്ന ആ ഒരു നയം തീർച്ചയായിട്ടും നന്നല്ല. നമ്മുടെ ഇടയിൽ പല കാര്യങ്ങളിലും പ്രത്യേകിച്ച് ജനകീയാസൂത്രണത്തിന്റെ കാര്യത്തിൽ ഒരുപാട് വിവാദങ്ങൾ വന്നിട്ടുണ്ട്. ഡോ. തോമസ് ഐസക് ഇരിക്കുന്നതുകൊണ്ട് ഞാൻ അതിലോട്ട് കടക്കുന്നില്ല. ഇപ്പോൾ ഇവിടെ നാലാംചേരി പരിപാടികൾ വന്നിട്ടുണ്ട്. 2004 ജനുവരി മാസം 22-ാം തീയതി തിങ്കളാഴ്ചത്തെ പത്രത്തിൽ വന്നതാണ്—വിദേശ പണം—സി.പി.എം.—ചർച്ച ചൂടുപിടിക്കുന്നു. നാലാംചേരി, അഞ്ചാംചേരി, ആറാംചേരി എന്നൊക്കെ പറയുന്നു. കാരണം, ഗ്ലാസ്നോസ്റ്റും പെരിസ്ത്രോയിക്കയും പോലുള്ള പ്രത്യേക വാക്കുകൾ ഉപയോഗിക്കുകയാണെങ്കിൽ—അത് റഷ്യയിൽ ചെന്നാൽ മാത്രമേ എനിക്ക് മനസ്സിലാകുകയുള്ളൂ എന്നു പറയും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ഇവിടെ പി. സി. ജോർജ് നാലാംചേരി അല്ല, അഞ്ചാം പത്തിയാണ്. അതാണ് പ്രശ്നം.

<u>ശ്രീ. പി. സി. ജോർജ്:</u> ഗ്ലാസ്സ്നോസ്റ്റിനേയും പെരിസ്ത്രോയിക്കയേയുംകുറിച്ച് പറഞ്ഞല്ലോ 1971-ൽ അങ്ങുകൂടി കേരളാ കോൺഗ്രസ്സിൽ ഉള്ള കാലത്ത് ശ്രീ. കെ.എം. മാണി അവതരിപ്പിച്ച പ്രമേയം കണ്ടാണ് ഗോർബച്ചേവ് ഇതുകൊണ്ടുവന്നതെന്നു പറഞ്ഞ് നമ്മളെല്ലാപേരുംകൂടി പ്രസംഗിച്ച് നടന്നത് ഓർക്കുന്നുണ്ടോ?

<u>ശ്രീ. ജോർജ് ജെ. മാത്യു:</u> അതുകൊണ്ടാണല്ലോ ഞങ്ങൾ ഇപ്പുറത്തിരിക്കുന്നത്. നമ്മൾ കാര്യങ്ങൾ മനസ്സിലാക്കിയതുകൊണ്ടു തന്നെയാണ് ഇപ്പുറത്ത് ഇരിക്കുന്നത്. ഏതായാലും ഈ ഗവൺമെന്റിന്റെ നേട്ടങ്ങൾ കണക്കിലെടുത്തുകൊണ്ട്, ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ഞാൻ അനുകൂലിക്കുകയാണ്.

<u>ശ്രീ. സി. ടി. അഹമ്മദ് അലി:</u> സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർഥനകളെ ഞാൻ പിൻതാങ്ങുകയാണ്. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്ന ആ ഘട്ടം വാസ്തവത്തിൽ സംസ്ഥാനത്തെ സാമ്പത്തിക നില ഏറ്റവും പ്രതിസന്ധി നിറഞ്ഞ ഒരു കാലഘട്ടമായിരുന്നു. ആ നില തരണം ചെയ്തുകൊണ്ട് ഏറ്റവും നല്ല ധനകാര്യ മാനേജുമെന്റിന്റെ ഫലമായി ഇന്ന് സാമ്പത്തികനിലമെച്ചപ്പെടാനുള്ള സാഹചര്യമുണ്ടായി. ഇന്ന് ആ സാമ്പത്തിക പ്രതിസന്ധി പരിഹരിച്ചുകൊണ്ട് പുതിയ പുതിയ പദ്ധതികളുമായി ഈ ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. അങ്ങനെയുള്ള ഈ ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും ധനകാര്യ വകുപ്പുമന്ത്രിയേയും ഞാൻ ഈ സന്ദർഭത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അഭിനന്ദിക്കുകയാണ്. നടപ്പു സാമ്പത്തിക വർഷം, ഡിസംബർ 31-വരെ വിൽപ്പന നികുതിയിൽ റിക്കാർഡ് വർദ്ധനവാണുണ്ടായിട്ടുള്ളത്. ഏതാണ്ട് 370 കോടി രൂപ ഡിസംബർ 31 വരെ ഈ ഗവൺമെന്റ് പിരിച്ചെടുക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ വികസനത്തിൽ ഏറ്റവും പ്രധാനമായ ഒരു ഘടകമാണ് പൊതുമരാമത്ത് വകുപ്പ്. ഇന്ന് പി.ഡബ്ല്യു.ഡി-ക്ക് നിശ്ചയിച്ചിട്ടുള്ള തുക വളരെ അപര്യാപ്തമാണ്. അത് ഗവൺമെന്റ് പുനഃപരിശോധി ക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത്. നമ്മുടെ വികസനത്തിൽ ഏറ്റവുമധികം ഊന്നൽ നൽകുന്നത് റോഡുകൾക്കും പാലങ്ങൾക്കും കെട്ടിടങ്ങൾക്കുമാണ്. പൊതുമരാമത്തുവകുപ്പിന്റെ പുതിയ പുതിയ പദ്ധതികൾ നടപ്പാക്കിയതിന്റെ ഫലമായി ഇപ്പോൾ കേരളത്തിൽ മനോഹരമായ റോഡുകളും മനോഹരമായ കെട്ടിടങ്ങളും ഉണ്ട്. അത് ഇപ്പോൾ എല്ലാപേരുടേയും പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്. അതിന് ഞാൻ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയേയും അതുപോലെ ഈ ഗവൺമെന്റിനേയും അഭിനന്ദിക്കുകയാണ്. കക്ഷി രാഷ്ട്രീയത്തിന തീതമായി കേരളത്തിലെ മുഴുവൻ ആളുകളും കേരളത്തിലെ റോഡ് വികസന കാര്യങ്ങളെ പ്രശംസിക്കുകയാണ്. വ്യവസായ വകുപ്പിനേയും അതേ രീതിയിൽ വികസിപ്പിച്ചുകൊണ്ടു വരികയാണ്. ആ രംഗത്തും ഏറ്റവും വലിയ മുന്നേറ്റമുണ്ടായി. അതിന് യാതൊരു തർക്കവുമില്ല. ഞാൻ ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്ന ഒരു കാര്യം പൊതുമരാമത്ത് വകുപ്പിന്റെ പി.ഡബ്ല്യു.ഡി. നിരക്ക് ഇടയ്ക്കിടെ വർദ്ധിക്കുകയാണ്. നമ്മുടെ വിലവർദ്ധനവിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിലെ റേറ്റുകൾ പുതുക്കുമ്പോൾ സ്വാഭാവികമായും എസ്റ്റിമേറ്റ് തുകകൾ ഗണ്യമായി വർദ്ധിക്കുന്നുണ്ട്, പക്ഷെ അതനുസരിച്ച് ഒരിക്കലും നമ്മുടെ ധനകാര്യ വകുപ്പിൽ നിന്നും ഫണ്ടുകൾ വർദ്ധിപ്പിക്കുന്നില്ല. നബാർഡ്, എ.ഡി.ബി. പോലുള്ള ധനകാര്യ ഏജൻസികളിൽനിന്നും വായ്പയെടുത്താണ് റേജർ വർക്കുകൾ നടത്തുന്നത്. അതൊക്കെ തിരിച്ചടയ്ക്കാൻ ഓരോ വർഷവും ഭീമമായ തുക വേണ്ടിവരും. ഓരോ വർഷവും ചെലവിനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകുമ്പോൾ നമ്മുടെ ധനകാര്യ വകുപ്പ് അതിനാവശ്യമായ തുക നീക്കിവയ്ക്കുന്നില്ല. ചെലവഴിക്കാൻ അനുവദിക്കുന്ന തുക കുറഞ്ഞുവരികയാണ്. വർക്കുകൾ തീർക്കുന്നതിനാവശ്യമായ വർദ്ധനവ് അനുവദിക്കുന്ന തുകയിൽ ഉണ്ടാകണം. അതുപോലെ തിരുവനന്തപുരം മുതൽ കാസർഗോഡ് തലപ്പാടി വരെയുള്ള നാഷണൽ ഹൈവേ റോഡുകൾ നാലുവരിയായി വികസിപ്പിക്കണമെന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. എക്സ്പ്രസ് ഹൈവേയുടെ പ്രവർത്തനമാരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഇപ്പോൾ സിറ്റികളിൽ തിക്കും തിരക്കുമാണ്. ഇപ്പോൾ കൊച്ചിയിലും കോഴിക്കോട്ടും സിറ്റികളിൽ ഗതാഗതക്കുരുക്കു കാരണം രണ്ടും മൂന്നും മണിക്കൂറുകൾ കാത്തുനിൽക്കേണ്ട ഒരു സ്ഥിതിയുണ്ട്. ഈ പ്രദേശങ്ങളിൽ യാത്രക്കാർ വളരെയേറെ വിഷമിക്കുകയാണ്. അതുകൊണ്ട് അവിടെയൊക്കെ ഫ്ളൈഓവറുകൾ സ്ഥാപിച്ചുകൊണ്ട് അവിടത്തെ യാത്രാക്ലേശം പരിഹരിക്കാനാവശ്യമായ നടപടികളുണ്ടാകണം. മലയോര ഹൈവേയുടെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കാനാവശ്യമായ നടപടികളുണ്ടാകണം. മലയോര വികസന അതോറിറ്റി യാഥാർത്ഥ്യമാക്കണം. സംസ്ഥാനത്തെ ഒ.ഡി.ആർ. റോഡുകൾ മുഴുവൻ എം.ഡി.ആർ. ആക്കി വികസിപ്പിക്കണം. നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ ഒ.ഡി.ആർ. റോഡുകൾമൂലം യാത്രക്കാർ വളരെയേറെ ബുദ്ധിമുട്ടുകയാണ്. അതുകൊണ്ട് നമ്മുടെ ഈ റോഡുകൾ വികസിപ്പിച്ചാൽ മാത്രമേ നമ്മുടെ നാട് വികസിക്കുകയുള്ളൂ. അതുകൊണ്ട് ഈ കാര്യങ്ങളിൽ ആവശ്യമായ നടപടികളുണ്ടാകണം. പഴയ കെട്ടിടങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുന്ന മുഴുവൻ താലൂക്കാഫീസുകൾക്കും മിനി സിവിൽ സ്റ്റേഷൻ നിർമ്മിച്ച് ഭരണ കേന്ദ്രമായ താലൂക്കാഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനാവശ്യമായ നടപടികളുണ്ടാകണം. കരാർകാരുടെ കുടിശ്ശിക കൊടുത്തു തീർക്കണം. ഇപ്പോൾ ടെന്ററിന്റെ റേറ്റ് വളരെ കുറഞ്ഞു വരികയാണ്. കരാറുകാരുടെ കുടിശ്ശിക മുഴുവൻ കൊടുത്തുതീർത്താൽ കരാറുകാർ വളരെ ചെറിയ റേറ്റിന് ടെന്റർ എടുക്കാൻ തയ്യാറാകും. അതുകൊണ്ട് ഗവൺമെന്റിന് വളരെ ലാഭമുണ്ടാകും. അതുകൊണ്ട് കരാർകാരുടെ കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കണ്ണൂർ, കാസർഗോഡ് മേഖലകളിലേക്കുള്ള കണ്ണൂർ വിമാനത്താവളം ചിരകാലാഭിലാഷമാണ്. അതിനാവശ്യമായ ഭൂമി ഏറ്റെടുക്കാനും അതുപോലെതന്നെ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ട് കണ്ണൂർ വിമാനത്താവളം എത്രയും വേഗത്തിൽ യാഥാർത്ഥ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കേരളത്തിൽ ഇത്രയേറെ രൂക്ഷമായ വരൾച്ച അടുത്തകാലത്തെങ്ങും ഉണ്ടായിട്ടില്ല. ഇതിനെ യുദ്ധകാലാടിസ്ഥാനത്തിൽ നേരിട്ടുകൊണ്ട് മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം എത്തിക്കുവാനും ഉള്ള പൈപ്പുകൾ നീട്ടാനുമുള്ള നടപടികൾ സ്വീകരിക്കണം. പുതിയ കിണറുകളും കുഴൽ കിണറുകളും കുളങ്ങളുമൊക്കെ കുഴിച്ച് കൃഷിക്ക് വെള്ളം എത്തിക്കുന്നതിന് ആവശ്യമായ നടപടി ഉണ്ടാകണം. കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാൻ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ആവശ്യമായ നടപടി സ്വീകരിക്കണം. ഇനി മൂന്നുനാലു മാസംകൊണ്ട് കേരളം വറ്റിവരണ്ടുപോകും. അത് മുന്നിൽകണ്ടുകൊണ്ട് കാര്യങ്ങൾ കാലേകൂട്ടി നടപ്പിലാക്കാനുള്ള നടപടി ഉണ്ടാകണം. രണ്ടാഴ്ച മുമ്പ് കാസർഗോഡ് നിയോജകമണ്ഡലത്തിലെ ഏരിയാലിലും ഉഴിയർതടുക്കയിലുമുണ്ടായ സംഘട്ടനങ്ങൾ ഗവൺമെന്റിന്റെ പെട്ടെന്നുള്ള ഇടപെടൽ കാരണം അവസാനിപ്പിക്കാൻ കഴിഞ്ഞു. അതിന് മുൻകൈയെടുത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും ഗവൺമെന്റിനേയും ഞാൻ അഭിനന്ദിക്കുകയാണ്. സംഘട്ടനങ്ങളിൽ ഒട്ടേറെ പാവങ്ങളുടെ വീടുകളും കടകളും നശിച്ചു. ഒട്ടേറെ വാഹനങ്ങൾ കത്തിനശിച്ചു. അഡീഷണൽ എസ്.ഐ.-യുടെ കാഴ്ച നഷ്ടപ്പെട്ട് ചികിത്സയിലാണ്. പരിക്കു പറ്റിയവർക്ക് ചികിത്സാ സഹായങ്ങളും, വീടുകളും കടകളും വാഹനങ്ങളും നശിച്ചവർക്ക് ആവശ്യമായ സാമ്പത്തിക സഹായവും നൽകാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. വിദഗ്ദ്ധ ചികിത്സ നൽകി അഡീഷണൽ എസ്.ഐ.-യുടെ കണ്ണിന്റെ കാഴ്ച വീണ്ടെടുക്കാൻ എല്ലാവിധ സഹായങ്ങളും ചെയ്യണം. പുതിയ താലൂക്കുകൾ, പുതിയ റവന്യൂ ഡിവിഷനുകൾ, പുതിയ വില്ലേജുകൾ, പുതിയ നഗരസഭ, പുതിയ ടൗൺ പഞ്ചായത്തുകൾ, പുതിയ പഞ്ചായത്തുകൾ എന്നിവ അനുവദിക്കുന്നതിന് വളരെ വർഷങ്ങളോളമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ജനബാഹുല്യം കൂടുമ്പോൾ ഈ സ്ഥാപനങ്ങളെല്ലാം പുനർവിഭജനം നടത്തി ഭരണം കുറേക്കൂടി കാര്യക്ഷമമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. കേന്ദ്ര ഗവൺമെന്റിന്റെ റയിൽവേ ബഡ്ജറ്റിൽ കേരളത്തെ അവഗണിച്ചിരിക്കുകയാണ്. ഒരു തീവണ്ടി മാത്രമാണ് കേരളത്തിന് അനുവദിച്ചിരിക്കുന്നത്. അത് എന്ന് സർവ്വീസ് ആരംഭിക്കുമെന്ന് കൃത്യമായി പറഞ്ഞിട്ടില്ല. റയിൽവേ ബഡ്ജറ്റിൽ ഇത്രയേറെ കേരളത്തെ അവഗണിച്ച കാലഘട്ടം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. ഇതിനെതിരെ സംസ്ഥാന ഗവൺമെന്റ് ശക്തമായ പ്രതിഷേധം അറിയിക്കുകയും അതോടൊപ്പം കേരളത്തിന് പുതിയ തീവണ്ടികളും മറ്റു റെയിൽവേ വികസന പ്രവർത്തനങ്ങൾക്കും ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. എന്റെ നിയോജകമണ്ഡലം വ്യാവസായികമായി

LIBRARY ARCHIVES Kerala Legislative Assembly

വളരെ പിന്നോക്കം നിൽക്കുകയാണ്. വളരെ വർഷങ്ങളോളമായി അവിടെ പ്രവർത്തിക്കുന്ന ആസ്ട്രൽ വാച്ചസ് ലിമിറ്റഡ് എന്ന സ്ഥാപനം പ്രതിസന്ധിയിലാണ്. ആസ്ട്രൽ വാച്ചസ്, കെൽ എന്നീ സ്ഥാപനങ്ങളുടെ വികസനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. കവുങ്ങ് കൃഷിക്കാരോട് ഏറ്റവുമധികം അനുഭാവം കാണിച്ച കൃഷി വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. ഏറ്റവുമധികം നഷ്ടത്തിൽ പോകുന്ന ഒരു കൃഷിയാണ് കവുങ്ങ് കൃഷി. കഴിഞ്ഞ വർഷം 10 കോടി രൂപ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും പ്രത്യേക താല്പര്യമെടുത്ത് ഇതിനായി അനുവദിച്ചു. കാർഷിക ഉല്പന്നങ്ങളുടെ വില വർദ്ധിച്ചപ്പോൾ അടയ്ക്കയ്ക്ക് കാര്യമായ വിലവർദ്ധനവ് ഉണ്ടായിട്ടില്ല. അതുകൊണ്ട് കഴിഞ്ഞ വർഷം 10 കോടി രൂപ അനുവദിച്ച സ്ഥാനത്ത് ഈ വർഷം 25 കോടി രൂപയെങ്കിലും അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. കന്നടഭാഷ സംസാരിക്കുന്നവർ ഉൾപ്പെടെയുള്ള ഭാഷാ ന്യൂനപക്ഷങ്ങളുടെ ന്യായമായ അവകാശങ്ങൾ അനുവദിച്ചു കൊടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, 2003-04 സാമ്പത്തിക വർഷത്തേക്ക് അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളേയും ഞാൻ അനുകൂലിക്കുകയാണ്. സാമ്പത്തിക വികസനത്തിന്റേയും ഭരണ നവീകരണ പരിഷ്കാരങ്ങളുടേയും ഫലമായി ഒട്ടേറെ ജനക്ഷേമകരമായ പദ്ധതികൾ സർക്കാരിന് നടപ്പിലാക്കാൻ കഴിഞ്ഞു. ഈ പദ്ധതികൾ നടപ്പിലാക്കുന്നതുമൂലമാണ് ബഡ്ജറ്റ് വിഹിതത്തേക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടിവന്നത്. സർക്കാർ ജീവനക്കാർക്ക് 49% ഡി.എ. നൽകുന്നതിന് സർക്കാർ നടപടി എടുത്തു. കെ.എസ്.ഇ.ബി. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൊടുത്തു തീർക്കാനുണ്ടായിരുന്ന ബാദ്ധ്യത കൊടുത്തുതീർത്തു. ഈയിനത്തിൽ സർക്കാരിന് 1158 കോടി രൂപയുടെ അധിക ബാദ്ധ്യത ഏറ്റെടുക്കേണ്ടിവന്നു. ഈ ബാദ്ധ്യത ഏറ്റെടുത്തില്ലായിരുന്നുവെങ്കിൽ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കേണ്ട സ്ഥിതി കേരളത്തിൽ സംജാതമാകുമായിരുന്നു. സാധാരണക്കാരേയും പാവപ്പെട്ടവരേയും വലിയ സാമ്പത്തിക ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കാൻ ഈ നടപടിമൂലം കഴിഞ്ഞു. അതുപോലെ വിമർശനങ്ങൾ മാത്രമാണ് പ്രതിപക്ഷബഞ്ചുകളിൽനിന്ന് ഉയർന്നുകേൾക്കുന്നത്. ഇവിടെ നിരവധി കാര്യങ്ങൾ ചെയ്തുതീർത്തിട്ടുണ്ട്. വെള്ളക്കരത്തിന്റെ കാര്യത്തിലും വൈദ്യുതി ബോണ്ടിലൂടെ കൊടുത്തുതീർക്കാനുള്ള പണം കൊടുത്തുതീർത്തതും ഡി.എ. കുടിശ്ശിക കൊടുത്തുതീർത്തതുമൊക്കെയാണ് അധികമായി സർക്കാരിന് ഏറ്റെടുക്കേണ്ടിവന്ന ബാദ്ധ്യതകൾ. ഒട്ടേറെ ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിന്റെ ധനകാര്യ മാനേജുമെന്റിന്റെ സവിശേഷത നിറഞ്ഞ പ്രവർത്തനത്തെ മനസ്സിലാക്കണ്ടേ? ഇവിടെ ഓരോ വകുപ്പിലും ചെലവഴിക്കുന്ന തുക എടുത്തു പരിശോധിക്കണം. ഇടുക്കി പോലുള്ള ജില്ലകൾക്ക് കൂടുതൽ തുക മാറ്റിവയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഭൂവിസ്തൃതിയിൽ വളരെ ഏറിയയുള്ള ഇടുക്കി ജില്ലയിൽ ഇതര വികസന സാദ്ധ്യതകൾ എത്തിക്കുവാൻ പര്യാപ്തമായ നടപടികൾ ഒരുതരത്തിലും കാണാൻ കഴിയുന്നില്ല. വിദ്യാഭ്യാസരംഗത്ത് ശാശ്വതമായ മാറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണ്. ചുരുക്കം ചില കാര്യങ്ങളിൽ പ്രതിപക്ഷബഞ്ചുകളിൽനിന്ന് എതിർപ്പുകൾ നേരിടേണ്ടിവരുന്നുണ്ട്. സാക്ഷരതയുടെ കാര്യത്തിന് കൂടുതൽ മുൻതൂക്കം കൊടുക്കാനും ഉന്നതവിദ്യാഭ്യാസ രംഗത്ത് കൂടുതൽ മാറ്റങ്ങൾ വരുത്താനും കഴിയത്തക്ക തരത്തിലുള്ള ഗവൺമെന്റിന്റെ നയങ്ങളും പരിപാടികളുമാണ് ഇവിടെ നിഴലിച്ചുകാണാൻ കഴിഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ എന്റെ മണ്ഡലത്തെ സംബന്ധിച്ചിടത്തോളം വളരെ ദുഃഖകരമായ കാര്യമെന്നു പറയുന്നത് അവിടെ ആവശ്യമായ പഠനസൗകര്യങ്ങൾ പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾ ഉൾപ്പെടെ, ഇല്ലായെന്നുള്ളതാണ്. സ്കൂളുകൾ അനുവദിക്കുന്ന കാര്യത്തിൽ നയപരമായ നിലപാടുകൾ എടുക്കാൻ കഴിയാത്തതുമൂലം എയ്ഡഡ് സ്കൂളുകൾ അനുവദിക്കാൻ കഴിയുന്നില്ല. അൺഎയ്ഡഡ് സ്കൂളുകൾകൊണ്ട് ഞങ്ങളുടെ പ്രദേശത്തെ വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സാഹചര്യം ഉണ്ടാകുന്നില്ല. കിലോമീറ്ററുകളോളം ദൂരം നടന്നുപോയി ഹൈസ്ക്കൂൾ വിദ്യാഭ്യാസം നടത്തുന്ന പാവപ്പെട്ട വിദ്യാർത്ഥികളുടെ കണ്ണുനീർ കാണുമ്പോൾ ദുഃഖം തോന്നാറുണ്ട്. ആറു മുതൽ പന്ത്രണ്ട് കിലോമീറ്റർ ദൂരംവരെ വീട്ടിൽനിന്ന് കാൽനടയായി പോയി പഠിച്ച് തിരിച്ച് വീട്ടിൽ വരുമ്പോൾ സന്ധ്യമയങ്ങുന്ന സ്ഥിതിയാണുള്ളത്. ആ നിലയ്ക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതിന് തീരുമാനങ്ങൾ എടുക്കുമ്പോൾ ആ പ്രദേശങ്ങളെക്കൂടി പരിഗണിക്കണം. എയ്ഡഡ്-അൺഎയ്ഡഡ് എന്ന വാക്കുകൊണ്ടു മാത്രം, സാമ്പത്തികഭദ്രത എന്ന വാക്കുകൊണ്ടുമാത്രം ഒരു ഗവൺമെന്റിന്റെ നയപരമായ പരിപാടികൾ നിലനിർത്തിക്കൊണ്ടു പോകുന്നത് ശരിയല്ല. ഒട്ടേറെ വിഷമങ്ങൾ അനുഭവിക്കുന്ന ഞങ്ങളുടെ പ്രദേശത്ത് അൺഎയ്ഡഡ് സ്കൂളുകൾക്കുപകരം എയ്ഡഡ് സ്കൂളുകൾ അനുവദിക്കണം. പ്ലസ്ടു വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന വിദ്യാർത്ഥികൾ എന്റെ മണ്ഡലത്തിലുണ്ട്. പഠിക്കാൻ യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് പഠനത്തിന് പോകാൻ സൗകര്യമില്ല, യാത്ര ചെയ്യാൻ നിർവ്വാഹമില്ല, സാമ്പത്തിക ബുദ്ധിമുട്ടുള്ള വിദ്യാർത്ഥികൾക്ക് പഠന സ്വാതന്ത്ര്യം നിഷേധിച്ചിരിക്കുന്ന ധാരാളം സ്ഥലങ്ങൾ ഇടുക്കിയിൽ കാണാൻ കഴിയും. ഇത് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ദുഃഖകരമായ ഒരു സ്ഥിതിയാണ്. ശരാശരി 55% വിജയമുള്ള ഒരു ഗവൺമെന്റ് ഹൈസ്ക്കൂൾ എന്റെ മണ്ഡലത്തിലെ തോപ്രാംകുടിയിലുണ്ട്. രണ്ട് ഡിസ്റ്റിംഗ്ഷൻ, മൂന്ന് ഫസ്റ്റ് ക്ളാസ്സ്, നാല് സെക്കന്റ് ക്ളാസ്സ്. വളരെ പരിമിതമായ സൗകര്യങ്ങളോടുകൂടി ധാരാളം ദൂരം യാത്ര ചെയ്ത് ട്രൈബൽ ഏരിയയിലെ വിദ്യാർത്ഥികൾ വന്നുപഠിക്കുന്ന ഈ സ്കൂൾ ഇന്ന് കേരളത്തിലെ അറിയപ്പെടുന്ന വിജയശതമാനമുള്ള ഒരു സ്കൂളായിമാറിയിരിക്കുന്നു. അവിടത്തെ കുട്ടികൾക്ക് പ്ലസ്ടു വിദ്യാഭ്യാസത്തിന് സാധിക്കുന്നില്ല. പത്താം ക്ലാസ്സ് കഴിഞ്ഞാൽ കുട്ടികൾ വിദ്യാഭ്യാസം നിർത്തിപ്പോകുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. ആ നിലയ്ക്ക് ആ പ്രദേശത്തേക്ക് ഗവൺമെന്റിന്റെ കാരുണ്യമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആരോഗ്യപരിപാലന രംഗത്ത് ഇടുക്കി ജില്ലാ ആശുപത്രി എടുത്തു പരിശോധിക്കുകയാണെങ്കിൽ ഇടുക്കിയിലെ വാസ്റ്റ് ഏരിയയിൽനിന്ന് ധാരാളം രോഗികൾ വരുന്ന ആശുപത്രിയാണ് അത്. അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ച ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. ശങ്കരനെ ഞാൻ അഭിനന്ദിക്കുകയാണ്. അദ്ദേഹം ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചു; കോൺഫറൻസ് വിളിച്ചുകൂട്ടി. ഇന്ന് അവിടെ 11 ഡോക്ടർമാരുടെ സേവനം ലഭ്യമായിട്ടുണ്ട്. അതുപോലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കുറച്ചുകൂടി ശക്തമായി മുന്നോട്ടു കൊണ്ടുപോകാൻ സാധിച്ചിട്ടുണ്ട്. ഇടുക്കി ജില്ലാ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് ഇല്ല. ബ്ലഡ് ബാങ്ക് ഇല്ലാത്തതുകൊണ്ട് ഓപ്പറേഷൻ നടത്താൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ആ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് ഉണ്ടാകേണ്ടതിന്റെ ആവശ്യകത ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബ്ലഡ് ബാങ്ക് അനുവദിക്കുന്നതിനും ജില്ലാ ആശുപത്രി നവീകരിക്കുന്നതിനുംവേണ്ട അധികം തുക കണ്ടെത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. കായികരംഗം എടുത്തു പരിശോധിച്ചാൽ, കായിക രംഗത്ത് ഏറ്റവും കൂടുതൽ പ്രാഗത്ഭ്യം തെളിയിച്ച കുട്ടികൾ ഉള്ള ഒരു ജില്ലയാണ് ഇടുക്കി.

LIBRARY ARCHIVES Kerala Legislative Assembly

ഒട്ടേറെ സ്ഥലങ്ങളിൽ പിന്നോക്ക ജില്ല എന്ന വാക്കുകൊണ്ട് വിശേഷിപ്പിക്കപ്പെടുന്ന ഈ ജില്ല ഇന്ന് മുന്നോട്ടുകുതിച്ചുയരുന്നത് കേരളത്തിലെ കർമ്മശേഷിയെ ഉയർത്തിയെടുത്തു കൊണ്ടാണെന്നുള്ളത് മറക്കാൻ കഴിയുകയില്ല. ബീനമോളും ബിനുവും ഉൾപ്പെടെ ഇന്ന് കേരള സംസ്ഥാനത്തിന് അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ച കുട്ടികളുടെ നാട്ടിൽ ധാരാളം വികസന ലക്ഷ്യങ്ങൾ കൈവരിക്കാൻ വേണ്ടിയുള്ള പരിശ്രമം തുടരുകയാണ്. ബഹുമാനപ്പെട്ട പി.ഡബ്ലിയു.ഡി. വകുപ്പുമന്ത്രി ശ്രീ. എം. കെ. മുനീർ അവർകളെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കട്ടെ. ഏഷ്യൻ ഗെയിംസിലെ ജേതാവായി വന്ന ബീനമോളുടെ വീട്ടിലേയ്ക്ക് കി.മീറ്ററോളം നീളത്തിൽ കാൽനട നടക്കാൻപോലും വയ്യാതെ സഞ്ചാരയോഗ്യമല്ലാതിരുന്ന ആ റോഡ് ഏറ്റെടുക്കാൻ ഞങ്ങൾ അദ്ദേഹത്തോട് അപേക്ഷിച്ചു. 2 1/4 കോടി രൂപ മാറ്റിവച്ച ആ വർക്ക് ടെന്റർ നടത്തി വിജയകരമായി നടത്താൻ കഴിഞ്ഞു എന്നുള്ളതിൽ അദ്ദേഹത്തെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു. അങ്ങനെ ഒട്ടേറെ നേട്ടങ്ങൾ ഉണ്ടായി. Sports Authority of India-യും കേരളത്തിലെ സ്പോർട്ട്സ് വകുപ്പുമന്ത്രിയും ഇടുക്കിയോട് കാണിച്ചത് ഏറ്റവും വലിയ കാരുണ്യമായി കാണുന്നു. Sports Authority of India-യുടെ ഒരു സെന്റർ ഇടുക്കിയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി എന്നുള്ളതിൽ വളരെ സന്തോഷമുണ്ട്. ഈ ബഡ്ജറ്റിലും ഇടുക്കിയിലെ കായികരംഗത്തിനുള്ള പ്രസക്തി എടുത്തു കാട്ടിയിരിക്കുന്നു. ഇടുക്കിയിൽ ഒരു വോളിബോൾ അക്കാഡമി അനുവദിക്കുന്നതിന് ഈ ഗവൺമെന്റ് എടുത്ത തീരുമാനത്തെ ഞാൻ അങ്ങേയറ്റം ശ്ലാഘിക്കുന്നു. Volleyball-നെ സ്നേഹിക്കുന്നവരുടെ നാടാണ് ഇടുക്കി. കായിക രംഗത്ത് ധാരാളം നേട്ടങ്ങൾ കൊയ്ത് ആ പ്രശസ്തി ഞങ്ങൾ നിലനിർത്തിക്കൊണ്ട് പോകുന്നു. ഇടുക്കിയിൽ all Kerala basis-ൽ എല്ലാ രാഷ്ട്രീയ സംഘടനകളും ഒരുമിച്ച് നിന്നുകൊണ്ട് ഞങ്ങൾ tournament നടത്തി പോരുകയാണ്. ഈ വർഷം 2004-ലെ South National Senior Volleyball Championship-ന്റെ മുഖ്യ രക്ഷാധികാരി സ്പോർട്ട്സ് വകുപ്പുമന്ത്രി ശ്രീ. കെ. സുധാകരനാണ്. അദ്ദേഹം ഇടുക്കിയിൽ വന്ന് അതിന്റെ കമ്മിറ്റി രൂപീകരിച്ചു. ഇടുക്കി ജില്ലയിലെ എം.എൽ.എ.-മാർ മുഴുവനും അതിന്റെ ഉപരക്ഷാധികാരികളാണ്. കേരളം, തമിഴ്നാട്, കർണ്ണാടകം, ആന്ധ്ര, പോണ്ടിച്ചേരി, സായി എന്നിവ ഉൾപ്പെടുന്ന സൗത്ത് ഇന്ത്യയിലെ മുഴുവൻ ടീമുകളും ഇടുക്കിയിൽ എത്തിച്ചേരുന്ന, കേരളത്തിന് തന്നെ അഭിമാനകരമായ ആ ടൂർണ്ണമെന്റ് conduct ചെയ്യുവാൻ ഫെബ്രുവരി 22 മുതൽ 29 വരെ ഇടുക്കി ഒരുങ്ങിക്കഴിഞ്ഞിരിക്കുകയാണ്. അപ്പോൾ കായിക രംഗത്ത് മുൻതൂക്കം കൊടുക്കുന്ന, കായിക രംഗത്ത് മാറ്റങ്ങൾ വരുത്തിയിട്ടുള്ള ഇടുക്കിയിൽ ഇനിയും കൂടുതൽ കായിക മത്സരങ്ങൾക്ക് വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സഹായം ചെയ്തുതരണമെന്ന് ഞാൻ പ്രത്യേകമായി അഭ്യർത്ഥിക്കട്ടെ.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> ബഹുമാനപ്പെട്ട റോഷി അഗസ്റ്റിൻ ഇവിടെ മൂന്ന് മന്ത്രിമാരെ പ്രകീർത്തിച്ചു. നമ്മുടെ മുനീർ മന്ത്രി, ശങ്കരൻ മന്ത്രി, സ്പോർട്ട്സ് വകുപ്പുമന്ത്രി. ശരിക്കും അങ്ങ് പ്രകീർത്തിക്കേണ്ടത് ധനകാര്യ വകുപ്പുമന്ത്രിയെയാണ്. അദ്ദേഹമല്ലേ എല്ലാം തരുന്നത്? അദ്ദേഹത്തെ മാത്രം എന്താണ് പ്രകീർത്തിക്കാത്തത്?

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> അതു പ്രസംഗം തീർന്നതിനുശേഷമേ പറയാൻ പറ്റുകയുള്ളൂ. എല്ലാം അർപ്പിക്കേണ്ടത് ധനകാര്യമന്ത്രിയിലാണ്. സമ്പൂർണ്ണ അർപ്പണത്തിലേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

വരുന്നതേയുള്ളൂ. അതുകൊണ്ടാണ് ഇങ്ങനെ ഒരു സംശയം തോന്നിയത്. ധനകാര്യ മന്ത്രിയുടെ ധനകാര്യ മാനേജുമെന്റിനെക്കുറിച്ച് ആദ്യമേ ഞാൻ കൃത്യമായി സൂചിപ്പിച്ചു. ഒരു തർക്കവുമില്ല. കേരളം കണ്ടതിൽ ഏറ്റവും നല്ല ധനകാര്യ മാനേജുമെന്റാണ് ഇപ്പോൾ കേരളത്തിൽ നിലനിൽക്കുന്നത്.

ശ്രീ. പി. സി. ജോർജ്: ബഹുമാനപ്പെട്ട റോഷി അഗസ്റ്റിൻ ഒരു പാവപ്പെട്ട ചെറുപ്പക്കാരനാണ്. ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയെ അഭിനന്ദിക്കാതെ പോയാൽ എത്രനാൾ പാർട്ടിയിൽ തുടരും?

ശ്രീ. റോഷി അഗസ്റ്റിൻ : ഇതിന്റെ മറുപടി ശ്രീ. പി. സി. ജോർജിന് തന്നെ അറിയാം. കുടിവെള്ളക്ഷാമം ഏറ്റവും കൂടുതൽ അനുഭവിക്കുന്ന ജില്ലയാണ് ഇടുക്കി. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നിയമസഭയിൽ നൽകിയ മറുപടി ഞങ്ങൾക്ക് ഏറ്റവും ആശാവഹമാണ്. ടാങ്കർ ലോറിയിൽ കുടിവെള്ളം കൊടുക്കുക അസാദ്ധ്യമാണ്. അവിടെ കുഴൽ കിണറുകൾ കുഴിക്കുന്ന മാർഗ്ഗം മാത്രമേ സ്വീകരിക്കാൻ കഴിയുകയുള്ളൂ. അതിന് നിയമ തടസ്സം ഉണ്ടായിരുന്നുവെങ്കിലും ഇടുക്കിയിൽ പ്രാദേശികമായ ചില തീരുമാനങ്ങൾ എടുക്കുകയും അതിന്റെയടിസ്ഥാനത്തിൽ കുഴൽ കിണർ നിർമ്മിക്കുവാൻ അനുമതി നൽകുകയും ചെയ്ത ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയേയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു. ടൂറിസം രംഗത്ത് ഒട്ടേറെ മാറ്റങ്ങൾ വരുത്തുവാൻ പ്രാപ്തമായ ഒരു ജില്ലയാണ് ഇടുക്കി. ഇടുക്കിയിലെ ടൂറിസം സാദ്ധ്യതകൾ വിലയിരുത്തുവാൻ നമ്മൾ സമയം കണ്ടെത്തിയിട്ടുണ്ടോ എന്ന സംശയം ബാക്കി നിൽക്കുന്നു. തേക്കടി, മൂന്നാർ, ഇടുക്കി ഈ മൂന്നു കേന്ദ്രങ്ങൾ ഒരേപോലെ വളർത്തിയെടുത്താൽ ഏറ്റവും കൂടുതൽ സാഹചര്യമുള്ള ജില്ലയായി ഇടുക്കിയെ മാറ്റിയെടുക്കാൻ കഴിയും. ഇടുക്കിയിലെ ആർച്ച് ഡാമും ഇടുക്കി റിസർവോയറിലെ ബോട്ടിംഗും അയ്യപ്പൻ കോവിലും അഞ്ചുവിളയിൽ ബോട്ടിംഗും തുടങ്ങാൻ കഴിഞ്ഞാൽ ഏറ്റവും സന്തോഷകരവും കൂടുതൽ വിനോദസഞ്ചാരികൾക്ക് അത് സ്വീകാര്യവുമായിരിക്കും എന്നുള്ള കാര്യം നമുക്ക് വിസ്മരിക്കാൻ കഴിയില്ല. അതോടൊപ്പം ആ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് പോകേണ്ട വഴികൾ നിർമ്മിക്കുന്നതിന് കോടികൾ ചെലവഴിക്കേണ്ടി വരും. പക്ഷേ വിനോദ സഞ്ചാരികൾക്ക് എത്തിച്ചേരുവാൻ ആ റോഡുകൾ ടൂറിസം ഡിപ്പാർട്ടുമെന്റ് മുഖേനയെങ്കിലും ഏറ്റെടുക്കണം. കാണാറിൽ നിന്നും ആരംഭിച്ച് കുടത്തൂർ പഞ്ചായത്തിലേക്ക് പോകുന്ന ഇലവീഴാംപൂഞ്ചിറയിലേക്കുള്ള വഴി അതിൽ പ്രധാനപ്പെട്ട ഒന്നാണ്. ഇലവീഴാംപൂഞ്ചിറയിലേക്ക് സന്ദർശകരുടെ പ്രവാഹം ധാരാളം ഉണ്ടെങ്കിലും യാത്രാസൗകര്യങ്ങളുടെ പരിമിതികൊണ്ട് അവിടെ എത്തിച്ചേരാൻ കഴിയുന്നില്ല. മീനുളിയൻപാറയിലേയ്ക്കും അതേപോലെ നിരവധി ടൂറിസ്റ്റു കേന്ദ്രങ്ങളിലേയ്ക്കും എത്താനും കൂടുതൽ കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുവാനും ഇടുക്കിയിലെ ടൂറിസം സാദ്ധ്യതകളെ പൂർണ്ണമായും പ്രയോജനപ്പെടുത്തുവാനും ഈ സഭ പണം കണ്ടെത്തുന്നതിനുവേണ്ടി ആഗ്രഹിക്കുന്നു. അതുപോലെ തന്നെ ഇടുക്കി സിവിൽ സ്റ്റേഷന്റെ അഡീഷണൽ ബ്ലോക്കിനുവേണ്ടി 20 ലക്ഷം രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുക തീരെ അപര്യാപ്തമാണ്. ഒരു ജില്ലാ ഹെഡ്ക്വാർട്ടേഴ്സിന്റെ പവറോ പകിട്ടോ ഒന്നും ഇല്ലാത്ത ഒരു സിവിൽ സ്റ്റേഷനാണ് ഞങ്ങൾക്കുള്ളത്. ആ ജില്ലാ സിവിൽ സ്റ്റേഷന്റെ നവീകരണത്തിനുവേണ്ടി കൂടുതൽ തുക വകയിരുത്തണം എന്ന് ഞാൻ ഒരിക്കൽകൂടി അഭ്യർത്ഥിക്കുന്നു. ഒരു കാര്യം കൂടി പറയട്ടെ, ഇടുക്കി ജില്ലയിൽ കാണുന്ന മാറ്റങ്ങൾക്കുവേണ്ടി ധാരാളം പണം ചെലവഴിക്കേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

വരുമ്പോഴും സമാന ചിന്താഗതി ഉയർത്തി മുന്നോട്ടു പോകുന്ന വിവിധ ഡിപ്പാർട്ടുമെന്റുകൾ കൂടുതൽ തുക മാറ്റിവച്ച് അവയെ സംരക്ഷിക്കുവാനും പ്രാഥമിക ആരോഗ്യ രംഗം, ടൂറിസം സാദ്ധ്യതകൾ ഇവയ്ക്കൊക്കെ കൂടുതൽ പണം കണ്ടെത്തുവാനും വളരെ നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകുന്നതിനും ആവശ്യമായ പണം പി.ഡബ്ലിയു.ഡി.-ക്ക് കൂടുതലായി നൽകുന്നതിനും വേണ്ടിയുള്ള സൗകര്യം ഉണ്ടാക്കണം എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. പ്രതിപക്ഷത്തുനിന്നും ബഹുമാന്യനായ സുഹൃത്ത് ശ്രീ. രാജു എബ്രഹാം ഇതിനെ എതിർത്തുകൊണ്ട് സംസാരിച്ചപ്പോൾ എനിക്ക് അത്ഭുതം തോന്നി. ഇനി സംസാരിക്കാനിരിക്കുന്ന പ്രതിപക്ഷാംഗങ്ങൾ ഒരുപക്ഷേ ആ പാതയായിരിക്കും പിൻതുടരുന്നത്. 2003-2004 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളും 1989-1990 മുതൽ 1998-99 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുമാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ഇടതുപക്ഷ ഗവൺമെന്റ് ഭരിച്ച കാലയളവിൽ ചെലവഴിച്ച തുക സാധൂകരിക്കാൻവേണ്ടി കൊണ്ടുവന്ന ഉപധനാഭ്യർത്ഥനകളെപ്പോലും എതിർക്കുന്ന ഇവരുടെ രാഷ്ട്രീയ സദാചാരം എവിടെ നിൽക്കുന്നു സർ? ഇവരുടെ കാലയളവിൽ ചെലവഴിച്ച തുകയ്ക്ക് നിയമസഭയുടെ അംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ടാൽ അതിനെപ്പോലും എതിർക്കുന്ന ഒരു സമീപനമാണുള്ളത്. അതാണ് ഈ കേരളത്തിന്റെ കുഴപ്പം എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാന്യനായ ശ്രീ. രാധാകൃഷ്ണൻ മന്ത്രിയായിരുന്ന കാലത്ത് തുക ചെലവഴിച്ചത് ന്യായീകരിക്കണമെന്നാണ് ഉപധനാഭ്യർത്ഥനയിലൂടെ ആവശ്യപ്പെടുന്നത്. അതിനെപ്പോലും എതിർക്കുന്ന അങ്ങയുടെ പാർട്ടി! എവിടെ നിൽക്കുന്നു കാര്യങ്ങൾ? കേരളത്തിൽ ഈ സമീപനം മാറണ്ടേ? നിരവധി കാര്യങ്ങൾ ഇവിടെ പറഞ്ഞു. ഈ ഉപധനാഭ്യർത്ഥന വരുന്നത് എവിടെയാണ്? പല വിധത്തിലുള്ള കണക്കുകൂട്ടലൊക്കെ വച്ച് ബഡ്ജറ്റ് തയ്യാറാക്കും. ബഡ്ജറ്റ് തയ്യാറാക്കി കൊണ്ടുവരുമ്പോൾ ബഡ്ജറ്റിൽ ഉൾപ്പെടുന്ന തുക പല ഡിപ്പാർട്ടുമെന്റുകളിലും ചെലവഴിക്കാൻ കഴിയുന്നില്ല എന്നുള്ള യാഥാർത്ഥ്യം നമുക്ക് കാണാൻ കഴിയും. ചില ഡിപ്പാർട്ടുമെന്റുകളിലും വളരെ കൂടുതൽ തുക ചെലവഴിക്കേണ്ടതായും വരുന്നു. ഇതാണ് നമ്മുടെ സംസ്ഥാനത്തുള്ള സ്ഥിതി. ബഹുമാന്യനായ ധനകാര്യമന്ത്രി ഒരു കാര്യം പരിശോധിക്കണം എന്നുള്ളത് എന്റെ വിനീതമായ ഒരു അഭ്യർത്ഥനയാണ്. ബഡ്ജറ്റിൽ തുക വകയിരുത്തുമ്പോൾ ചെലവഴിക്കാൻ സാദ്ധ്യതയുള്ള, അല്ലെങ്കിൽ കൂടുതൽ തുക ചെലവഴിക്കേണ്ടി വരുന്ന ഡിപ്പാർട്ടുമെന്റുകൾക്ക് ആ വിധത്തിൽ കൂടുതൽ തുക വകയിരുത്തുകയും ഒരു കാരണവശാലും തുക ചെലവഴിക്കൽ പ്രായോഗികമല്ല എന്ന് കാണുന്ന ഡിപ്പാർട്ടുമെന്റുകൾക്ക് ഇന്ന് നീക്കിവയ്ക്കുന്ന തുക ഒന്ന് പുനരവലോകനം ചെയ്യുകയും ചെയ്താൽ നന്നായിരിക്കും എന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന.

ഡോ. തോമസ് ഐസക്: ഈ വർഷത്തെ ഉപധനാഭ്യർത്ഥനയിൽ 2003-2004-ലെ മൊത്തം തുക എത്ര വരുമെന്ന് അറിയാമോ? അത് ഈ വർഷത്തെ അംഗീകരിച്ച ബഡ്ജറ്റിന്റെ എത്ര ശതമാനം വരുമെന്ന് ബഹുമാനപ്പെട്ട മെമ്പർ ഒന്ന് പരിശോധിക്കുമോ?

ശ്രീ. ജോണി നെല്ലൂർ: ഞാൻ അത് പരിശോധിച്ചതിനുശേഷമാണ് പറഞ്ഞത്. കഴിഞ്ഞ കാലങ്ങളിൽ ചെലവു ചെയ്ത തുക ന്യായീകരിക്കാൻ കൊണ്ടുവന്ന ഉപധനാഭ്യർത്ഥനകളെ എതിർക്കുന്ന നിലപാടിനെക്കുറിച്ച് ഞാൻ സൂചിപ്പിച്ചു എന്ന് മാത്രമേയുള്ളൂ. ഇവിടെ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഈ ബഡ്ജറ്റിൽ ഈ ഉപധനാഭ്യർത്ഥന വന്നിരിക്കുന്നത്, നമ്മുടെ സർക്കാർ സർവ്വീസിൽ നിന്നും പിരിഞ്ഞുപോയ പെൻഷൻ പറ്റിയ ആളുകൾക്ക് കൊടുക്കാൻ 455 കോടി രൂപ, പൊതുമരാമത്ത് വകുപ്പിന് നബാഡിന് ഉൾപ്പെടെയുള്ള തുക തിരിച്ചടയ്ക്കാൻവേണ്ടി ചെലവഴിച്ചത് 212 കോടി രൂപ. വൈദ്യുതി ബോർഡിന്റെ ബോണ്ടുകളിൻമേലുള്ള പലിശ കൊടുക്കുന്ന ഇനത്തിൽ 147 കോടി രൂപ. വീണ്ടും ബോർഡിന്റെ വായ്പാ ഇനത്തിൽ അക്കൗണ്ട് അഡ്ജസ്റ്റ് ചെയ്യാൻവേണ്ടി 1,156 കോടി രൂപ. സാമൂഹ്യക്ഷേമം, വികലാംഗപെൻഷൻ അടക്കമുള്ള കാര്യങ്ങൾക്ക് 77 കോടി രൂപ. ഇങ്ങനെ പോകുന്നു. അങ്ങ് ചോദിച്ച ചോദ്യം വളരെ പ്രസക്തമാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഇതൊക്കെ ഈ ഗവൺമെന്റിന്റെ കാലയളവിൽ മാത്രം വരുന്ന കാര്യങ്ങളാണോ?

ഡോ. തോമസ് ഐസക്: പലിശ, ശമ്പളം—ഈ കാര്യങ്ങളിലൊക്കെ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ കൃത്യമായിട്ട് കണക്ക് കൂട്ടാൻ ആവുന്നതാണ്. നമ്മുടെ കടം എത്രയുണ്ടെന്ന് അറിഞ്ഞാൽ പലിശ എത്രയാണെന്ന് പറയാം. 3,000 കോടി രൂപ പലിശ അധികച്ചെലവ് വരുമ്പോൾ, അത് കാണിക്കുന്നത് ബഡ്ജറ്റ് അവതരണത്തിൽ വരാൻ പോകുന്ന ചെലവുകളെക്കുറിച്ച് മനഃപൂർവ്വമോ അല്ലാതെയോ വലിയ വീഴ്ചയാണ് വന്നിട്ടുള്ളത് എന്നാണ്. ചെറിയ മാറ്റങ്ങളൊന്നുമല്ല. അങ്ങ് പറഞ്ഞത് ഞാൻ തത്വത്തിൽ അംഗീകരിക്കുന്നു. ഇത് കഴിഞ്ഞ കുറേ വർഷങ്ങളായി പിൻതുടർന്നുവരുന്ന നമ്മുടെ സംസ്ഥാനത്തിന്റെ ഒരു സ്ഥിതിവിശേഷമാണ്. അങ്ങയുടെ കൂടി നേതൃത്വത്തിൽ തയ്യാറാക്കിയിരുന്ന ബഡ്ജറ്റ് കാലയളവിൽ പോലും ഇതേ കാര്യങ്ങൾ കടന്നുവന്നിട്ടുണ്ട് എന്നുള്ളത് ഒരു വസ്തുത മാത്രമാണ്.

ശ്രീ. തമ്പാനൂർ രവി: ഇടതുപക്ഷം ഭരിച്ച ഒരു കാലത്തും ബഡ്ജറ്റിൽ കൃത്യതയില്ല എന്ന് അങ്ങേയ്ക്ക് അറിയാമോ? ഇത്തവണത്തെ ബഡ്ജറ്റ് പേജ് വൈസായിട്ട് എടുത്തു നോക്കിയാൽ ഏറ്റവും നല്ല ബഡ്ജറ്റാണെന്ന് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. ജോണി നെല്ലൂർ: ബഹുമാന്യനായ തമ്പാനൂർ രവി പറഞ്ഞത് ശരിയാണ്. ഡോ. തോമസ് ഐസക് പറഞ്ഞ ആ കാര്യങ്ങൾ ഞാൻ തത്വത്തിൽ അംഗീകരിക്കുന്നു. പക്ഷേ കഴിഞ്ഞ കാലങ്ങളിൽ അദ്ദേഹം ഉൾപ്പെടെയുള്ള ആളുകളുടെ നേതൃത്വത്തിൽ തയ്യാറാക്കിയിരുന്ന ബഡ്ജറ്റുകളിലും ഇതേ രീതി തന്നെയാണ്. ഇപ്പോൾ അതിന് മാറ്റം വരുത്തിയിരിക്കുകയാണ്. ആ കാര്യങ്ങളിലാണ് ഞാൻ ബഹുമാന്യനായ ശങ്കരനാരായണനെ അഭിനന്ദിക്കുന്നത്. ഒരു കാര്യം ആലോചിക്കണം. ഇതുപോലുള്ള കാര്യങ്ങളൊക്കെ ചെയ്യുമ്പോഴും ഇവിടെ നമുക്ക് ഒട്ടേറെ പോരായ്മകളുണ്ട്. ശ്രീ. രാജു എബ്രഹാം പറഞ്ഞ ഒരു കാര്യം കേട്ടിട്ട് എനിക്ക് അത്ഭുതം തോന്നി, പ്രതിപക്ഷ മെമ്പർമാരുടെ മണ്ഡലങ്ങളെ അവഗണിക്കുന്നു എന്ന്. എവിടെ തുടങ്ങി ശ്രീ. രാജു എബ്രഹാം അങ്ങേക്ക് ഈ കാഴ്ചപ്പാട്? ഈ നിയമസഭയിൽ, അങ്ങ് കൂടി ഉണ്ടായിരുന്ന പത്താം കേരള നിയമസഭയിൽ ഞങ്ങൾ പ്രതിപക്ഷത്ത് ഇരുന്ന എം.എൽ.എ.-മാർ—ഞാവരുടെ രോദനം അങ്ങ് കേട്ടതല്ലേ? പക്ഷെ ഇന്ന് അതിന് മാറ്റം വരുത്തിയിട്ടുണ്ട്. ഇന്ന് ഞാൻ ഈ ബഡ്ജറ്റ് ഒക്കെ പരിശോധിച്ചപ്പോൾ പ്രതിപക്ഷ മെമ്പർമാരുടെ നിയോജകമണ്ഡലങ്ങളിലേക്ക് വലിയ തുക കൊടുത്തിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതു കണ്ടപ്പോൾ ഇതു പ്രതിപക്ഷ മെമ്പർമാരെ ആകർഷിക്കാൻ വേണ്ടിയുള്ള ഒരു ബഡ്ജറ്റാണോ എന്നുപോലും ഞാൻ സംശയിച്ചുപോയി. പക്ഷെ ശ്രീ. രാജു എബ്രഹാമിന്റെ പാർട്ടി ഭരിച്ചിരുന്ന കാലത്ത് അന്ന് രാഷ്ട്രീയ കാഴ്ചപ്പാടോടുകൂടി ഞങ്ങൾ പ്രതിപക്ഷ മെമ്പർമാരെ മുഴുവൻ നിഷ്പ്രഭമാക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ ആയിരുന്നു നടന്നത്. അതുകൊണ്ട് ഇവിടെ തീർച്ചയായും പ്രതിപക്ഷ മെമ്പർമാരുടെ മണ്ഡലങ്ങളെ അവഗണിക്കുന്നു എന്നു പറഞ്ഞതിൽ എനിക്ക് തോന്നുന്നത് കഴിഞ്ഞകാലത്ത് ഞങ്ങളൊക്കെ പറഞ്ഞ പ്രസംഗങ്ങൾ കേട്ടിട്ട് ശ്രീ. രാജുവിന് ഇപ്പോൾ തോന്നിയിരിക്കാം. അന്ന് പ്രതിപക്ഷത്ത് ഇരുന്നപ്പോൾ ഇവരൊക്കെ ഇതാണല്ലോ പറഞ്ഞത്, അങ്ങനെയൊന്നു തന്നെ ഞാനും പറയാം എന്നുകരുതി പറഞ്ഞതാകാം എന്ന് ഞാൻ കരുതുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൻ. രാജൻ ബാബു: കഴിഞ്ഞ നിയമസഭയിൽ ശ്രീമതി കെ.ആർ. ഗൗരിയമ്മ പാർട്ടി ലീഡർ ആയിരുന്നിട്ടും പാർട്ടി ലീഡർക്ക് മുമ്പിൽ സീറ്റ് കൊടുക്കുന്ന കിഴ്വഴക്കം പ്രതിപക്ഷത്തോടുള്ള വിരോധം നിമിത്തം മാറ്റിയതായിട്ട് അറിയാമോ?

ശ്രീ. ജോണി നെല്ലൂർ: തീർച്ചയായിട്ടും. അതുൾപ്പെടെ എത്രയോ കാര്യങ്ങൾ! ബഹുമാന്യനായ രാജൻ ബാബു പറഞ്ഞതുൾപ്പെടെ അന്ന് ഇവർ ഭരിച്ചിരുന്ന കാലയളവിൽ ചെയ്ത കാര്യങ്ങളൊക്കെ ഓർത്താൽ ഇവിടെ അതുപറയാൻ മാത്രമേ സമയം തികയൂ. എനിക്ക് ബഡ്ജറ്റിനെക്കുറിച്ച് പറയാൻ പറ്റില്ല. ഇവിടെ ധാരാളം കാര്യങ്ങൾ ചെയ്യുന്ന ഈ ഗവൺമെന്റിന് സാമ്പത്തികനില ഭദ്രമാക്കിക്കൊണ്ടിരിക്കുന്ന, തികഞ്ഞ സാമ്പത്തിക അച്ചടക്കത്തിലൂടെ സംസ്ഥാനത്തിന് വരുമാനം വർദ്ധിപ്പിക്കുവാനും ഇന്ന് സംസ്ഥാനത്തിന്റെ ഖജനാവ് അൽപ്പം ഒന്ന് മെച്ചപ്പെട്ട സ്ഥിതിയിലേക്ക് കൊണ്ടുവരുവാനും കഴിഞ്ഞു എങ്കിൽ തീർച്ചയായും അതിന് അഭിനന്ദനം അർഹിക്കുന്നത് ധനകാര്യമന്ത്രിയും അദ്ദേഹത്തോടൊപ്പം ജോലിചെയ്യുന്ന ഉദ്യോഗസ്ഥരുമാണ്. ഇവിടെ ഇതൊക്കെ ചെയ്യുമ്പോഴും കുറേ കാര്യങ്ങൾ, പ്രതിജ്ഞാബദ്ധമായ ചില കാര്യങ്ങൾ, ഈ ഗവൺമെന്റ് മറന്നുപോകാൻ പാടില്ല എന്ന് ബഹുമാന്യനായ ധനകാര്യ മന്ത്രിയോടും മറ്റു മന്ത്രിമാരോടും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ചാരായ നിരോധനം നിലവിൽ വന്നപ്പോൾ ചാരായ തൊഴിലാളികൾക്ക് പണി ഇല്ലാതായി. കേരളത്തിൽ വളരെയധികം ചാരായ തൊഴിലാളികൾ പണിയില്ലാതെ പട്ടിണിയിലേക്കും ദുരിതത്തിലേക്കും നീങ്ങിയപ്പോൾ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന, മുന്നണി ഒരു തീരുമാനമെടുത്തു, ആ തീരുമാനമെന്തായിരുന്നു ഇന്ന് എല്ലാവർക്കും അറിയാം. കള്ള്ഷാപ്പുകൾ പുതിയതായി ലേലം ചെയ്ത് കൊടുക്കുമ്പോൾ, ലൈസൻസ് കൊടുക്കുമ്പോൾ, അതിന്റെ ലൈസൻസിന്റെ ഒരു കണ്ടീഷനായി ഒരു കാര്യം എഴുതി ചേർത്തു. അങ്ങേയ്ക്കും അറിയാം, ഒരു കണ്ടീഷൻ എഴുതി ചേർത്തതെന്താ? ഓരോ കള്ളുഷാപ്പിലും ഈ ചാരായ തൊഴിലാളികളുടെ ലിസ്റ്റിൽ നിന്ന് ഒരാൾക്കു വീതം തൊഴിൽ കൊടുക്കണം. ഇന്ന് നിയമസഭയിൽ നക്ഷത്രചിഹ്നമിട്ട 256-ാം നമ്പർ ചോദ്യം, അത് എന്റെ ചോദ്യമാണ്, ആ ചോദ്യത്തിന് ബഹുമാന്യനായ തൊഴിൽ വകുപ്പുമന്ത്രിയുടെ ഉത്തരം നൽകിയിട്ടുണ്ട്. എന്റെ ചോദ്യം, ചാരായ തൊഴിലാളി പുനരധിവാസ പദ്ധതിപ്രകാരം ഇനിയും തൊഴിൽ ലഭിക്കാത്തവർ സംസ്ഥാനത്ത് നിലവിലുണ്ടോ? ഉത്തരം നിലവിലുണ്ട്. എങ്കിൽ ഇവരെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ? ഉത്തരം, മുൻ ചാരായ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി അവരുടെ ജില്ലാതല സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയും ഒരു കള്ളുഷാപ്പിൽ

ഒരു ചാരായ തൊഴിലാളിയെ വീതം നിയമിക്കണമെന്ന സർക്കാർ ഉത്തരവുപ്രകാരം 4330 തൊഴിലാളികൾക്ക് ഇതിനകം നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. ആ ഉത്തരവ് കണ്ടപ്പോൾ ഞാൻ ഞെട്ടുകയായിരുന്നു. ഈ സംസ്ഥാനത്ത് ഇങ്ങനെയൊന്നും ഉണ്ടായിട്ടില്ല, ആരാണ് ഇതിന് ഉത്തരവാദി? ഇങ്ങനെ ഉത്തരവ് നൽകിയിട്ടുണ്ട് എങ്കിൽ ആ ഉത്തരവ് നടപ്പാക്കാതെ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ട് എങ്കിൽ ബഹുമാന്യനായ എക്സൈസ് വകുപ്പിന്റെ കൂടി ചുമതലയുള്ള ധനകാര്യമന്ത്രി ആ കാര്യം ഗൗരവമായി പരിശോധിക്കണം. ഈ ചാരായ തൊഴിലാളികൾ ഇന്ന് പട്ടിണിയിലാണ്. അവർക്ക് ജോലി കൊടുത്തു എന്ന് ഇവിടെ പറഞ്ഞിരിക്കുന്നു, പക്ഷെ അത് നടന്നിട്ടില്ല. അതുകൊണ്ട് എല്ലാ കാര്യങ്ങൾക്കും ഉദാരമായ സമീപനം സ്വീകരിക്കുന്ന ബഹുമാന്യനായ ധനകാര്യമന്ത്രിയോട് അഭ്യർത്ഥിക്കട്ടെ, അങ്ങ് ഈ കാര്യം ഒന്ന് പരിശോധിക്കണം. ഈ തൊഴിലാളികൾക്ക് നിയമനം കൊടുക്കുവാനുള്ള കർശനമായ നിർദ്ദേശം എക്സൈസ് ഉദ്യോഗസ്ഥർമാർക്ക് കൊടുത്തുകൊണ്ട് കള്ളുഷാപ്പുകളിൽ അവരെ നിയമിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം എന്ന് ഇത്തരുണത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. ബിവറേജസ് കോർപ്പറേഷന്റെ കീഴിലുള്ള എഫ്.എൽ.1 ഷോപ്പിൽ അവിടെ ഒഴിവുകളുടെ 25 ശതമാനം അർഹരായ ചാരായത്തൊഴിലാളികൾക്ക് കൊടുക്കാം, അത് സജീവ. പരിഗണനയിലാണെന്ന് പറയുന്നുണ്ട്, ആ കാര്യവും ഗൗരവമായി പരിശോധിക്കണം എന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു കാര്യം കൂടി പറയട്ടെ, ഇന്നിവിടെ രാവിലെ ചോദ്യോത്തരവേളയിൽ പരമ്പരാഗത വ്യവസായങ്ങളെ കുറിച്ചൊക്കെ ധാരാളം കാര്യങ്ങൾ പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് മിക്കപ്രദേശങ്ങളിലും മൺപാത്രം ഉണ്ടാക്കുന്ന കുശവർ എന്നുപറയുന്ന വേളാർ സമുദായത്തിലെ പാവപ്പെട്ട ആളുകൾ ഉണ്ട്. അവരുടെ ജീവിതം ഇന്ന് എത്രയോ ദുസ്സഹമാണ്. ഈയടുത്ത ദിവസങ്ങളിൽ മാതൃഭൂമിയടക്കമുള്ള പത്രങ്ങളിലൂടെ വാർത്തകൾ വന്നു. അവരുടെ ജീവിതം വളരെ ദുസ്സഹമാണ്. എന്റെ നിയോജകമണ്ഡലത്തിൽ വേളാർ സമുദായത്തിൽപ്പെട്ട ധാരാളം ആളുകൾ ഉണ്ട്; രണ്ടു, മൂന്നു കോളനികൾ. വേളാർ കോളനികൾ എന്നറിയപ്പെടുന്ന കോളനികളിൽ അവരൊക്കെ ഇന്ന് കടുത്ത നിരാശയിലാണ്. ആ തൊഴിലാളികളുടെ ജീവിതം ഭദ്രമാക്കുവാൻ അവർ ഉൽപ്പാദിപ്പിക്കുന്ന മൺപാത്രങ്ങൾക്ക് ഏതെങ്കിലും ഒരു വിപണി കണ്ടെത്തുവാനോ അവരെ സംരക്ഷിക്കുവാനോ എന്തെങ്കിലും ഒരു നടപടി ഈ ഗവൺമെന്റ് സ്വീകരിക്കണം എന്ന് ഇത്തരുണത്തിൽ സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം: കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ ബഡ്ജറ്റ് വിഹിതം ലഭിച്ച എം.എൽ.എ. ശ്രീ. കെ. സി. വേണുഗോപാലാണ്. അത് അങ്ങേയ്ക്കറിയാം. എന്റെ ചോദ്യം പതിനയ്യായിരം കോടി ഉറുപ്പിക റവന്യൂ എക്സ്പെന്റീച്ചർ വരുന്ന ഈ ബഡ്ജറ്റിൽ 6764 കോടി ഉറുപ്പിക ഇപ്പോൾ സപ്ലിമെന്ററിയായിട്ട് അനുവദിച്ചു, പിന്നെ ബഡ്ജറ്റിന്റെ പ്രസക്തി എന്താണ്, അതൊന്ന് വ്യക്തമാക്കാമോ?

ശ്രീ. ജോണി നെല്ലൂർ: ശ്രീ. രാജു കഴിഞ്ഞ കാര്യങ്ങളൊക്കെ മറന്നിട്ട് ഇങ്ങനെ സംസാരിക്കുന്നത് ഒരുപക്ഷെ അത് ശ്രീ. രാജുവിന്റെ പാർട്ടിയിൽ നിന്നുള്ള ട്രെയിനിംഗ് കൊണ്ടായിരിക്കാം എന്നാണ് എനിക്ക് തോന്നുന്നത്. രാജു അത്ര വലിയ കുഴപ്പക്കാരനൊന്നുമല്ല പക്ഷെ പാർട്ടിയിൽ നിന്ന് കിട്ടുന്ന ട്രെയിനിംഗ്, എല്ലാം തത്തമ്മേ പൂച്ച പൂച്ച എന്നുപറയണം എന്നുള്ളതുകൊണ്ടായിരിക്കും എന്നു കരുതുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ: നമ്മൾ കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്ത് ഉയർത്തിയ കാര്യങ്ങൾക്കൊക്കെ, ഈ ബഡ്ജറ്റിൽ കാണുന്നതനുസരിച്ച്, പ്രതിപക്ഷ നേതാവിന്റെ മണ്ഡലത്തിലടക്കം ഏറ്റവും കൂടുതൽ തുകയാണ് അനുവദിച്ചിട്ടുള്ളത് എന്നത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ? കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണ കാലത്ത് പ്രത്യേകമായ ഒരു തുകയും എനിക്ക് അനുവദിച്ചിട്ടില്ല, ഓൺ ഗോയിംഗ് വർക്സ് പോയതുമാത്രമേയുള്ളൂ.

ശ്രീ. ജോണി നെല്ലൂർ: ശ്രീ. വേണു പറഞ്ഞതു തന്നെയാണ് ഞാൻ പറയുന്നത്. ഓരോ വകുപ്പും എടുത്തു പരിശോധിച്ചാൽ പ്രതിപക്ഷ നേതാവിന്റേയും, സി.പി.ഐ.(എം) ഉപനേതാവിന്റെയും അതുപോലെ സി.പി.ഐ. കക്ഷി നേതാവിന്റെയും ഒക്കെ മണ്ഡലങ്ങൾ എടുത്തു പരിശോധിച്ചാൽ എല്ലാ രംഗത്തും, എന്റെ അഭിപ്രായം പറഞ്ഞാൽ ഞങ്ങളെയൊക്കെ കുറച്ച് അവഗണിച്ചാലും ഈ ഗവൺമെന്റ് അപ്പുറത്തിരിക്കുന്നവരെ കൂടുതൽ പരിഗണിക്കുന്ന സമീപനം ഇവിടെ ധനകാര്യമന്ത്രിയും ഉദ്യോഗസ്ഥൻമാരും സ്വീകരിച്ചിരിക്കുന്നു എന്നുള്ളതാണ് വസ്തുത. അതുകൊണ്ട് ഒരു കാര്യം പറയട്ടെ, ഇവിടെ ഒത്തിരി ഏറെ കാര്യങ്ങൾ പറഞ്ഞു, പൊതുമരാമത്ത് വകുപ്പാണ് അങ്ങേയ്ക്കും നമുക്കെല്ലാവർക്കും ഏറ്റവും കൂടുതൽ ജനങ്ങളുമായി ബന്ധപ്പെടേണ്ടി വരുന്ന ഒരു വകുപ്പ്. ശ്രീ. സി. ടി. അഹമ്മദ് അലി പ്രസംഗിച്ചപ്പോൾ പറഞ്ഞു, നമ്മുടെ ഒ.ഡി.ആർ. റോഡുകളുടെ സ്ഥിതിയെപ്പറ്റി. നാഥനില്ലാത്ത റോഡുകളാണ്. ആരുമില്ല, ആ റോഡുകളെല്ലാം തകർന്നു കിടക്കുന്നു. അത് എം.ഡി.ആർ. റോഡുകളാക്കീക്കൊണ്ട് പി.ഡബ്ലിയു.ഡി. ആ റോഡുകൾ അടിയന്തിരമായി നന്നാക്കാനുള്ള നടപടികൾ സ്വീകരിക്കണം, അതുപറയുമ്പോൾ അതിനാവശ്യമായ പണം കൊടുക്കുവാൻ ധനകാര്യമന്ത്രി തയ്യാറാകുകയും വേണം. അങ്ങയുടെ അഭിപ്രായവും അതുതന്നെയാണെന്ന് എനിക്കറിയാം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. ജോണി നെല്ലൂർ: അതുകൊണ്ടാണ് പറഞ്ഞത് അതിന് കുറേക്കൂടി തുക കൊടുത്ത് അത് ഒന്ന് നന്നാക്കണമെന്ന്. ഒരു കാര്യംകൂടി, ഞങ്ങളുടെയൊക്കെ പ്രദേശത്ത് വരൾച്ച അതിരൂക്ഷമാണ്. അതിരൂക്ഷമായ വരൾച്ച നിൽക്കുമ്പോൾ ഇപ്പോൾ നാട്ടിൽ ചെല്ലാൻ പറ്റാത്ത അവസ്ഥയാണ്. ഇവിടെയിരിക്കുന്ന ഒരു പറ്റം എം.എൽ.എ.-മാർ തങ്ങളുടെയൊക്കെ മണ്ഡലങ്ങളിൽ എത്രകാലം മുമ്പ് ഉണ്ടാക്കിവച്ച മോട്ടോറുകളും പമ്പുസെറ്റുകളുമാണെന്ന് അറിയില്ല, അത് നന്നാക്കൽ കരാറുകാരെല്ലാം ഇന്ന് ബഹിഷ്കരിച്ചിരിക്കുകയാണ്. പണം കൊടുത്തിട്ടില്ല. ആ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ മുടങ്ങിയതുമൂലം ജലം കിട്ടുന്നില്ല. ആ പണം കൊടുത്ത് വരൾച്ചയെ അതിജീവിക്കാൻ അൽപ്പം പണം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കുവേണ്ടി നീക്കിവയ്ക്കുവാൻ ബഹുമാന്യനായ മന്ത്രി തയ്യാറാകണം. അതോടൊപ്പം ഒത്തിരി കാര്യങ്ങൾ ചെയ്യുന്ന ഈ ഗവൺമെന്റ്, പെൻഷൻ കൊടുക്കുന്നു, ഉദ്യോഗസ്ഥൻമാർക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്നു ഇതൊക്കെ കൊടുക്കുമ്പോൾ നമ്മുടെ സംസ്ഥാനത്ത് അഞ്ച് കൊല്ലമായി ഒരു പൈസപോലും ശമ്പളം വാങ്ങാതെ ജോലിചെയ്യുന്ന ഏതാനും ചെറുപ്പക്കാരുണ്ട്—പ്ലസ് ടു സ്കൂളിലെ ലാബ് അസിസ്റ്റന്റുമാർ—അവരോട് കാണിക്കുന്ന ക്രൂരത അവർക്ക് ശമ്പളമില്ല, അവർക്ക് ജോലിസ്ഥിരത ഇല്ല. ഈ ഉപധനാഭ്യർത്ഥനകളിൽ വിദ്യാഭ്യാസ വകുപ്പിലേക്കും ധാരാളം തുക ചെലവഴിച്ചതായി കണ്ടു, വിദ്യാഭ്യാസ വകുപ്പിലേക്ക് ഇത്രയേറെ തുക ചെലവഴിക്കുമ്പോൾ പ്ലസ് ടു സ്കൂളിലെ ലാബ് അസിസ്റ്റന്റുമാരെകൂടി കണക്കിലെടുക്കണം. അവരുടെ കണ്ണുനീർ വീണാൽ അതൊരു ശാപമായി മാറും, അതിനിടവരുത്തരുത് എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി പിൻതുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഒരു നേട്ടവും പറയാൻ പറ്റാത്ത സർക്കാർ, എന്തുപറയുമ്പോഴും പ്രതിപക്ഷത്തെ കുറ്റം പറയുന്ന സമീപനവുമായിട്ടാണ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. പ്രശ്നങ്ങൾ മനസ്സിലാക്കി പാവപ്പെട്ട ഗ്രാമീണ ജനങ്ങളെ സഹായിക്കാൻ തയ്യാറാകണം. ഭരണപക്ഷത്തുള്ളവർ സംസാരിക്കുമ്പോൾ അതുകിട്ടി ഇതുകിട്ടി എന്നൊക്കെ പറഞ്ഞു, ഞങ്ങൾക്ക് അത്ഭുതമാണ്. ഞാൻ പൊതുമരാമത്ത് മന്ത്രിയോട് ഒരു പാലത്തിന് ചോദിച്ചിട്ട്. ഇപ്പോൾ ആ പാലവും ഇല്ലാതായി, ഞാനും ബിനോയ് വിശ്വവും ആത്മഹത്യ ചെയ്യേണ്ട ഗതികേടിൽ എത്തിയിരിക്കുകയാണ്. എന്തുപറയുമ്പോഴും ഇവിടെ 'കിട്ടി', 'കിട്ടി', എന്ന് പറയുകയാണ്. എന്റേയും ബിനോയ് വിശ്വത്തിന്റേയും മണ്ഡലത്തിൽ വളരെക്കാലമായി ആവശ്യമുള്ള ഒരു കാര്യമാണ് ആ പാലത്തിന്റെ നിർമ്മാണം. ഒന്നും ചെയ്യുന്നില്ല സർ, അതും ഇതുമൊക്കെ കിട്ടിയെന്നു പറഞ്ഞു, 'നിങ്ങൾക്ക് എന്തെങ്കിലും കിട്ടിയോയെന്ന്' ഞാൻ പലരോടും ചോദിച്ചു, ആർക്കും ഒന്നും കിട്ടിയില്ല, എന്നുപറഞ്ഞു, പ്രതാപനും ഒന്നും കിട്ടിയില്ലെന്നു പറയുന്നു സർ, എന്ത്, നേട്ടങ്ങളാണ്! ഇവിടത്തെ നേട്ടങ്ങളെക്കുറിച്ച് ഞാൻ പറയാം. ഈ സർക്കാർ വന്ന അന്നുമുതൽ ജീവനക്കാരെ ദ്രോഹിച്ചു, വിദ്യാഭ്യാസ മേഖലയെ ആകെ തകർത്തു, ആരോഗ്യരംഗത്ത് പറയത്തക്ക നേട്ടങ്ങളില്ല. ഫണ്ട് അനുവദിച്ചിട്ടില്ല. ആദിവാസികളെ വഞ്ചിച്ചു. ഗ്രാമീണ ജനങ്ങൾക്കുള്ള പദ്ധതികൾ മുടങ്ങി. ഗ്രാമ പഞ്ചായത്തുകൾ മുഖേന നൽകുന്ന ആനുകൂല്യങ്ങൾ പിൻവലിച്ചു. നിങ്ങൾ എന്താണ് ചെയ്തത്? ഇവിടെ രാജു എബ്രഹാം ശബരിമലയെക്കുറിച്ച് പറഞ്ഞു, മുപ്പതാമത്തെ വർഷമാണ് ഞാൻ ശബരിമലയിൽ പോയത്. ഇപ്പോൾ മാത്രമേ അവിടെ പോയി കുളിക്കാതെയുള്ളൂ. എരുമേലിയിലും പമ്പയിലും കുളിക്കാൻ കഴിഞ്ഞില്ല. നാറ്റമാണ് സർ, ആ സ്ഥിതിയാണുള്ളത്. മലബാർ ദേവസ്വം ബോർഡ് ബില്ലിനെക്കുറിച്ച് മലബാറിലെ ജനങ്ങൾക്ക് ഏറെ പ്രതീക്ഷയാണുള്ളത്. സർ, പാവപ്പെട്ട ഒരുപാട് ആളുകൾ വാഹനാപകടങ്ങളിൽ മരിക്കുന്നു, പതിനായിരം രൂപയാണ് കൊടുക്കുന്നത്. ഇവിടെ മാറാട് കൊലചെയ്യപ്പെട്ടവരുടെ ആശ്രിതർക്ക് പത്തു ലക്ഷം രൂപ കൊടുത്തു, കൊടുത്തതുകൊണ്ട് പ്രശ്നമൊന്നുമില്ല, കൊലചെയ്യപ്പെടുന്നവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപ കൊടുക്കുമ്പോൾ വാഹനാപകടങ്ങളിൽ മരിക്കുന്നവരുടെ ആശ്രിതർക്ക് രണ്ടു മൂന്നു ലക്ഷം രൂപയെങ്കിലും കൊടുക്കണ്ടേ സർ? ഇത് ന്യായമാണോ! വാഹനാപകടങ്ങളിൽ മരിക്കുന്നവരുടെ ആശ്രിതർക്ക് പത്തായിരം രൂപയും, പരിക്കുപറ്റുന്നവർക്ക് രണ്ടായിരം രൂപയുമാണ് കൊടുക്കുന്നത്. മാവേലി സ്റ്റോറുകൾ അനുവദിക്കുമെന്ന് പറഞ്ഞു, എവിടേയും അനുവദിച്ചതായി കേട്ടില്ല. അതുപോലെതന്നെ ഫയർ സ്റ്റേഷന്റെയും കാര്യം, ഞാൻതന്നെ എന്റെ നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷന്റെയും, മാവേലി സ്റ്റോറിന്റെയും, കാര്യങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഒന്നും അനുവദിക്കുന്നില്ല, ആ രീതിയിലാണ് പോകുന്നത്. അതുപോലെതന്നെ ഫോറസ്റ്റും സ്പോർട്ട്സും! സ്പോർട്ട്സ് രംഗത്തെക്കുറിച്ച് ശ്രീ. റോഷി അഗസ്റ്റിൻ വലുതായിട്ട് പറഞ്ഞു. എനിക്ക് അത്ഭുതമാണ് തോന്നുന്നത്. സ്പോർട്ട്സ് കൗൺസിൽ എന്നൊരു കൗൺസിലുണ്ട് സർ, അതിനൊരു പ്രസിഡന്റും ഉണ്ട്. ആ പ്രസിഡന്റിന് കട്ടുതിന്നാനും മുടിക്കാനുമല്ലാതെ.....എന്തിനാണ് സർ ഒരു സ്പോർട്ട്സ് കൗൺസിൽ! ഇവിടെ കായികതാരങ്ങളെ സഹായിക്കുന്നില്ല, ഇപ്പോൾ ആരെങ്കിലും വിജയിച്ചുവന്നാൽ അവർക്ക് അഞ്ചു ലക്ഷം രൂപ കൊടുക്കുന്നു. വളർന്നുവരുന്ന കായിക താരങ്ങളെ സഹായിക്കാത്ത ഒരു വകുപ്പാണ് ഇന്നുള്ളത്. സ്പോർട്ട്സ് കൗൺസിലിനെക്കുറിച്ച് ഒട്ടേറെ കാര്യങ്ങൾ പറയാനുണ്ട്, ഞാൻ അതിലേക്കൊന്നും

കടക്കുന്നില്ല. ബഹുമാനപ്പെട്ട ധനമന്ത്രി ഇവിടെയില്ല. സർ, ട്രഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ ഫണ്ട് കൊടുക്കണം. സ്ഥലം അനുവദിച്ചിട്ടുപോലും ഫണ്ട് കൊടുക്കുന്നില്ല, അത്തരം കാര്യങ്ങൾ ചെയ്തുകൊണ്ടുപോകണം. ഇവിടെ ചില വാക്കുകൾ ഉദ്ധരിക്കുവാൻ അനുവദിക്കുന്നില്ല സർ, മുത്തങ്ങ അശ്ലീലമാണോ സർ, എ.ഡി.ബി. അശ്ലീലമാണോ? ബി.എഡി.ന്റെ കാര്യം നേരത്തേ പറഞ്ഞപ്പോൾ.....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്,

ശ്രീ. കെ. പി. മോഹനൻ: ആ രീതി ശരിയല്ല സർ, അതൊക്കെ ജനങ്ങളുടെ സാമൂഹ്യമായ പ്രശ്നങ്ങളാണ്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, 6763.62 കോടി രൂപയുടെ ഉപധനാഭ്യർത്ഥനയേയും 1989-90 മുതൽ 1998-99 വരെയുള്ള വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളേയും ഞാൻ പിൻതാങ്ങുന്നു. ശ്രീ. ജോർജ് ജെ. മാത്യു അക്കമിട്ട് അക്കമിട്ട് ഈ ഉപധനാഭ്യർത്ഥനയുടെ ആവശ്യകത ചൂണ്ടിക്കാണിച്ചു. സർ, ആവർത്തനവിരസതയുടെ പേരിൽ ഞാൻ അത് ആവർത്തിക്കുന്നില്ല. വൈദ്യുതിയാണെങ്കിലും, പൊതുമരാമത്താണെങ്കിലും , ജലവിഭവമാണെങ്കിലും, ആരോഗ്യമാണെങ്കിലും, ടൂറിസമാണെങ്കിലും വ്യവസായമാണെങ്കിലും പൊതുജനങ്ങളുടെ താൽപ്പര്യമനുസരിച്ച്, ദിശാബോധമനുസരിച്ച്; ലക്ഷ്യബോധമനുസരിച്ചുള്ള പ്രവർത്തനങ്ങളാൽ വന്നുഭവിച്ച അധികച്ചെലവുകളാണ് ഇവ എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുതന്നെ ഇരുപത്തിനാലായിരം കോടി രൂപയുടെ അധിക കടത്തോടുകൂടിയാണ്. സർ, കഴിഞ്ഞ ഗവൺമെന്റിന് അധികാരം നഷ്ടപ്പെട്ടതിനെ സംബന്ധിച്ച് വിലയിരുത്തൽ നടന്നപ്പോൾ പ്രധാനപ്പെട്ട മൂന്നു കാര്യങ്ങൾ ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലെ മൂന്നു കക്ഷികൾ പറയുകയുണ്ടായി. ബഹുമാന്യനായ ശ്രീ. വെളിയം ഭാർഗവൻ, പ്ലസ് ടു അനുവദിച്ചതിൽ നടത്തിയ അഴിമതിയാണ് ആ ഗവൺമെന്റിന്റെ പരാജയത്തിന് കാരണമെന്നു പറഞ്ഞു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റിൽ ധനകാര്യം കൈകാര്യം ചെയ്തിരുന്ന ശ്രീ. ടി. ശിവദാസമേനോന്റെ പിടിപ്പുകേടാണ് ആ ഗവൺമെന്റിന് ഇത്രയേറെ കടബാദ്ധ്യത ഉണ്ടാക്കുകയും, ധനകാര്യ മാനേജുമെന്റ് ഒരു വമ്പിച്ച പരാജയമാക്കുകയും ചെയ്തത്, എന്ന് ആ കക്ഷിയുടെ ആൾക്കാർ പറഞ്ഞു. ഇവിടെ ശ്രീ. കെ. ശങ്കരനാരായണൻ അത്ഭുതം കാണിച്ചു എന്നൊന്നും ഞാൻ അവകാശപ്പെടുന്നില്ല. കേരളം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ ധനകാര്യ വിദഗ്ദ്ധനാണ് ശ്രീ. കെ. ശങ്കരനാരായണൻ എന്നും ഞാൻ പറയുന്നില്ല. സർ, ഒരു കാര്യം ഉറപ്പാണ്. കഴിഞ്ഞ കുറേക്കാലമായി രണ്ടു പാലക്കാടൻ രാഷ്ട്രീയ നേതാക്കൻമാർ കേരളത്തിന്റെ സമ്പദ്ഘടനയുടെ കടിഞ്ഞാൺ പിടിച്ചു കൊണ്ടിരിക്കുന്നു. ഈ രണ്ടുപേരുടേയും പേർ ഞാൻ പറയുന്നില്ല. ശ്രീ. കെ. ശങ്കരനാരായണൻ സാമാന്യമായി ഭേദപ്പെട്ട നിലയിൽ ധനകാര്യ മാനേജുമെന്റ് നടത്തുന്നതിൽ വിജയിച്ചു എന്നാണ് എന്റെ വിശ്വാസം. ഒരു സത്യം ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. 2002-2003-ൽ കേരളത്തിന്റെ ധനകാര്യ രംഗത്തുണ്ടായ പരിമിതികളിൽ നിന്നുകൊണ്ട് ഏതാണ്ട് 6.1 ശതമാനം വളർച്ചാനിരക്ക് നമുക്ക് ഉണ്ടാക്കാൻ കഴിഞ്ഞു, ഈ ഗവൺമെന്റ് ജനങ്ങളുടെ പേരിൽ, ജനങ്ങളുടെ മുകളിൽ, കൂടുതൽ നികുതിയും അല്ലെങ്കിൽ വൈദ്യുതിചാർജ് വർദ്ധനവും അടക്കമുള്ള കാര്യങ്ങൾ ഏർപ്പെടുത്താതിരിക്കാനുള്ള ശ്രമങ്ങളുടെ ഫലമായി റവന്യു കമ്മി കൂടി; 4122.16 കോടി രൂപ ആയി. ധനകമ്മി കൂടി,

LIBRARY ARCHIVES Kerala Legislative Assembly

പൊതുകടം കൂടിയെന്നുള്ളതുകൊണ്ട് ഈ ധനകാര്യ മാനേജുമെന്റിനെ അടക്കി ആക്ഷേപിക്കുന്നത് ശരിയാണോയെന്ന് ധനകാര്യ വിദഗ്ദ്ധൻമാരെന്ന് അവകാശപ്പെടുന്ന നമ്മുടെ ബഹുമാന്യരായ പ്രതിപക്ഷ നിയമസഭാ സാമാജികൻമാർ വിലയിരുത്തണമെന്നാണ് എന്റെ അഭ്യർത്ഥന. സർ, നമ്മുടെ റവന്യൂ വരുമാനത്തിന്റെ 94.32 ശതമാനവും ശമ്പളത്തിനു വേണ്ടിയും പെൻഷനുവേണ്ടിയും പലിശയിനത്തിലുമൊക്കെ നമ്മൾ കൊടുക്കുന്നു. പലിശ തന്നെ ഏതാണ്ട് 294.76 കോടി രൂപയുടേതായി വന്നിട്ടുണ്ട്. സേവനരംഗത്ത് 64 ശതമാനം ഉയർച്ചയുണ്ടായി, അതിൽ 24 ശതമാനവും നമ്മുടെ രാജ്യത്തിന് പുറത്തുള്ള വിദേശ മലയാളികളുടെ സഹായത്താൽ ലഭിക്കുന്നതാണ്. സർ, കാർഷിക രംഗമെടുക്കുക, കാർഷിക രംഗത്തെ സംബന്ധിച്ച് കർഷകന്റെ പരാധീനതകളും പരിമിതികളും അറിയാമല്ലോ, ശ്രീമതി കെ. ആർ. ഗൗരിയമ്മ അത്ഭുതം കാണിച്ചു എന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷെ കാർഷിക രംഗത്ത്, നാളികേരത്തിന്റെയും റബ്ബറിന്റെയും, കാപ്പിയുടെയും അടയ്ക്കയുടെയും കാര്യത്തിലൊക്കെ നേട്ടമുണ്ടാക്കാൻ കഴിഞ്ഞു. അതിനിടയിൽ വളരെ ദൗർഭാഗ്യകരമായ, പറയാതിരിക്കാൻ കഴിയാത്ത, ഒരു കാര്യമുണ്ട്. അത് നമ്മുടെ മൃഗസംരക്ഷണ രംഗത്ത് ഉണ്ടായ പരാധീനതയാണ്. ഇപ്പോൾ നടന്ന സെൻസസിന്റെ അടിസ്ഥാനത്തിൽ 24.4 ശതമാനം കന്നുകാലികളുടെ എണ്ണം കുറഞ്ഞു, പാൽ ഉൽപ്പാദനത്തിൽ പതിനൊന്ന് ശതമാനം കുറവുണ്ടായി എന്ന വസ്തുത വെളിപ്പെടുത്തിരിക്കുകയാണ്. സർ, കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ മന്ത്രിയും, ഞാൻ മിൽമയുടെ ചെയർമാനും ആയിരുന്നു. മിൽമ എങ്ങനെ പിടിച്ചടക്കാമെന്നതിനെ സംബന്ധിച്ച് ഗവേഷണം നടത്തി, ആ ഗവേഷണങ്ങളെല്ലാം പരാജയപ്പെട്ടപ്പോൾ മിൽമയുടെ സ്വാധീനം തകർക്കുക എന്ന ഏക ലക്ഷ്യത്തോടുകൂടി 1998-നും 2000-നും ഇടയിൽ 38 സ്വകാര്യ പാൽ കച്ചവടക്കാരെ കേരളത്തിൽ കൊണ്ടുവന്നു. ആ സ്വകാര്യ പാൽ കച്ചവടക്കാർ വന്ന വഴിയും, അതിന്റെ പിന്നിലുള്ള വഴിയും..ഞാൻ ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ അഴിമതിക്കാരനാണെന്ന് പറയില്ല. പക്ഷെ ഇ. ചന്ദ്രശേഖരൻ നായരുടെ പുറകിൽ നിന്ന് അഴിമതി കാണിച്ച ചിലരെ അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫിൽ നിന്നും പുറത്താക്കിയ കഥകൾ ഞാനും മറന്നിട്ടില്ല; ഈ സഭയും മറന്നിട്ടില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഈ ഗവൺമെന്റ് തീർച്ചയായും ആ രംഗത്ത് വളരെ ശ്രദ്ധയോടുകൂടി താൽപ്പര്യം കാണിക്കണം. ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെ നല്ലതെന്നു പറയുവാനും മോശമായ കാര്യങ്ങളെ മോശമെന്നു പറയുന്നതിനും യാതൊരു മടിയുമില്ല. ഇപ്പോൾ മിൽമ, മദർ ഫുഡ്സുമായിട്ട് ഒരു എഗ്രിമെന്റ് ഉണ്ടാക്കി, ആ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ വിപണന രംഗത്ത് 9 മാസം പാലിന് ദൗർലഭ്യം നേരിടുന്ന ഒരു സംസ്ഥാനത്ത് വിപണനം നടത്തുവാൻ ഒരു പ്രത്യേക ഏജൻസിയെ കൊണ്ടുവന്ന് അധികരിച്ച ചെലവുണ്ടാക്കുക, മിൽമയുടെ അതിമനോഹരമായ മൂന്ന് ചന്ദ്രക്കലകൾ ചേർന്ന പശുവിന്റെ തലയുള്ള അതിമനോഹരമായ, കേരളത്തിലെ കുഞ്ഞുങ്ങൾപോലും കണ്ടാൽ വിളിച്ചുപറയുന്ന എണ്ണം ഉപേക്ഷിക്കുക; തീർച്ചയായും അതിന്റെ പിന്നിലുള്ള പ്രേരകശക്തികൾ ഏത് തന്നെയാണെങ്കിലും—തീർച്ചയായും ശ്രീമതി. കെ. ആർ. ഗൗരിയമ്മയെപ്പോലുള്ള ഒരു മന്ത്രി അധികാരത്തിലിരിക്കുമ്പോൾ—അവയെ നിയന്ത്രിക്കേണ്ടതാണ്. ഞാൻ ഓർക്കുന്നു സർ, 1980-ൽ ശ്രീമതി കെ. ആർ. ഗൗരിയമ്മ കേരളത്തിന്റെ കൃഷിവകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് മിൽമയ്ക്ക് തുടക്കം കുറിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

1982 മുതൽ തുടർച്ചയായി 2000 വരെ ആ സ്ഥാപനത്തെ നയിക്കാൻ കഴിഞ്ഞവൻ എന്ന നിലയിൽ ഇന്ന് അതിന്റെ തകർച്ചയിൽ എനിക്ക് ദുഃഖമുണ്ട്. ബഹുമാന്യയായ മന്ത്രി അക്കാര്യത്തെ സംബന്ധിച്ച് വളരെ ഗൗരവമായി ആലോചിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. സന്ദർഭോചിതമായി ഒരു കാര്യം പറയുന്നു. ഇപ്പോൾ 400 കെ.വി ലൈൻ എന്റെ നിയോജകമണ്ഡലത്തിലൂടെ കടന്നുപോവുകയാണ്. വികസനത്തിന്റെ കാര്യത്തിൽ ഞങ്ങളാരും എതിരല്ല. പക്ഷേ അവിടെ വിള നഷ്ടപ്പെടുന്ന കർഷകനെ സഹായിക്കാൻ ആവശ്യമായ സഹായം പവർ ഗ്രിഡിനെ കൊണ്ട് കൊടുപ്പിക്കുന്നതിൽ ഈ ഗവൺമെന്റ് ശ്രദ്ധചെലുത്തണമെന്ന് പറയുവാൻ ഈ സന്ദർഭം വിനിയോഗിക്കുന്നു. നമ്മുടെ രാജ്യത്ത് ഒരു ദിവസം കൊണ്ട് വികസനമുണ്ടാകില്ല. ഇവിടെ ഇന്ന് വ്യർത്ഥതാബോധത്തോടുകൂടി ശ്രീ. കുഞ്ഞാലിക്കുട്ടി പ്രസംഗിക്കുന്നത് ഞാൻ കേട്ടു. 'ജിം' എന്നുപറഞ്ഞാൽ ഒരു ദിവസം കൊണ്ട് ഫലമുണ്ടാകുന്ന ഒരു പ്രക്രിയയാണെന്ന് അദ്ദേഹം ധരിച്ചോ എന്നെനിക്കറിയില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ബഹുമാന്യനായ അന്നത്തെ മുഖ്യമന്ത്രിയും അന്നത്തെ വൈദ്യുതിമന്ത്രിയും ഈഫൽ ഗോപുരത്തിന്റെ മുകളിൽ കയറി നിന്നുകൊണ്ട് കേരളത്തിൽ വ്യവസായങ്ങളെ ആകർഷിക്കുന്നതിന് വേണ്ടി നാലുപാടും പരതി നോക്കിയത് കേരളത്തിലെ ജനങ്ങൾ മറന്നിട്ടില്ല. 'ജിം'-നെ സംബന്ധിച്ച്, ചീര നടുന്നതും തെങ്ങ് നടുന്നതും രണ്ടും രണ്ടാണ്. ചീര 10 ദിവസം കഴിയുമ്പോൾ പറിച്ച് ഫലമെടുക്കാം. നാളികേരം കിട്ടണമെങ്കിൽ വർഷങ്ങൾ കാത്തിരിക്കണം. കേരളത്തിന്റെ വ്യാവസായിക രംഗത്ത് തീർച്ചയായും ഏതാണ്ട് 6846 കോടി രൂപ വിനിയോഗിക്കാനുള്ള പദ്ധതികൾ ഒരു ദിവസം കൊണ്ട്, സ്വിച്ച് ഇടുമ്പോൾ ബൾബ് കത്തുന്നതുപോലെ ഉണ്ടാകില്ല. ഇവിടെ വ്യാവസായിക സമാധാനം വേണം, ക്രമസമാധാനം വേണം. സ്വാഭാവികമായും 1.5% നമുക്ക് വ്യാവസായിക വളർച്ചയുണ്ടായി എന്ന കാര്യത്തിൽ എന്തെങ്കിലും തർക്കമുണ്ടോ? വിവരസാങ്കേതിക രംഗത്ത്, വിദ്യാഭ്യാസ രംഗത്ത് 5,000 കോടി രൂപയുടെ മുതൽമുടക്കുവാൻ കഴിഞ്ഞു. തമിഴ്നാട്ടിലേക്കും കർണ്ണാടകത്തിലേക്കും പ്രൊഫഷണൽ വിദ്യാർത്ഥികൾ പോയിരുന്ന സ്ഥാനത്ത് ഇന്ന് നമ്മുടെ സംസ്ഥാനത്ത് തന്നെ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനുള്ള സാഹചര്യമുണ്ടാകുന്നു. ഇന്ന് ബി.എഡ്. കോളേജിന്റെ പേരിൽ ആക്ഷേപമുന്നയിക്കുന്നു. അഴിമതി നടക്കരുത് എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. സംശുദ്ധത നിലനിർത്തണമെന്നുള്ള കാര്യത്തിലും, സത്യസന്ധത നിലനിർത്തണമെന്ന കാര്യത്തിലും യാതൊരു തർക്കവുമില്ല. ബഹുമാന്യനായ വിദ്യാഭ്യാസമന്ത്രിയുടെ പാർട്ടിയിലെ ആരെങ്കിലും കൈക്കൂലി വാങ്ങിച്ചിട്ടുണ്ടെങ്കിൽ അവരെ കയ്യാമം വയ്ക്കുന്നതിനാവശ്യമായ നിയമ നടപടി ഉണ്ടാകണമെന്നോ അല്ലെങ്കിൽ അതിനാവശ്യമായ അന്വേഷണം ഉണ്ടാകണമെന്നോ ഈ ഗവൺമെന്റിന് നിർബന്ധമുണ്ട്. പ്ലസ് ടു-വിന്റെ കാര്യത്തിൽ അന്വേഷണം നടത്താൻ നിങ്ങൾ തയ്യാറായോ? ഇന്ന് അന്വേഷണം നടത്താമെന്ന് പറഞ്ഞാലും അന്വേഷണം പറ്റുകയില്ല. ഇവിടെ ആവശ്യം നിർബന്ധമായി—സിറ്റിംഗ് ജഡ്ജിയെ കൊണ്ട് അന്വേഷിപ്പിക്കണം. വ്യവസായ രംഗത്ത് മാറ്റമുണ്ടായി എന്ന യാഥാർത്ഥ്യം ഉൾക്കൊള്ളുവാൻ നമ്മൾ തയ്യാറാകണം. വിനോദസഞ്ചാര രംഗത്ത് 30% വർദ്ധനവുണ്ടായി. ലോകത്ത് ഒരു സ്ഥലത്തേക്കും ആളുകൾക്ക് പോകാൻ കഴിയാത്ത നിലയിലേക്ക് കാര്യങ്ങൾ വന്ന് ഭവിച്ചിരുന്നു. ഇൻഡ്യയിൽ തന്നെ കേരളത്തിലേക്ക് ധൈര്യത്തോടുകൂടി, സന്തോഷത്തോടുകൂടി കടന്നുവരുവാൻ വിനോദസഞ്ചാരികൾ ഇന്ന് തയ്യാറായിരിക്കുന്നു. അതാണ് 30% വർദ്ധനവ് കാണിക്കുന്നത്. അതിന് അടിസ്ഥാന സൗകര്യങ്ങളിൽ കൂടുതൽ സാമ്പത്തിക സഹായങ്ങൾ വേണം. ആ സാമ്പത്തിക സഹായം എത്തിക്കുന്നതിൽ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

മുൻകയ്യെടുക്കണമെന്ന അഭ്യർത്ഥനയുണ്ട്. ആ കൂട്ടത്തിൽ എന്റെ നിയോജക മണ്ഡലത്തിലെ ജഡായുപാറയെ ഒരു എക്കോ ടൂറിസ്റ്റ് സങ്കേതമാക്കാമെന്ന് പറഞ്ഞു. ഇൻഡ്യയിൽ ഇതുപോലൊരു സങ്കേതം വേറെയില്ല. ജഡായുവുമായി ബന്ധപ്പെട്ട ഒരു സ്ഥാപനവുമില്ല. തീർച്ചയായും ആ കാര്യത്തിൽ ഗവൺമെന്റ് വളരെ സൃഷ്ടിപരമായി കാര്യങ്ങൾ രൂപകൽപ്പന ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ തൊഴിലില്ലായ്മയെ സംബന്ധിച്ച് നമുക്കറിയാം, തൊഴിലില്ലാത്തവരുടെ എണ്ണം ഇപ്പോൾ 38.68 ലക്ഷമായി. നമ്മുടെ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് 1.82 ലക്ഷം ചെറുപ്പക്കാർ ഇപ്പോൾ തൊഴിലില്ലാതെ പുറത്തുനിൽക്കുന്നു. പ്രൊഫഷണൽ വിദ്യാഭ്യാസം പൂർത്തീകരിച്ച് പുറത്ത് വരുന്ന നമ്മുടെ പ്രൊഫഷണലിസ്റ്റുകൾക്ക് കേരളത്തിൽതന്നെ പണി കൊടുക്കാൻ കഴിയില്ല. വൈദഗ്ദ്ധ്യമുള്ളവർക്ക് ലോകത്ത് എവിടെ തൊഴിലുണ്ടോ ആ തൊഴിൽ കണ്ടെത്തുന്നതിന് അവരെ സഹായിക്കുന്നതിനാവശ്യമായ സമഗ്രമായ ഒരു പദ്ധതി വിവരസാങ്കേതിക വിദ്യാഭ്യാസത്തിന്റെ അനുബന്ധമായി തുടങ്ങുവാൻ ഈ ഗവൺമെന്റ് തയ്യാറാകണമെന്ന് എനിക്ക് അഭ്യർത്ഥനയുണ്ട്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ 51 എണ്ണം നഷ്ടത്തിലാണ്, നഷ്ടമുണ്ടാക്കിയത് 422 കോടി രൂപ. ലാഭത്തിലായത് 30 എണ്ണം, ലാഭം 279.26 കോടി രൂപ. നിലവിലുള്ള 9 എണ്ണം പൂട്ടി. അതുപോലെതന്നെ കെ.എസ്.ആർ.ടി.സി.-യിൽ ചലനാത്മകമായ മാറ്റമുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നമുക്ക് നഷ്ടമുണ്ടാക്കുന്ന കേരള വാട്ടർ അതോറിറ്റിയാണെങ്കിലും ഹൗസിംഗ് ബോർഡാണെങ്കിലും, ആ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനും അടിസ്ഥാന വ്യവസായങ്ങളായ കശുവണ്ടി, കൈത്തറി അടക്കമുള്ള വ്യവസായങ്ങളെ സഹായിക്കുന്നതിനും ആവശ്യമായ ഒരു സംവിധാനം ഇവിടെയുണ്ടാകണം. ഈ ഗവൺമെന്റ് നല്ല കാര്യങ്ങൾ ഒട്ടനവധി ചെയ്തു. നിഷേധിക്കാൻ കഴിയുമോ? പക്ഷേ ശ്രീ. രാജു എബ്രഹാം പറഞ്ഞ ഒരു യാഥാർത്ഥ്യം ഇവിടെ അനുസ്മരിക്കാൻ ഞാൻ തയ്യാറാവുകയാണ്. ഈ ഗവൺമെന്റ് ചെയ്യുന്ന നല്ല നല്ല കാര്യങ്ങൾക്കാവശ്യമായ പ്രചാരണം കൊടുക്കുന്നതിന് പകരം ഞങ്ങളിലുള്ള പടല പിണക്കത്തിന്റെ അടിസ്ഥാനത്തിൽ ആ യഥാർത്ഥ്യം ജനങ്ങളിൽ എത്തിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുത്തുന്നു എന്നത് സത്യം തന്നെയാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവടക്കം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അറിയാമല്ലോ? ഇവിടെ കോൺഗ്രസ്സിൽ ഒരു പിളർപ്പുണ്ടാക്കി കോൺഗ്രസ്സിനെ രണ്ടാക്കുക, പശ്ചിമ ബംഗാൾ പോലെ എന്നുമെന്നും കേരളം ഭരിക്കുക എന്ന സ്ഥിതിവിശേഷം ഉണ്ടാകാൻ പോകുന്നില്ല. കോൺഗ്രസ്സിൽ ഐക്യമുണ്ടാകും. ഇവിടെ പാഞ്ചാലിയുടെ വസ്ത്രാക്ഷേപം പോലെയാണ് കേൺഗ്രസ്സിലെ ഗ്രൂപ്പ് എന്ന് ശ്രീ. കടവൂർ ശിവദാസൻ പറഞ്ഞെന്നാണ് ശ്രീ. രാജു എബ്രഹാം പറഞ്ഞത്. അദ്ദേഹം അത് മാത്രമല്ല പറഞ്ഞത്. പാഞ്ചാലിയുടെ വസ്ത്രാക്ഷേപം നടക്കുന്ന അവസരത്തിൽ എത്ര നാൾ കഴിഞ്ഞാലും ആ വസ്ത്രം പൂർണ്ണമായി അഴിഞ്ഞ് ധർമ്മഭ്രംശം ഉണ്ടാകാതിരിക്കുന്നതിന് ശ്രീകൃഷ്ണന്റെ ശക്തിയും ചൈതന്യവുമുണ്ട് എന്നൊരു കഥകൂടിയുണ്ട്. അതുകൊണ്ട് ഒരിക്കലും ധർമ്മഭ്രംശം ഉണ്ടാവുകയോ അല്ലെങ്കിൽ പാഞ്ചാലി ധർമ്മഭ്രംശയാവുകയോ ചെയ്യില്ല എന്ന യാഥാർത്ഥ്യം ശ്രീ. രാജു എബ്രഹാമിന് അറിയാമോ? കോൺഗ്രസ്സിന് ധർമ്മഭ്രംശം ഉണ്ടാകില്ല. കോൺഗ്രസ്സ് ഇനിയും ഉയർന്നുവരുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഒരു കാര്യം കൂടി പറയാൻ ആഗ്രഹിക്കുന്നു. കുടുംബത്തിൽ കലഹമുണ്ടാകും. കുടുംബത്തിൽ കലഹമുണ്ടാകുന്ന അവസരത്തിൽ കാവൽക്കാരൻ കാര്യസ്ഥനാകാൻ വരും. അയൽക്കാരൻ ആ കുടുംബത്തിൽ വന്ന് ഭരണം ഏറ്റെടുക്കുവാൻ ശ്രമിക്കും. അയൽക്കാരനായ ശത്രു

LIBRARY ARCHIVES Kerala Legislative Assembly

പശുവിന്റെ കയർ അറുത്തുവിടും. ഒരുപക്ഷേ തുറുവിന് തീ കൊളുത്തിയെന്നും വരും. പക്ഷേ കുടുംബത്തിലുള്ളവർ അത് മനസ്സിലാക്കണം. കുടുംബ കലഹമുണ്ടായാൽ കണ്ടുനിൽക്കുന്നവനും അയൽക്കാരും അടുത്ത ശത്രുവുമൊക്കെ കുടുംബം കയറി ഭരിക്കുമെന്ന യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കേണ്ടതുണ്ട് എന്നതാണ് ശ്രീ. രാജു എബ്രഹാമിന്റെ അഭിപ്രായത്തിന് അനുബന്ധമായി എനിക്ക് പറയാനുള്ളത്. ഒരാളും കുടുംബ കലഹമുണ്ടായാൽ കുടുംബ കലഹത്തിന്റെ പേരിൽ മുറ്റത്തുള്ള ചുവരിൽ കരിക്കട്ട കൊണ്ട് കുടുംബത്തിന് ദോഷമുണ്ടാകുന്നത് എഴുതില്ല; ഒരുപക്ഷേ എഴുതിയത് എഴുതുന്നവർ മറന്നാലും കാണുന്നവർ മറക്കില്ല. അത് മനസ്സിലാക്കുവാനുള്ള ഉൾക്കരുത്തും രാഷ്ട്രീയ അവബോധവും കാഴ്ച്ചപ്പാടും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന് ഉണ്ടെന്ന് ഇപ്പോൾ തെളിയിച്ചുകൊണ്ടിരിക്കുന്നു. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ച് അറിയാമല്ലോ? പശ്ചിമ ബംഗാളിൽ എന്താണ് നടക്കുന്നത്? പശ്ചിമ ബംഗാളിൽ ഭരണം നടത്തുന്ന ബഹുമാന്യനായ ബുദ്ധദേവ് ഭട്ടാചാര്യ ചെയ്യുന്നതെല്ലാം ബുദ്ധി, അതേ കാര്യങ്ങൾ കേരളത്തിൽ ശ്രീ. എ.കെ. ആന്റണി ചെയ്തുകഴിഞ്ഞാൽ അതെല്ലാംതന്നെ അബദ്ധം. ബംഗാൾ ഗവൺമെന്റ് ശുദ്ധജല പദ്ധതിക്ക് വേണ്ടി ലോകബാങ്ക് സഹായം തേടിയിരിക്കുന്നു. എക്സ്പ്രസ്സ് ഹൈവേക്ക് വേണ്ടി എ.ഡി.ബി വായ്പ വാങ്ങിയിരിക്കുന്നു. ചേരി നിർമ്മാർജ്ജനത്തിന് വേണ്ടി ജി.എഫ്.ഐ.ഡി. വായ്പ വാങ്ങിയിരിക്കുന്നു. ബഹുരാഷ്ട്ര വ്യവസായ കുത്തകകളെ അവിടേക്ക് ക്ഷണിച്ചിരിക്കുന്നു. ഖരാവോയും അനാവശ്യ സമരങ്ങളും അവിടെ നിയമവിരുദ്ധമാക്കിയിരിക്കുന്നു. ഇതെല്ലാം കേരളത്തിൽ ശ്രീ. ആന്റണി ചെയ്താൽ അപരാധം, ശ്രീ. ബുദ്ധദേവ് ചെയ്താൽ ബുദ്ധിപരം എന്ന് പറയുന്ന ന്യായത്തോട് നമുക്ക് യോജിക്കാൻ കഴിയുന്നില്ല. ഇപ്പോൾ ഇവരെല്ലാം തന്നെ ഇന്നലെകളിലെ പാട്ട്, "ആദ്യത്തെ മാനം ചെമ്മാനം, പിന്നത്തെ മാനം പൂമാനം, ചെമ്മാനത്തിനും പൂമാനത്തിനും മേലെ മേലെ....." എന്ന് പാടിയവർ ഇപ്പോൾ പറയുന്നു നാലാം മാനം അപമാനം അല്ലെങ്കിൽ നാലാം ലോകം പരലോകം എന്ന്. സർ, ഇവിടെ ചുവന്ന മഴ പെയ്യുന്നു. ചുവന്ന മഴ പെയ്യുന്നതിനുകാരണം പറയുന്നത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പ്രത്യയശാസ്ത്ര വിവാദ വിസ്ഫോടനമാണെന്നാണ്. അതിൽ ചുവന്ന ജീവികൾ ഉണ്ട് എന്ന് പറയുന്നു; അന്യഗ്രഹത്തിൽ നിന്ന് വന്ന ജീവികൾ. ആ ചുവന്ന ജീവികൾ ആരൊക്കെയെന്ന് പറയുന്നതിന് ഇപ്പോൾ എം.ജി. യൂണിവേഴ്സിറ്റി തയ്യാറായിട്ടില്ല. പ്രകൃതിക്ഷോഭം ഉണ്ടാകുമ്പോൾ—വിസ്ഫോടനം ഉണ്ടാകുമ്പോൾ മാത്രമാണ് നമ്മുടെ രാജ്യത്ത് ഈ ചുവന്ന മഴയുണ്ടാകുന്നത്. ഇവിടെ രാഷ്ട്രീയ വിസ്ഫോടനം ഉണ്ടാക്കുന്നത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രത്യയശാസ്ത്ര വിസ്ഫോടനംമൂലമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ അടുത്ത കാലത്ത് പറഞ്ഞിരിക്കുന്നു ജനകീയാസൂത്രണമെന്നു പറയുന്നത് ലോകബാങ്ക് പദ്ധതിക്ക് സമാനമായിട്ടുള്ളതാണ് എന്ന്. അദ്ദേഹത്തിന് യഥാർത്ഥ നളനെ കാണാൻ കഴിയുന്നില്ല. 'നളദമയന്തി' കാണുന്ന ബഹുമാന്യനായ പ്രതിപക്ഷനേതാവ് യഥാർത്ഥ നളനെ തേടി തേടി ഉറക്കമിളച്ചതിന്റെ ഫലമായി അദ്ദേഹത്തിന് നിയമസഭയിൽപോലും വന്ന് ഉറക്കം തൂങ്ങേണ്ടി വന്നു എന്ന് പറയേണ്ടി വന്നതിൽ എനിക്ക് വിഷമമുണ്ട്, വേദനയുണ്ട്. ഈ ഗവൺമെന്റ് സൃഷ്ടിപരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. എന്നാൽ ഇവിടെ ഒരു ഭാഗത്ത് ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതാവായിരുന്ന ശ്രീ. എം. പി. പരമേശ്വരൻ സോഷ്യൽ ഡെമോക്രസിയെപ്പറ്റി പറയുന്നു. ശ്രീ. എം. എൻ. വിജയനും പാഠം പഠിതാക്കളും ഒരു

[12. Noon

LIBRARY ARCHIVES Kerala Legislative Assembly

ഭാഗത്ത് യാഥാസ്ഥിതിക വിഭാഗത്ത് നിൽക്കുന്നു. ഇന്നലകളിൽ "നമ്മൾ കൊയ്യും വയലുകളെല്ലാം നമ്മുടേതാകും പൈങ്കിളിയെ" എന്ന മുദ്രാവാക്യം മുഴക്കിയ പാവപ്പെട്ട കമ്മ്യൂണിസ്റ്റുകാരൻ ഇതെല്ലാം കണ്ടും കേട്ടും അന്ധാളിച്ചുനിൽക്കുന്നു. ഈ പ്രതിസന്ധിയിലും ഒരു നല്ല കാര്യമുണ്ട്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഹൈദ്രാബാദ് സമ്മേളനം കൈക്കൊണ്ട പ്രമേയം. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് സോണിയാ ഗാന്ധി നേതൃത്വം കൊടുക്കുന്ന കോൺഗ്രസ്സിനെ കേന്ദ്രത്തിൽ ഭരണത്തിൽ കൊണ്ടുവരുന്നതിന് ആവശ്യമായ പിന്തുണയുണ്ടാകുമെന്ന പ്രമേയം. നല്ല കാര്യമാണ്. ആ കൂട്ടായ്മ ഉണ്ടാകാൻ അണികളിൽ ആവശ്യമായ നടപടികൾകൂടി ഉണ്ടാകണം. ആ കൂട്ടായ്മയുടെ ഫലമായി കേരളത്തിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനുള്ള ശ്രമം ഉണ്ടാകണം. ജനകീയാസൂത്രണത്തിൽ ഡോക്ടർ തോമസ് ഐസക്കും ശ്രീ. എം. പി. പരമേശ്വരനും ചെയ്തത് തെറ്റാണെന്ന് മാർക്സിസ്റ്റ് പാർട്ടി പറഞ്ഞുകഴിഞ്ഞു. യഥാർത്ഥ ജനകീയ ആസൂത്രണം വരാൻ പോകുന്നതേയുള്ളു എന്നാണ് പുതിയ വാഗ്ദാനം. അത് നടക്കില്ല, ഇത് കേരളമാണ്. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. നമ്മുടെ ധനകാര്യ മാനേജ്മെന്റ് കഴിഞ്ഞ ഭരണകാലത്ത് രോഗശയ്യയിൽ കിടക്കുകയായിരുന്നു. കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ രോഗശയ്യയിൽ നിന്ന് ഡോക്ടറല്ലാത്ത, ഡോക്ടറേറ്റ് ഇല്ലാതെ സാധാരണ ഒരു നാട്ടുവൈദ്യൻ—ധനകാര്യമന്ത്രി ശ്രീ. ശങ്കരനാരായണൻ —തന്റെ പ്രായോഗിക വൈദ്യ ശാസ്ത്രമുപയോഗിച്ച് ചികിൽസിച്ച് നല്ല ധനകാര്യ മാനേജ്മെന്റിലൂടെ രോഗവിമോചിതമാക്കിയതിന്റെ ഒരു സൂചനയാണ് നമ്മൾ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ഈ രോഗിയെ പണ്ട് ചികിൽസിച്ചിരുന്നത് ഒരു ലാടവൈദ്യനായിരുന്നു. വൈദ്യ ശാസ്ത്രത്തെക്കുറിച്ചും സാമ്പത്തിക ശാസ്ത്രത്തെക്കുറിച്ചും കേട്ടുകേൾവിപോലുമില്ലാതിരുന്ന ഒരു ലാടവൈദ്യന്റെ ചികിൽസകൊണ്ടാണ് ധനകാര്യമാനേജ്മെന്റ് രോഗത്തിലേക്കും അവിടെനിന്ന് രോഗശയ്യയിലേക്കും പോയി എഴുന്നേൽക്കാൻ വയ്യാത്ത രീതിയിൽ എത്തിച്ചേർന്നത്. എന്തെല്ലാമാണ് കഴിഞ്ഞ കാലഘട്ടങ്ങളിൽ നടന്നത്! ഇപ്പോൾ ഉണ്ടായിരിക്കുന്ന ഈ സാമ്പത്തിക .....

ശ്രീ. ബി. വിജയകുമാർ: സർ, പ്ലാനിംഗ് ബോർഡിൽ ഇരുന്ന ഒരു വിഷവൈദ്യന്റെ പിന്തുണകൂടി ഈ ലാടവൈദ്യനുണ്ടായിരുന്നുയെന്ന് അങ്ങേക്ക് അറിയാമോ?

ശ്രീ. എം. എ. വാഹീദ്: സർ, ആ വിഷമാണ് ഏറ്റവും കൂടുതൽ അപകടത്തിലേക്ക് നമ്മുടെ സാമ്പത്തിക സ്ഥിതിയെ എത്തിച്ചത്. ആ വിഷവൈദ്യൻ പ്ലസ് ടു ആരംഭിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചു. പ്ലസ് ടു കോഴ്സ് നമുക്ക് വളരെയേറെ അധികച്ചെലവുണ്ടാക്കിയതാണ്. പ്ലസ് ടു എന്നുപറയുന്നത് മുമ്പ് പ്രീ ഡിഗ്രിയായി കോളേജുകളിൽ ആയിരുന്നു. അവിടെ ലാബുണ്ട്, അവിടെ ലൈബ്രറിയുണ്ട്, ഭൗതിക സൗകര്യങ്ങളുണ്ട്, അവിടെ അദ്ധ്യാപകന്മാരുണ്ട്, അവർക്ക് ഇപ്പോഴും ശമ്പളം കൊടുത്തുകൊണ്ടിരിക്കുന്നു. അവരെ ഒരു പണിയും ഇല്ലാതിരുത്തുകയും പകരം പുതിയ അദ്ധ്യാപകന്മാരെ നിയമിച്ച്, പുതിയ ലാബറട്ടറികൾ ഉണ്ടാക്കി, പുതിയ ലൈബ്രറികൾ ഉണ്ടാക്കി, പുതിയ സംവിധാനങ്ങളുണ്ടാക്കി സർക്കാരിന് കൂടുതൽ ചെലവ് വരുത്തത്തക്ക രീതിയിൽ പ്ലസ് ടു സമ്പ്രദായം കൊണ്ടുവന്നതുകൊണ്ട് ഓരോ വർഷവും ആവർത്തന ചെലവ് നമ്മുടെ സാമ്പത്തിക മേഖലയെ ഇപ്പോഴും ബാധിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മാനവീയം ഉണ്ടാക്കിയ കെടുതികൾ ചില്ലറയല്ല. അതിനേക്കാൾ ഭീകരമാണ് ജനകീയാസൂത്രണം. തിരിച്ച് വരാത്ത, തിരിച്ചടവ് വരാത്ത, തിരിച്ച് പണം കിട്ടാത്ത, പ്രത്യുല്പാദനപരമല്ലാത്ത പല കാര്യങ്ങൾക്കും പണം ചെലവഴിച്ച് നമ്മുടെ നാടിനെ ഗ്രാമങ്ങളെ, ഗ്രാമപഞ്ചായത്തുകളെ പട്ടിണിയിലേക്ക് എത്തിക്കുന്ന രീതിയിലേക്ക് ജനകീയാസൂത്രണത്തെ ഒരു അഴിമതി ആസൂത്രണമാക്കി മാറ്റിയിരുന്നു. അതിന് കാരണക്കാരായവരുടെ പേരിൽ ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അതാണ് വീണ്ടും വീണ്ടും അഴിമതികളിലേക്ക് നമ്മുടെ ഗ്രാമപഞ്ചായത്ത് തലം മാറാൻ കാരണമായിക്കൊണ്ടിരിക്കുന്നത്. ഈ അഴിമതികൾ മാറ്റി സുതാര്യമായി പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടിയാണ് കേരള വികസന പദ്ധതി കൊണ്ടുവന്നത്. ആ കേരള വികസന പദ്ധതിയെ പോലും ചില എൽ.ഡി.എഫ്. ഭരണ നേതൃത്വത്തിലുള്ള പഞ്ചായത്തു സമിതികൾ അഴിമതിയിൽ മുക്കാൻ ശ്രമിക്കുന്ന കാലഘട്ടമാണ്. അഴിമതി ചെയ്താൽ ആരും നോക്കില്ലായെന്നും ഒരു നടപടിയും ഉണ്ടാവുകയില്ലായെന്നുമുള്ള ഒരു ധാരണ, ജനകീയാസൂത്രണത്തിലൂടെ എൽ.ഡി.എഫ്. സർക്കാർ ഗ്രാമ പഞ്ചായത്തിലെ ഭരണം നടത്തുന്നവർക്ക് നൽകിയതുകൊണ്ട് ഇപ്പോഴും അഴിമതി തുടരാൻ ശ്രമിക്കുകയാണ്. അഴിമതി അവസാനിപ്പിക്കാൻവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നടത്തുന്ന എല്ലാ ശ്രമങ്ങളേയും പിന്തുണച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, 2003-04 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനേലുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെയും 1989-90 മുതൽ 1998-99 വരെയുള്ള സാമ്പത്തിക വർഷത്തെ അധിക ധനാഭ്യർത്ഥനകളെയും ഞാൻ പിന്താങ്ങുകയാണ്. ഇത് പിന്താങ്ങുന്നതിൽ ഏറെ ചാരിതാർത്ഥ്യവും അഭിമാനവുമുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയുടെ ഒരു താരതമ്യപഠനം ഈ സന്ദർഭത്തിൽ ഈ സഭ നിഷ്പക്ഷമായി നടത്തേണ്ടതാണ്. ദേശീയ ശരാശരിയെക്കാളും രണ്ട് ശതമാനം സാമ്പത്തിക വളർച്ച ഉണ്ടായ സംസ്ഥാനമാണ് കേരളം എന്നതിനാൽ ദേശീയ തലത്തിലെത്തന്നെ മാധ്യമങ്ങൾ പ്രത്യേകിച്ച് സാമ്പത്തിക വിദഗ്ദ്ധന്മാരായ ആളുകൾ ഏറെ അഭിമാനത്തോടുകൂടിയാണ് നമ്മുടെ സംസ്ഥാനത്തെ ഈയിടെയായി വിശേഷിപ്പിച്ചു വരുന്നത്. 2000-01-ൽ സംസ്ഥാനത്തിന്റെ തനതു റവന്യൂ കളക്ഷൻ 6,529.34 കോടിയായിരുന്നു. 2002-03-ൽ ഇത് 7,980.30 കോടിരൂപയായി വർദ്ധിപ്പിക്കാൻ ഈ സർക്കാരിന് കഴിഞ്ഞു എന്നുള്ളത് വളരെ അഭിമാനകരമായ നേട്ടമാണ്. വർദ്ധനവ് 1,450 കോടി രൂപയാണ്, ഒരൊറ്റ വർഷംകൊണ്ട് റവന്യൂ കളക്ഷനിൽ ഈ സർക്കാർ ഉണ്ടാക്കിയ വർദ്ധനവ്. നികുതി പിരിവ് വർദ്ധിച്ചതോടൊപ്പം നികുതി പിരിച്ചെടുക്കുന്നതിനുള്ള ചെലവും ഈ ഗവൺമെന്റ് കുറച്ചുകൊണ്ടുവന്നു. 1997-98-ൽ ആകെ നികുതിയുടെ 6.79 ശതമാനം നികുതി പിരിച്ചെടുക്കാൻ ചെലവിട്ടപ്പോൾ 2002-03-ൽ 4.25 ശതമാനം മാത്രമാണ് നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് ചെലവിട്ടത് എന്നത് എങ്ങനെ ചെലവ് കുറച്ച് നികുതി പിരിവ് ഊർജ്ജിതമാക്കി സംസ്ഥാനത്തിന്റെ പൊതു ഖജനാവ് വികസിപ്പിക്കാം എന്നുള്ളതിന് തെളിവാണ്. മാതൃകാപരമായ മാനേജുമെന്റാണ് നമ്മുടെ പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഈ സംസ്ഥാനത്ത് നടന്നിട്ടുള്ളത്. നമ്മുടെ തകർന്ന ഖജനാവിനെ ഒറ്റ വർഷംകൊണ്ട് മെച്ചപ്പെടുത്തി നികുതി ഊർജ്ജിതമായി പിരിച്ചെടുത്തുകൊണ്ട് സാമ്പത്തികനില മെച്ചപ്പെടുത്താൻ ശുഷ്ക്കാന്തി കാട്ടിയ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയേയും അദ്ദേഹത്തിന്റെ ധനകാര്യ മാനേജുമെന്റിനെയും ഈ സഭ ഐകകണ്ഠ്യേന അനുമോദിക്കേണ്ടതാണ്. 2000-01-ൽ

LIBRARY ARCHIVES Kerala Legislative Assembly

അപ്പുറത്തിരിക്കുന്ന ആളുകൾ നികുതി വരുമാനത്തിൽ 7,455.86 കോടി രൂപ പിരിച്ചെടുത്തപ്പോൾ ഈ ഗവൺമെന്റ് 2002-03-ൽ 9,017.76 കോടി രൂപ പിരിച്ചെടുത്തു. വർദ്ധനവ് 1,561.09 കോടി രൂപ. കേരളത്തിന്റെ ചരിത്രത്തിൽ ഇത്രമാത്രം വർദ്ധനവ് ഉണ്ടായ ഒരു കാലം മുമ്പെങ്ങും ഉണ്ടായിട്ടില്ല. റവന്യൂ വരവും റവന്യൂ കമ്മിയും തമ്മിലുള്ള റേഷ്യോ 1999-2000-ൽ 45.6 ശതമാനത്തിൽ നിന്ന് 2001-02-ൽ 28.77 ശതമാനമായി കുറച്ചുകൊണ്ടുവരാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു എന്നുള്ളത് അഭിമാനകരമായ നേട്ടമാണ്. 2002-2003-ൽ റവന്യൂ വരുമാനത്തിൽ 18%-ന്റെ വളർച്ചയാണ് സംസ്ഥാനത്തിന് നേടാൻ കഴിഞ്ഞിട്ടുള്ളത്. ശമ്പളം, പെൻഷൻ ബാധ്യതകൾ എന്നിവ റവന്യൂ വരുമാനത്തിന്റെ 94% ആയി പിടിച്ചു നിർത്തുവാൻ കഴിഞ്ഞ രണ്ടു വർഷവും സർക്കാരിന് സാധിച്ചു. നടപ്പു സാമ്പത്തിക വർഷം സർക്കാർ ജീവനക്കാർക്ക് 11% ഡി.എ. നൽകിയ ശേഷവും കമ്മി കുറച്ചു കൊണ്ടുവരാൻ കഴിയും എന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രിയുടെ ബഡ്ജറ്റ് പ്രഖ്യാപനം ഈ സംസ്ഥാനത്തിന് ഏറെ പ്രതീക്ഷയുണ്ടാക്കുന്നു എന്ന കാര്യം എടുത്തു പറയട്ടെ. പ്ലാൻ റവന്യൂ ചിലവിൽ 1100 കോടി രൂപയുടെ വർദ്ധനവ് കൈവരിക്കാൻ നമ്മുടെ സംസ്ഥാനത്തിന് കഴിഞ്ഞു. 2000-2001-ൽ റവന്യൂ അക്കൗണ്ടിൽ ഇടതുപക്ഷ മുന്നണി പദ്ധതികൾക്ക് ചെലവഴിച്ചത് കേവലം 1940.49 കോടി രൂപയാണ്. ഈ സർക്കാർ 2002-2003 വർഷത്തിൽ ഇതേ അക്കൗണ്ടിൽ ചെലവഴിച്ചത് 3054.24 കോടി രൂപയാണ്. ഇത് എ.ജി.-യുടെ കണക്കാണ്. എ.ജി.-യുടെ കണക്കു പ്രകാരം 1113.75 കോടി രൂപ ഈ ഗവൺമെന്റ് കഴിഞ്ഞ ഗവൺമെന്റിനേക്കാൾ അധികമായി ചെലവു ചെയ്തു. പദ്ധതിക്കു വേണ്ടി ചെലവു ചെയ്തു എന്നുള്ളത് ഈ ഗവൺമെന്റിന്റെ പൊതുകാര്യങ്ങളിൽ/വികസന കാര്യങ്ങളിൽ ഉള്ള താൽപ്പര്യത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. ഇവിടെ നമ്മുടെ ബഹുമാന്യനായ രാജു എബ്രഹാം പ്രസംഗത്തിൽ ചില സാമ്പത്തിക കാര്യങ്ങൾ പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിനേയും ഈ ഗവൺമെന്റിനേയും ഒരു താരതമ്യ പഠനം നടത്തുവാൻ അദ്ദേഹം തയ്യാറായില്ല എന്നുള്ളതാണ് ഏറെ സങ്കടകരമായ കാര്യം. നമ്മളെപ്പോലുള്ള പുതിയ തലമുറയിലെ ആളുകളെങ്കിലും എല്ലാത്തിനേയും അന്ധമായ രാഷ്ട്രീയത്തോടുകൂടി കാണാതെ നിഷ്പക്ഷമായി, സ്റ്റേറ്റിന്റെ താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ പൊതുകാര്യങ്ങൾ വിലയിരുത്തിയാൽ മാത്രമേ വരുംതലമുറയ്ക്കുവേണ്ടി എന്തെങ്കിലും ക്രിയാത്മകമായ സൃഷ്ടിപരമായ പ്രവർത്തനങ്ങൾ ഉണ്ടാകൂ എന്നുള്ളത് ഞാൻ ഈ സന്ദർഭത്തിൽ അപ്പുറത്തുള്ള ചെറുപ്പക്കാരായ ആളുകളോട് വളരെ വിനയത്തോടുകൂടി ഓർമ്മിപ്പിക്കുകയാണ്. എല്ലാത്തിനേയും രാഷ്ട്രീയമായ കണ്ണുകളോടെ കാണുന്ന സമീപനം ഒഴിവാക്കണം. മൊത്തം പദ്ധതിച്ചെലവിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി 2000-2001-ൽ 2521.51 കോടി രൂപ ചെലവഴിച്ചപ്പോൾ ഒരു വർഷത്തിനുശേഷം ഈ ഗവൺമെന്റ് പദ്ധതിക്കുമാത്രം ചെലവഴിച്ചത് 3732.91 കോടി രൂപയാണ്. വർദ്ധനവ് 1211.4 കോടി രൂപ. ആരോഗ്യമുള്ള ഒരു ഖജനാവല്ല ഈ ഗവൺമെന്റിന് ഉണ്ടായിരുന്നത്. 1996-97-ൽ ആരോഗ്യമുള്ള ഖജനാവ് കൊടുത്താണ് ഞങ്ങൾ പോയത്. 358 ദിവസവും നിങ്ങൾക്ക് വെയ്സ് ആന്റ് മീൻസ് എടുക്കേണ്ടി വന്നില്ലേ? കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിൽ വന്ന സന്ദർഭത്തിൽ 363 ദിവസവും ട്രഷറിയിൽ മിനിമം ബാലൻസ് സൂക്ഷിക്കാൻ കഴിഞ്ഞു. എന്നാൽ എൽ.ഡി.എഫ്. അധികാരത്തിൽ നിന്ന് ഇറങ്ങിയ 2000-2001-ൽ വർഷം രണ്ടു ദിവസം മാത്രമാണ് വെയ്സ് ആന്റ് മീൻസ് എടുക്കാതിരിക്കാൻ കഴിഞ്ഞത്. 1996-97 വർഷം രണ്ടു ദിവസം മാത്രം ഓവർ ഡ്രാഫ്റ്റ് എടുത്തപ്പോൾ 2000-2001-ൽ 213 ദിവസവും ഓവർ ഡ്രാഫ്റ്റ് എടുക്കേണ്ടിവന്നു. ഞങ്ങൾ വീണ്ടും അത്

LIBRARY ARCHIVES Kerala Legislative Assembly

കുറച്ചു കൊണ്ടുവരികയാണ്. 2002-2003-ൽ ഞങ്ങൾ 196 ദിവസമായി ഇത് കുറച്ചു. ഖജനാവിന് പുതുജീവൻ നൽകിയിരിക്കുകയാണ്. ഇവിടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ചില പദ്ധതി നിർവ്വഹണങ്ങൾ എടുത്തു നോക്കാം. 1996-2001 കാലയളവിൽ വാർഷിക പദ്ധതിയെല്ലാംതന്നെ പൂർണ്ണമായും നടപ്പിലാക്കിയെന്ന അവകാശവാദം; ഈ കാലയളവിൽ പബ്ലിക്ക് അക്കൗണ്ടിംഗ് കുമിഞ്ഞുകൂടി. ഡെപ്പോസിറ്റുകൾ നോക്കിയാൽ മനസ്സിലാകും ഇതിലെ പൊള്ളത്തരം എന്താണെന്ന്. 1991- ൽ പബ്ലിക് അക്കൗണ്ടിലെ മിച്ചം 325 കോടി രൂപയായിരുന്നു. 1995-96-ൽ അത് 373 കോടി രൂപയായി. വർദ്ധനവ് വെറും 48 കോടി രൂപ. 2001-ൽ പബ്ലിക് അക്കൗണ്ടിലെ മിച്ചം 1907 കോടി രൂപയായി. അതായത് 1996 മുതൽ 2001 വരെയുള്ള അഞ്ചു വർഷക്കാലയളവിൽ 1534 കോടി രൂപ നിങ്ങൾ പബ്ലിക് അക്കൗണ്ടിൽ മിച്ചം വച്ചു. പദ്ധതിക്ക് ചെലവഴിക്കേണ്ട പണം നിങ്ങൾ മിച്ചമായി അക്കൗണ്ടിൽ കാണിച്ചു. പദ്ധതി നടപ്പിലാക്കിയില്ല. 2001-2002-ൽ വാർഷിക പദ്ധതി 3015 കോടി രൂപയായി നിജപ്പെടുത്തുകയും തൻ വർഷം 2531 കോടി രൂപ പദ്ധതി ഇനത്തിൽ ചെലവഴിക്കുകയും ചെയ്തു. 2001-2002-ൽ പബ്ലിക് അക്കൗണ്ടിൽ മിച്ചം 434.14 കോടി കണ്ട് കുറഞ്ഞു. അതായത് അത്രയും പണം വികസന പ്രവർത്തനങ്ങൾക്കുവേണ്ടി, പദ്ധതികൾ നടപ്പിലാക്കുവാൻവേണ്ടി, ഈ ഗവൺമെന്റ് ചെലവ് ചെയ്തു എന്നുള്ളതാണ് ഏറ്റവും അഭിമാനകരമായ കാര്യം. 2001-2002, 2002-2003 വാർഷിക പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടത്തി എന്നത് കണക്കു നോക്കിയാൽ മനസ്സിലാകും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അധികാര വികേന്ദ്രീകരണത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണല്ലോ; നമ്മൾ എല്ലാവരും ഏറെ കൊട്ടിഘോഷിക്കുന്നതും നമുക്ക് എല്ലാവർക്കും ഏറ്റവും താൽപ്പര്യമുള്ളതും നമ്മുടെ ത്രിതല പഞ്ചായത്തുകളെ ശക്തിപ്പെടുത്തുക എന്നതാണ്. ലോക്കൽ ഗവൺമെന്റ് എന്ന വികാരത്തോടുകൂടി നമ്മുടെ പഞ്ചായത്തുകൾ നടത്തുന്ന കാര്യത്തിൽ നിങ്ങൾ എന്താണ് ചെയ്തത് എന്ന് ഒന്ന് താരതമ്യപ്പെടുത്തി നോക്കാം. നിങ്ങൾ എത്ര മാസം കൃത്യമായി അവർക്ക് ട്രഷറിയിൽ പണം കൊടുത്തു? 2000-2001 വർഷത്തിൽ ബഡ്ജറ്റ് വിഹിതം 1045 കോടി രൂപയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്; കൊടുത്തത് ആകെ 783 കോടി രൂപ മാത്രമാണ്. അതും മൂന്ന് ഇൻസ്റ്റാൾമെന്റ് മാത്രം! ഞങ്ങളുടെ ബഡ്ജറ്റ് വിഹിതം 1311.22 കോടി രൂപ. ഞങ്ങൾ നടപ്പു സാമ്പത്തിക വർഷം 2004 ജനുവരി വരെ ഗ്രാമ പഞ്ചായത്തുകൾക്ക് 615.25 കോടി രൂപ കൊടുത്തു. ബ്ലോക്ക് പഞ്ചായത്തുകൾക്ക് 149.09 കോടി രൂപ കൊടുത്തു. മുനിസിപ്പാലിറ്റികൾക്ക് 97.42 കോടി രൂപ കൊടുത്തു. കോർപ്പറേഷനുകൾക്ക് 77.70 കോടി രൂപ കൊടുത്തു. ജില്ലാ പഞ്ചായത്തുകൾക്ക് 153.22 കോടി രൂപ കൊടുത്തു. ആകെയുള്ള 1311.22 കോടി രൂപയിൽ 1092.68 കോടി രൂപ ജനുവരി മാസം വരെ ഈ ഗവൺമെന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തു. ബാക്കി വരുന്ന 218.54 കോടി രൂപ രണ്ടു മാസങ്ങളിലായി ഒക്ടോബർ, മാർച്ച് മാസങ്ങളിലായി കൊടുത്തുതീർത്തു. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി ത്രിതല പഞ്ചായത്തുകൾക്ക് മാറ്റിവച്ചത് മുഴുവൻ കൊടുക്കുന്ന ഗവൺമെന്റായി അഭിമാനകരമായ ഒരു നേട്ടം ഈ ഗവൺമെന്റിന്, പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ശങ്കരനാരായണൻ അവർകളുടെ നേതൃത്വത്തിൽ ഉണ്ടാകാൻ പോകുകയാണ്. ഇവിടെ നമ്മുടെ പ്രിയപ്പെട്ട രാജു എബ്രഹാം പ്രസംഗത്തിൽ രാഷ്ട്രീയം പറയുകയുണ്ടായി. രാഷ്ട്രീയത്തിൽ പോലീസിനെക്കുറിച്ച് പറഞ്ഞു. ചില കാര്യങ്ങളിൽ യോജിപ്പും, വിയോജിപ്പും ഉണ്ട്. Cyber crime വർദ്ധിച്ചു വരുന്നതിൽ എത്ര ശക്തമായ സമീപനമാണ് സ്വീകരിക്കുന്നത്! ശ്രീ. എ. പി. അനിൽകുമാറിന്റെ കാളിംഗ് അറ്റൻഷന്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞു, അതിന് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നുവെന്ന്. നമ്മുടെ കോളേജ് വിദ്യാർത്ഥിനികൾ ഉൾപ്പെടെയുള്ള ആളുകളുടെ ചിത്രത്തിന്റെ തലവെട്ടി വച്ച്..... സമൂഹത്തിൽ ഏറ്റവും അപമാനകരമായ രീതിയിൽ ഇത് വർദ്ധിച്ചുവരുന്നു. ശ്രീ. രാജു എബ്രഹാം ഉൾപ്പടെയുള്ള അപ്പുറത്തുള്ള ഏതെങ്കിലും പ്രതിപക്ഷ മെമ്പർമാർക്ക് നെഞ്ചിൽ കൈവച്ച് പറയാമോ പോലീസിന്റേയും, ക്രമസമാധാന പാലനത്തിന്റേയും ചരിത്രത്തിൽ ഇത്രയും മാതൃകാപരമായ കാലം കേരളത്തിൽ നിങ്ങളുടെ ഭരണത്തിൽ ഉണ്ടായിട്ടുണ്ടെന്ന്? പ്രതിപക്ഷത്തുള്ള ബഹുമാനപ്പെട്ട കോടിയേരി ഉൾപ്പെടെയുള്ള ആളുകൾ ഈ സഭയിൽ എത്രയോ തവണ കാളിംഗ് അറ്റൻഷനും, അടിയന്തിര പ്രമേയവും അവതരിപ്പിച്ചിട്ടുണ്ട്. പോലീസിന്റെ നിഷ്പക്ഷതയെ ചോദ്യം ചെയ്യുന്ന എത്ര സന്ദർഭം ഉണ്ടായിട്ടുണ്ട്! നമ്മുടെ രേഖയിൽ ഒന്ന് പരിശോധിക്കണം. ഇത്രമാത്രം നിഷ്പക്ഷമായി പ്രവർത്തിക്കുന്ന പോലീസ് കേരളത്തിൽ ഉണ്ടായിട്ടില്ല. പക്ഷെ ഈ പോലീസിനെ മുൻ കാലങ്ങളിൽ രാഷ്ട്രീയവൽക്കരിച്ചതിന്റെ ദുരന്ത ഫലം അനുഭവിച്ചവരാണ് അപ്പുറത്തിരിക്കുന്ന നമ്മുടെ സഹോദരൻമാരായ ആളുകൾ. ഞങ്ങളാരും പോലീസിനെ രാഷ്ട്രീയവൽക്കരിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ പാർട്ടിയോ ഇടപെട്ടല്ല പോലീസ് ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്നത്. ഞങ്ങളെപ്പോലുള്ള എം.എൽ.എ.-മാരുടെയും പാർട്ടി നേതാക്കൻമാരുടെയും തീരുമാനം പോലീസിലെ ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്നതിൽ രാഷ്ട്രീയ പരിഗണന വേണ്ട എന്നുതന്നെയാണ്. നിഷ്പക്ഷമായി പോലീസ് കേരളത്തിൽ ഉണ്ടായാൽ മാത്രമേ നിഷ്പക്ഷമായ ക്രമസമാധാനം കേരളത്തിൽ ഉണ്ടാകുകയുള്ളൂ. അതിന് ആവശ്യമായ രീതിയിൽ ആഭ്യന്തര വകുപ്പിനെ ക്രമീകരിക്കുന്നു. നിങ്ങൾ ഏതെങ്കിലും ഒരു പോലീസിന് എതിരെ പരാതി കൊടുത്താൽ അതിനെക്കുറിച്ച് 48 മണിക്കൂറിനുള്ളിൽ അന്വേഷിക്കുന്ന സംവിധാനമാണുള്ളത്. കുറ്റക്കാരെ ശിക്ഷിക്കുന്നു. ഇത്രയുമധികം പോലീസ് ഉദ്യോഗസ്ഥൻമാരെ സസ്പെന്റ് ചെയ്തിട്ടുള്ള കാലം കേരളത്തിൽ ഉണ്ടായിട്ടില്ല. ഇതിൽ മുഖം നോക്കാറില്ല. അവരുടെ അസോസിയേഷന്റെ ബന്ധം നോക്കാറില്ല. സ്വാധീനം നോക്കാറില്ല. അങ്ങനെ പോലീസിനെ നിഷ്പക്ഷമാക്കിയ ആഭ്യന്തരവകുപ്പാണ് ഇന്ന് കേരളത്തിൽ ഉള്ളത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ബഹുമാനപ്പെട്ട പ്രതാപൻ, പോലീസ് വളരെ നിഷ്പക്ഷമാണെന്നും, ആരും ഇടപെടുന്നില്ലെന്നും, സ്ഥലം മാറ്റത്തിൽ ആരും ഇടപെടുന്നില്ലെന്നും ഒക്കെ ഇവിടെ പറഞ്ഞു. ഡി.ജി.പി ആയിരുന്ന ശ്രീ. ജോസഫ്, കഴിഞ്ഞ ദിവസം പറഞ്ഞു. അഴിമതിക്കാരനായ പോലീസ് ഓഫീസറെ അദ്ദേഹം വിചാരിച്ചിട്ട് മാറ്റാൻ സാധിച്ചില്ല എന്ന്. ഇടപെടലുകൾ ഉണ്ടായി എന്ന ഒരു പ്രസ്താവന വന്നിട്ടുണ്ട് ഇത് ശരിയാണോ?

<u>ശ്രീ. ടി. എൻ. പ്രതാപൻ:</u> തീർച്ചയായും അദ്ദേഹം സർവ്വീസിൽ നിന്ന് പോയശേഷം നടത്തിയ വെളിപ്പെടുത്തലുകൾ അവാസ്തവമാകാനാണ് സാധ്യത. അദ്ദേഹത്തിന് വേറെ എന്തെങ്കിലും ഇന്ററസ്റ്റ് ഉണ്ടോ എന്ന് അറിഞ്ഞുകൂടാ. അഴിമതിയുള്ള ഒരു പോലീസ് ഉദ്യോഗസ്ഥനേയും ആഭ്യന്തര വകുപ്പോ, മുഖ്യമന്ത്രിയോ, യു.ഡി.എഫ്.-ഓ ഒരിക്കലും സ്വാധീനം ചെലുത്തി സംരക്ഷിക്കില്ല.

<u>ശ്രീ. കെ. സി. ജോസഫ്:</u> ശ്രീ. കോടിയേരി പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച് ഒരു ലേഖനത്തിൽ അദ്ദേഹം ഡി.ജി.പി. ആയിരുന്ന കാലഘട്ടത്തിൽ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് യാതൊരു ഇടപെടലും ഉണ്ടായിട്ടില്ല എന്ന അപൂർവ അനുഭവം പറഞ്ഞതായി കേട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ: ഇപ്പോൾ സി.പി.എം.-ൽ നടക്കുന്നത് വെറും ചാത്തനേറാണ്. ശ്രീ. കെ. പി. രാജേന്ദ്രനറിയാം, ശ്രീ. കെ. രാധാകൃഷ്ണന് അറിയാം ഞങ്ങളുടെ നാട്ടിലെ ചില ചാത്തൻ സേവാ മഠങ്ങളിൽ ചാത്തനേയും പ്രേതത്തേയുമൊക്കെ മന്ത്രവാദം നടത്തിയാണ് കുടിയൊഴിപ്പിക്കുന്നത്. അങ്ങനെ കുടിയൊഴിപ്പിക്കുമ്പോൾ ഒന്നുകിൽ പുരയുടെ മോന്തായം പൊളിച്ചുപോകും, അല്ലെങ്കിൽ അവിടെ അടുത്തുള്ള വൃക്ഷത്തിന്റെ ഏതെങ്കിലും കൊമ്പോടുകൂടിയാണ് ചാത്തന്റെ ബാധ ഒഴിപ്പിക്കുന്നത്. സി.പി.എം.-ൽ ഇപ്പോൾ 4,5 തരം ചാത്തന്മാരുണ്ട്. വി. എസ്.-ന്റെ ചാത്തൻ, പിണറായിയുടെ ചാത്തൻ, വിജയൻ മാഷിന്റെ ചാത്തൻ, എം. പി. പരമേശ്വരന്റെ നാലാം ചാത്തൻ. ഒരു കാര്യം ഉറപ്പിച്ചുകൊള്ളുക ഏതെങ്കിലും ഒരു ചാത്തൻ പുറത്തു ചാടേണ്ടിവരും. സി.പി.എം.-ലെ നാല് ചാത്തൻ ബാധ ഒഴിപ്പിക്കുന്ന സന്ദർഭത്തിൽ ഒന്നുകിൽ മോന്തായം പോകും അല്ലെങ്കിൽ അടുത്തുള്ള മരത്തിന്റെ ശിഖരവും കൊണ്ടേ ചാത്തൻ പോകൂ എന്ന കാര്യം മറക്കേണ്ട. പാഞ്ചാലിയുടെ വസ്ത്രാക്ഷേപത്തിന്റെ കാര്യം പറഞ്ഞു. കോൺഗ്രസ് ആകുന്ന പാഞ്ചാലിയുടെ വസ്ത്രാക്ഷേപം നടത്താൻ ഇടതുപക്ഷ ദുശ്ശാസനൻമാർ എത്ര ശ്രമിച്ചാലും കാര്യമില്ല. ജനങ്ങളാകുന്ന ശ്രീകൃഷ്ണൻ കോൺഗ്രസ്സാകുന്ന പാഞ്ചാലിയുടെ രക്ഷയ്ക്കുവേണ്ടി തീർച്ചയായും വരും. കോൺഗ്രസ് പാഞ്ചാലിയാണെങ്കിൽ ജനങ്ങളാകുന്ന ശ്രീകൃഷ്ണൻ പാഞ്ചാലിയുടെ വസ്ത്രാക്ഷേപം നടത്താൻ അനുവദിക്കില്ല. എത്ര ദുശ്ശാസനൻമാർ വന്നാലും അതിനെ തടുക്കും.

ശ്രീ. സി. പി. മുഹമ്മദ്: പാഞ്ചാലിയുടെ വസ്ത്രാക്ഷേപം നടത്തിയ ദുശ്ശാസനൻ ആ വസ്ത്രാക്ഷേപം നടത്തിയപ്പോൾ പാഞ്ചാലി ഒരു പ്രതിജ്ഞ ചെയ്തു. ദുശ്ശാസനന്റെ മാറുപിളർന്ന രക്തത്തിൽ കൈമുക്കിയല്ലാതെ അഴിച്ചിട്ട മുടി കെട്ടില്ലെന്ന്. വംശം മുടിഞ്ഞതും, 18 അക്ഷൗഹിണികളെ പരാജയപ്പെടുത്തിയതും പാഞ്ചാലിയുടെ വസ്ത്രാക്ഷേപത്തെ തുടർന്നായിരുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ: നമ്മുടെ പുരാണത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു സംഭവമാണിത്. ആ അനുഭവം അപ്പുറത്തെ ആളുകൾക്ക് ഉണ്ടാകും. കോൺഗ്രസ്സാകുന്ന പാഞ്ചാലിയുടെ വസ്ത്രം അഴിക്കാൻ ഇടതുപക്ഷമാകുന്ന ദുശ്ശാസനൻമാർ ശ്രമിച്ചാലും കാര്യമില്ലെന്നാണ് പറഞ്ഞത്. അടുത്ത പാർലമെന്റ് ഇലക്ഷനിൽ കേരളത്തിലും കേന്ദ്രത്തിലും കൂടുതൽ എം.പി.-മാരുണ്ടായി ഇൻഡ്യ ഭരിക്കാൻ പോകുന്ന കോൺഗ്രസ്സിനെ നിങ്ങൾ കൂടി കൈപൊക്കി അനുകൂലിക്കും എന്നാണ് എനിക്ക് പറയുവാനുള്ളത്. നമ്മുടെ പി.ഡബ്ല്യു.ഡി.-യുടെ കാര്യത്തിൽ .....(മൈക്ക് ഓഫ്)..... പ്രധാനമന്ത്രി കന്യാകുമാരിയിൽ ..... (മൈക്ക് ഓഫ്)..... ഈ പദ്ധതിക്കുവേണ്ടി 1998-ൽ പ്ലാൻ ഉണ്ടാക്കിയപ്പോൾ നമ്മുടെ സംസ്ഥാനത്തിന് കൊച്ചി മുതൽ കന്യാകുമാരി വരെയുള്ള പദ്ധതിയായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ അത് എടുത്തുകളഞ്ഞ് കൊച്ചി മുതൽ സേലം വരെയുള്ള ഭാഗം .....(മൈക്ക് ഓഫ്)..... ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെയും പി. ഒ. സി. യുടെയും കാലത്താണ് ഈ അവഗണന കേന്ദ്രത്തിൽ നിന്നും ഉണ്ടായത്. .....(മൈക്ക് ഓഫ്)..... മന്ത്രിയായ സന്ദർഭത്തിൽ അതിനെതിരെ ശക്തമായ നടപടി സ്വീകരിച്ചു. അദ്ദേഹം സഭയിലും പുറത്തും പറഞ്ഞു കേരളത്തിൽ കൊച്ചി മുതൽ കന്യാകുമാരി വരെയുള്ള ഭാഗം ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു. ഇപ്പോൾ ചില ആളുകൾ .....(മൈക്ക് ഓഫ്).....

ശ്രീ. കെ. വി. കുഞ്ഞിരാമൻ: കടവൂർ ശിവദാസന്റെ പ്രസംഗത്തെക്കുറിച്ച് പറഞ്ഞല്ലോ. വസ്ത്രാക്ഷേപം കോൺഗ്രസ്സുകാർക്ക് ഇഷ്ടപ്പെട്ട ഏർപ്പാടാണ്. ആലപ്പുഴയിൽ ശോഭനാ ജോർജ്ജിനെ വസ്ത്രാക്ഷേപം ചെയ്ത സംഭവമുണ്ടായി, കളയിക്കാവിളയിൽ ഉമ്മൻചാണ്ടിയെ വസ്ത്രാക്ഷേപം ചെയ്ത സംഭവമുണ്ടായി. ഇപ്പോൾ വസ്ത്രാക്ഷേപം കോൺഗ്രസ്സിൽ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഈ സപ്ലിമെന്ററി ഡിമാന്റുകളെ ഞാൻ എതിർക്കുകയാണ്. ശ്രീ. പ്രതാപന് ഞാൻ ഇപ്പോൾ മറുപടി പറയുന്നില്ല. കാരണം പോലീസ് നിഷ്പക്ഷമാണെന്ന കാര്യത്തിൽ സംശയം വേണ്ട. അല്ലെങ്കിൽ പ്രകടനം നടത്തിയ കോഴിക്കോട് ഡി.സി.സി. പ്രസിഡന്റിനെ പോലീസ് അറസ്റ്റ് ചെയ്ത് ചവിട്ടിപ്പിക്കുകയില്ലായിരുന്നു. പോലീസ് നിഷ്പക്ഷമാണെന്ന് സമ്മതിക്കുന്നു. ഒരു കാര്യം നിങ്ങൾ പറഞ്ഞത് മുഴുവൻ സമ്മതിക്കാൻ നിവൃത്തിയില്ല. കാരണം ഈ സപ്ലിമെന്ററി ഡിമാന്റ് ഇവിടെ അവതരിപ്പിക്കാൻ അനുവാദം തന്നതിന് ബി.ജെ.പി. ഗവൺമെന്റിനോടും അവാനിയോടും വാജ്പേയിയോടും മുഖ്യമന്ത്രിക്ക് നന്ദി ഉണ്ടായിരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കൂറുമാറ്റ നിരോധന നിയമം ഉണ്ടായില്ലായിരുന്നെങ്കിൽ ഈ സപ്ലിമെന്ററി ഡിമാന്റ് അവതരിപ്പിക്കാൻ നിങ്ങൾ ഇവിടെ കാണില്ലായിരുന്നു എന്നുള്ളതിന് യാതൊരു തർക്കവും വേണ്ട. മാത്രമല്ല, കൂറുമാറ്റ നിരോധന നിയമം വന്നപ്പോൾ മന്ത്രിമാരുടെ എണ്ണം നിശ്ചയിച്ചത് 21 ആയി കൂട്ടി. ഇപ്പോൾ 20 എണ്ണം ഉണ്ടല്ലോ ഭരിക്കാൻ. അത് 21 ആയി കൂട്ടിയതുകൊണ്ട് ഏതു വകുപ്പിനാണെങ്കിലും ഒരാളെക്കൂടി ഉൾപ്പെടുത്താനുള്ള ഔദാര്യം കിട്ടിയിട്ടുണ്ട്. ഈ അവസരം ഉണ്ടായതുകൊണ്ടാണ് ഈ സപ്ലിമെന്ററി ഡിമാന്റ് അവതരിപ്പിക്കാൻ നിങ്ങൾക്ക് അവസരം ഉണ്ടായതെന്ന് നിങ്ങൾ ഓർക്കണം. അതുകൊണ്ട് നിങ്ങൾ നന്ദി പറയേണ്ടത് ബി.ജെ.പി.-യോടും വാജ്പേയി ഗവൺമെന്റിനോടുമാണ്. വെറും 14 മന്ത്രിമാരെ വച്ചുകൊണ്ട് ഈ സംസ്ഥാനം ഭരിച്ചു ഇടതുപക്ഷ മുന്നണി ഗവൺമെന്റ്. നിങ്ങൾ 20 മന്ത്രിമാരുമായി കടന്നുവന്നു. ആ 20 ഇപ്പോൾ 21 ആക്കാൻ പോകുന്നു. ചെലവ് ചുരുക്കും എന്നുപറഞ്ഞു, ചെലവ് ചുരുക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ? രണ്ടേമുക്കാൽ കൊല്ലം ആന്റണിയുടെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് ഭരിച്ചപ്പോൾ കാർഷിക മേഖലയ്ക്ക് എന്തുചെയ്തു? കാർഷിക മേഖലയെ രക്ഷിക്കാം എന്നു പറഞ്ഞിട്ട്, 200 കോടി രൂപ വച്ചിട്ടുണ്ട് എന്നു പറഞ്ഞിട്ട്, ഒരു പൈസയെങ്കിലും അതിന് നിങ്ങൾ ചെലവഴിച്ചോ? നിങ്ങൾ പ്രസംഗിച്ച് സമയം കളയുന്നതുകൊണ്ട് ഒരു കാര്യവുമില്ല. ഒരു പൈസ ചെലവഴിക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ? നിങ്ങൾ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് കൊണ്ടുവന്നു. 2000-2001-ൽ മാത്രം 6,645 കോടി രൂപയുടെ നഷ്ടമുണ്ടായതായി പറഞ്ഞല്ലോ; നിങ്ങൾ എന്ത് ഉപകാരം ചെയ്തു കൃഷിക്കാരനുവേണ്ടി? നിങ്ങൾ ചെയ്തതിന്റെ ഉത്തരം വന്നിട്ടുണ്ട്. ശ്രീ. കെ. രാധാകൃഷ്ണന്റെ ചോദ്യത്തിന് ഉത്തരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആത്മഹത്യ ചെയ്തവരുടെ കണക്ക്—അതിലേക്ക് ഞാൻ കടക്കുന്നില്ല. സാമ്പത്തിക ബാദ്ധ്യതയും ബാങ്ക് ലോൺ തിരിച്ചടയ്ക്കാൻ കഴിയാത്തതുമൂലവും ആത്മഹത്യ ചെയ്തവർ എത്ര? ഇതേ കാലയളവിൽ മറ്റ് കടബാധ്യതമൂലം ആത്മഹത്യ ചെയ്ത കുടുംബങ്ങൾ എത്ര? വളരെ വിശദമായി മുഖ്യമന്ത്രിയുടെ ഉത്തരമാണ്. സാമ്പത്തിക പ്രയാസവും ബാങ്ക് ലോൺ തിരിച്ചടയ്ക്കാൻ കഴിയാത്തത് മൂലവും 801 പേരും മറ്റ് കടബാധ്യതമൂലം 70 പേരും ആത്മഹത്യ ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

871 കൃഷിക്കാരേയും കുടുംബങ്ങളേയും തകർത്ത നിങ്ങളുടെ രണ്ടേമുക്കാൽ വർഷത്തെ ഭരണം ..... മുഖ്യമന്ത്രി ആന്റണി 19-1-2004-ൽ സഭയിൽ തന്ന ഉത്തരമാണ് ഞാൻ വായിച്ചത്. നിങ്ങൾ 200 കോടി രൂപ വച്ചു. ഒരു പൈസ ചെലവഴിച്ചോ നിങ്ങൾ ? ഈ രാജ്യത്തെ കൃഷിക്കാർ എന്തുചെയ്യണമെന്നാണ് നിങ്ങൾ പറയുന്നത്? ചെറിയ ഒരു കാര്യം കൂടി. അങ്ങ് ആയതുകൊണ്ടാണ് ഞാൻ പറയുന്നത്. മറ്റേ കക്ഷി ആണെങ്കിൽ ഞാൻ മിണ്ടുകപോലുമില്ല. ഇവിടെ തൊഴിലില്ലായ്മയുടെ കാര്യം പറഞ്ഞു. 5 ലക്ഷം പേർക്ക് ജോലി കൊടുക്കും എന്നു പറഞ്ഞു. 15 ലക്ഷം പേർക്ക് സ്ഥിരമായി ജോലി കൊടുക്കും എന്നു പറഞ്ഞു. ഞാൻ ചോദിക്കട്ടെ. .....

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, മറ്റേ കക്ഷി എന്ന പ്രയോഗം ദുഃസൂചനയാണ്. ബഹുമാനപ്പെട്ട ചെയറിനെ ഉദ്ദേശിച്ചാണ് പറഞ്ഞത്. അത് രേഖയിൽ നിന്ന് ഒഴിവാക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് ഞാൻ നോക്കിക്കൊള്ളാം.

ശ്രീ. പി. സി. ജോർജ്: അങ്ങയോട് എനിക്ക് ബഹുമാനം ഉണ്ട്, ബഹുമാനപ്പെട്ട സ്പീക്കറോടും ബഹുമാനം ഉണ്ട്. യാതൊരു സംശയവും വേണ്ട. സ്പീക്കറാണ് ചെയറിൽ ഇരുന്നതെങ്കിൽ ഞാൻ സമയം ചോദിക്കയില്ലായിരുന്നു. മറ്റേ കക്ഷി എന്നു പറഞ്ഞത് ബഹുമാന പുരസ്സരം തന്നെയാണ്. ഏതായാലും തൊഴിൽ മേഖലയിലും, പാവപ്പെട്ട ചെറുപ്പക്കാർക്ക് തൊഴിൽ കൊടുക്കുന്നതിലും കാർഷിക മേഖലയിലും അനീതി കാണിച്ച ഈ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന സപ്ലിമെന്ററി ഡിമാന്റുകളെ ഞാൻ എതിർക്കുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. 6763 കോടി രൂപക്ക് ഇത്രയും വലിയ സംഖ്യക്ക് ഒരു സപ്ലിമെന്ററി ഡിമാന്റ് അവതരിപ്പിക്കുന്ന നടപടിക്രമംതന്നെ ബഡ്ജറ്റിന്റെ അന്തസത്തയ്ക്ക് എതിരായിട്ടുള്ള കാര്യമാണ്. ഇവിടെ നേരത്തേ അത് ചൂണ്ടിക്കാണിച്ച കാര്യമാണ്. എന്തിനൊക്കെയാണ് ഈ പണം ചെലവഴിച്ചിരിക്കുന്നത്? അതാണ് നമ്മൾ പരിശോധിക്കേണ്ടത്. ധാരാളം കാറുകൾ വാങ്ങാൻ ഇതിൽ പണം ചെലവഴിച്ചിട്ടുണ്ട്. ടൂറിസം ഡിപ്പാർട്ടുമെന്റ് മാത്രമല്ല പല ഡിപ്പാർട്ടുമെന്റുകളുടെ പേരിലും; Enterprises Reforms Committee, Electricity Regulatory Commission, (പുതിയ കമ്മിഷൻ) ഇതിന്റെയൊക്കെ പേരിൽ. ധാരാളം വിലപിടിപ്പുള്ള വാഹനങ്ങൾ....പല കാറുകളും പെരുവഴിയിലാണ് എന്നൊക്കെ പറയുന്നുണ്ട്. പക്ഷേ ഇത്രയധികം വാഹനങ്ങൾ വാങ്ങിക്കൂട്ടുന്നത് എന്തിനാണ്? അതാണ് ഇതിൽ വലിയ ഹെഡായിട്ട് കാണുന്നത്. പുതിയ മന്ത്രികൂടി വരുമ്പോൾ ഇനിയും അധികം ചെലവുകൾ. അവരുടെ സ്റ്റാഫ്, വാഹനങ്ങൾ അങ്ങനെ ഇനിയും ചെലവ് വരാൻ പോകുന്നു. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ച, അല്ലെങ്കിൽ ബഡ്ജറ്റിൽ പാസ്സാക്കിയ സംഖ്യ പലതും ചെലവഴിക്കാതെ, എന്നാൽ പുതിയ രീതിയിൽ, അധികമായി ചെലവുകൾ ഓരോ ഡിപ്പാർട്ടുമെന്റിലും നടത്തി അത് സപ്ലിമെന്ററി ഡിമാന്റായിട്ട് ഇവിടെ വരികയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇൻഡ്യൻ എയർലൈൻസിന്റെ ബിൽ ഞങ്ങൾ നോക്കി. കഴിഞ്ഞ രാജ്യസഭാ തെരഞ്ഞെടുപ്പ് തൊട്ട് ഈ പീരീഡുവരെ എടുത്താൽ മുഖ്യമന്ത്രിയടക്കമുള്ള മന്ത്രിമാരുടെ ഡൽഹി യാത്രയുമായി ബന്ധപ്പെട്ട് വലിയ ബില്ലാണ്. അതിന് ഇൻഡ്യൻ എയർലൈൻസിന് കൊടുക്കാനുള്ള സംഖ്യയാണ് ഈ സപ്ലിമെന്ററി ഡിമാന്റിൽ വന്നിരിക്കുന്നത്. ഏത് കാര്യത്തിനാണ്? വരൾച്ച ദുരിതാശ്വാസത്തിന് ഫണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങാനാണോ? കേരളത്തിന് വല്ല ആനുകൂല്യവും കിട്ടാനാണോ? വെള്ളപ്പൊക്ക ദുരിതം വന്നതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും സംഖ്യ കിട്ടാനുണ്ടെങ്കിൽ ചർച്ച ചെയ്യാൻ പോയതാണോ; ഏതാവശ്യത്തിന് പോയതാണ്; ഇത്ര വലിയ ബിൽ നിങ്ങളുടെ ടിക്കറ്റ് ചാർജ്ജ് ഇനത്തിൽ ഇൻഡ്യൻ എയർലൈൻസിന് കൊടുക്കാനുള്ളത്? പോലീസിന്റെ ഹെഡ്—മാറാട് വർഗ്ഗീയ ലഹളയുണ്ടായി കൊല ചെയ്യപ്പെട്ടവരുടെ കുടുംബങ്ങളെ സഹായിക്കുന്നതുൾപ്പെടെ, പുതിയ പോലീസ് സ്റ്റേഷൻ, സ്റ്റാഫിന്റെ വാഹനങ്ങൾ, അവരുടെ കുടിവെള്ളം എത്തിക്കൽ, വലിയ പദ്ധതികൾ. പല ഹെഡിൽ മാറാടുമായി ബന്ധപ്പെട്ടുവന്നു. അങ്ങനെ വളരെയേറെ— വേണ്ട എന്നല്ല പറയുന്നത്. വേണ്ടതു പറയണം. കൊടുക്കേണ്ടത് കൊടുക്കണം. ചെലവഴിക്കേണ്ടത് ചെലവഴിക്കണം. അതിന് തർക്കമില്ല. എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ കുട്ടികൾക്ക് സ്കോളർഷിപ് കൊടുക്കേണ്ട സംഖ്യ കൊടുക്കേണ്ടതല്ലേ? നിങ്ങൾ മൂന്നു വർഷമായിട്ട് ഒന്നും കൊടുത്തില്ല. അതുകൊണ്ട് ഇപ്പോൾ കൊടുക്കാൻ കുറച്ചു സംഖ്യ മാറ്റിവച്ചു. കൊടുക്കേണ്ടതു കൊടുക്കണം. കൊടുക്കണ്ട എന്ന് ഞാൻ പറയുന്നില്ല. എന്നാൽ ഇവിടെ സൂചിപ്പിക്കാനുള്ളത് നിങ്ങൾ ഇതിൽ ഏതൊക്കെ കാര്യത്തിനാണ് മാറ്റിവച്ചത് എന്നുപറയുമ്പോൾ, പാവപ്പെട്ട തൊഴിലാളികളെ നിലനിർത്താൻ, തൊഴിൽ സംരക്ഷിക്കാൻ, അടച്ചുപൂട്ടിയ സ്ഥാപനങ്ങൾ തുറക്കാൻ, തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകളും കൂലിയും സംരക്ഷിക്കാൻ ഒരു പൈസ മാറ്റി വച്ചിട്ടുണ്ടോ? ഇല്ല. പെൻഷനുകൾ, തൊഴിലില്ലായ്മ വേതനം ആയാലും കർഷക തൊഴിലാളി പെൻഷൻ ആയാലും, മൽസ്യ തൊഴിലാളി പെൻഷൻ ആയാലും, വിധവകളുടെയും, അഗതികളുടെയും, പെൻഷനായാലും ഒരു രൂപ മാറ്റിവച്ചിട്ടുണ്ടോ? ഇല്ല. അംഗൻവാടികളിൽ പോകുന്ന പാവപ്പെട്ട കുട്ടികൾക്ക് പാൽ കൊടുത്തതിന്റെ വകയിൽ മിൽമയ്ക്ക് ഉൾപ്പെടെ കൊടുക്കാനുള്ള സംഖ്യയിൽ ഒരു രൂപ മാറ്റി വച്ചിട്ടുണ്ടോ? ആ പദ്ധതിയും പൊളിഞ്ഞു. ഒരു രൂപ ശ്രീമതി കെ. ആർ. ഗൗരിയമ്മ ഇതിനകത്ത് മാറ്റിവച്ചിട്ടുണ്ടോ ? ഇല്ല. ഒരു രൂപപോലും ഞങ്ങൾ നോക്കിയിട്ട് കാണുന്നില്ല. ചെറുകിട വ്യവസായങ്ങൾക്കും പരമ്പരാഗത വ്യവസായങ്ങൾക്കും കേരളത്തിലുള്ള മറ്റ് സ്മാൾ സ്കെയിൽ ഇൻഡസ്ട്രികൾക്കും എന്തെങ്കിലും സബ്സിഡി/മാർജിൻ മണി കഴിഞ്ഞ മൂന്നുവർഷമായിട്ട് കൊടുത്തോ? ഇല്ല. മാറ്റിവച്ചിട്ടുണ്ടോ? ഒരു രൂപപോലും മാറ്റിവച്ചിട്ടില്ല. പക്ഷേ കൊടുത്തു, ആർക്ക്? കൊക്കകോളയ്ക്ക് നിങ്ങൾ 40 ലക്ഷം രൂപ ഇൻഡസ്ട്രിയൽ സബ്സിഡിയായിട്ട് കൊടുത്തു. പക്ഷേ കേരളത്തിലെ പതിനായിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയിൽ ചെറിയ ചെറിയ വ്യവസായങ്ങൾക്കൊന്നും കൊടുത്തിട്ടില്ല. നിങ്ങൾ മാറ്റി വച്ച സംഖ്യയാണ് ഞാൻ പറയുന്നത്. ശ്രീമതി ഗൗരിയമ്മയുടെ കൃഷിവകുപ്പിന് വല്ലതും ഉണ്ടോ?. നെൽകൃഷിക്കാർക്കുള്ള ബോണസുണ്ടോ? ഉൽപ്പാദന ബോണസുണ്ടോ? ഇൻസെന്റീവുണ്ടോ; രാസവളത്തിന് സബ്സിഡിയുണ്ടോ; കീടനാശിനിയുടെ സബ്സിഡിയുണ്ടോ; നെല്ല് സംഭരിക്കാൻ കാശുണ്ടോ; ന്യായവില ഉറപ്പുവരുത്താൻ കാശുണ്ടോ; വച്ചിട്ടില്ല. മാറ്റിവച്ചു, എന്തിനാണ്? ഗവേഷണ പദ്ധതി ടെന്റർ ചെയ്യാൻ. കേരളത്തിന്റെ കൃഷിമേഖല സ്വകാര്യവൽക്കരിക്കാൻ. പാട്ടകൃഷി, ടെന്റർ കൃഷി, ഡോളർ കൃഷി കരാർ വ്യവസ്ഥകൾ പ്രകാരം കൃഷിക്ക് പണം നീക്കിവച്ചു. കൃഷിക്കാർക്ക് പണമില്ല. ഞാൻ ഇവിടെ സൂചിപ്പിച്ചു, കാർ വാങ്ങാനും ആഡംബര ആവശ്യങ്ങൾക്കായൊക്കെ പണം ചെലവഴിച്ചു. അവസാനം എവിടെയെത്തി? പ്രിയപ്പെട്ട ഹസ്സൻ, 600 കോടി രൂപ നിങ്ങൾ എം.ജി.പി.-ക്ക് മാറ്റിവച്ചു. തൊഴിലാളികളെ വെട്ടിക്കുറയ്ക്കണം, പരമ്പരാഗത വ്യവസായങ്ങൾ കുറയ്ക്കണം, കാര്യക്ഷമമാക്കണം, ഉൽപ്പാദനം വർദ്ധിപ്പിക്കണം; എല്ലാം

LIBRARY ARCHIVES Kerala Legislative Assembly

സുതാര്യമാക്കണം. down size, എല്ലാം വെട്ടിക്കുറച്ചുവരികയാണ്. ഈ 600 കോടി രൂപ ചെലവാക്കിയത് ആരുടെ വകുപ്പിലാണ്? ആരാണ് അതിനുത്തരവാദി? ഏത് മന്ത്രിക്കാണ് അതിന്റെ ചുമതല? എന്നാൽ ഹസ്സനെ ഏൽപിച്ചു കൊടുക്കൂ. പാർലമെന്ററികാര്യ വകുപ്പുമന്ത്രിക്ക്, എം.ജി.പി.-യുടെ മന്ത്രിയായ ഹസ്സനെ ഏൽപിച്ചുകൊടുക്കൂ. ഹസ്സൻ നടത്തട്ടെ. സെക്രട്ടേറിയറ്റ് നവീകരിക്കാൻ, അവിടെ പഞ്ചനക്ഷത്ര സൗകര്യത്തോടുകൂടിയുള്ള കോൺഫറൻസ് ഹാൾ പണിയാൻ 50 ലക്ഷം രൂപ നിങ്ങൾ മാറ്റിവച്ചു. പാവപ്പെട്ടവരുടെ ആവശ്യങ്ങൾക്കില്ല. 50 ലക്ഷം രൂപ മാറ്റിവച്ചത് സെക്രട്ടേറിയറ്റിനുള്ളിൽ എ.ഡി.ബി. ഉദ്യോഗസ്ഥൻമാർക്ക് വന്നിരുന്ന് കോൺഫറൻസ് നടത്താൻ. ഏത് കാര്യത്തിനാണ് ഞങ്ങൾ നിങ്ങളെ സപ്പോർട്ട് ചെയ്യേണ്ടത്? ഇവിടെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു സപ്പോർട്ട് ചെയ്യണമെന്ന്. മുഖ്യമന്ത്രി പറഞ്ഞു സപ്പോർട്ട് ചെയ്യണമെന്ന്. തൊഴിലാളി പട്ടിണി കിടന്ന് മരിക്കുന്നതിനാണോ; കശുവണ്ടി തൊഴിലാളികൾക്ക് ഈ മൂന്നു കൊല്ലത്തിൽ 17 ദിവസം പണി കൊടുത്തു. ഞങ്ങൾ സപ്പോർട്ട് ചെയ്യണോ; തേയില തോട്ടത്തിലെ 24 പേർക്ക് പണിയുമില്ല, കൂലിയുമില്ല, വേലയുമില്ലാതെ പട്ടിണി കിടന്നു മരിച്ചു. ഞങ്ങൾ സപ്പോർട്ട് ചെയ്യണോ; നിങ്ങളുടെ ഗവണ്മെൻറിന്റ കാലത്ത് വേളാങ്കണ്ണി എന്നുപറഞ്ഞ ഒരു പെൺകുട്ടി സ്കൂളിൽ പോകാൻ നിവൃത്തിയില്ലാതെ ആത്മഹത്യ ചെയ്തു. ഞങ്ങൾ സപ്പോർട്ട് ചെയ്യണോ; ഏത് കാര്യത്തിനാണ് ഞങ്ങൾ സപ്പോർട്ട് ചെയ്യേണ്ടത്? മാറാട് വർഗ്ഗീയ ലഹളയിൽ 18 പേർ കൊലചെയ്യപ്പെട്ടു. ഞങ്ങൾ

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

അതിനെ സപ്പോർട്ട് ചെയ്യണോ; പോലീസ് ഈ രാജ്യം മുഴുവൻ അഴിഞ്ഞാടി. പെൺവാണിഭം, മാഫിയാ, വർഗ്ഗീയ ലഹളകൾ, പിടിച്ചുപറി, പോക്കറ്റടി, ഭവനഭേദനം, ബലാൽസംഗം പോലീസിന്റെ കീഴിൽ രാജ്യം അരാജകത്വത്തിൽ, വനം മാഫിയ, മദ്യ മാഫിയ, ബ്ലേഡ് മാഫിയ. ഞങ്ങൾ ഇതിനൊക്കെയാണോ നിങ്ങളെ സപ്പോർട്ട് ചെയ്യേണ്ടത്? പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടി. എഫ്.എ.സി.റ്റി. പോകുന്നു, ഷിപ്പ്യാർഡ് പോകുന്നു, നിങ്ങൾ നോക്കിയിരിക്കുന്നു. പ്രധാനമന്ത്രിക്ക് നിങ്ങൾ സപ്പോർട്ട് കൊടുക്കുന്നു. വരൾച്ചാ ദുരിതാശ്വാസത്തിന് ഇനിയും പണം കിട്ടുമെന്ന് ഇന്നലെ മുഖ്യമന്ത്രി എയർപോർട്ടിൽ വച്ച് പറഞ്ഞു. ഒരു രൂപ കിട്ടിയോ? ഞങ്ങൾ നിങ്ങളെ സപ്പോർട്ട് ചെയ്യണോ? വരൾച്ചയ്ക്കും വെള്ളപ്പൊക്കത്തിനും ഒരു രൂപ പോലും കേന്ദ്രത്തിൽനിന്നും സഹായം വാങ്ങാത്ത ഗവണ്മെന്റ്! ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, കേന്ദ്രമന്ത്രി ശ്രീ. ഒ. രാജഗോപാൽ കേരളത്തിന്റെ അമ്പാസഡർ ആണെന്ന്. അദ്ദേഹം ഇവിടെ മൽസരിക്കുകയാണ്. ഇവിടെ മുഖ്യമന്ത്രിയും ചർച്ച നടത്തി. എന്തു കിട്ടി?

മി. സ്പീക്കർ: Please resume your seat.....Nothing will go in record.....order....order.....please.....

ശ്രീ. കെ. പി. രാജേന്ദ്രൻ : ഒരു കാര്യം കൂടി.....(മൈക്ക് ഓഫ്) .....സർക്കാർ പിരിച്ചെടുത്തു. ആ 11 കോടി രൂപ വക മാറ്റി ചെലവഴിച്ചു. ആ ഫണ്ട് എവിടെ?

മി.സ്പീക്കർ : ഇതൊക്കെ എത്ര പ്രാവശ്യം പറഞ്ഞതാണ് രാജേന്ദ്രൻ? Please resume your seat....the mike is off..... Shri K.N.A. Khader...you can start .....you can start.....yes.....yes.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്. ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ ശ്രീ. കെ.പി. രാജേന്ദ്രൻ ഉൾപ്പെടെ പ്രതിപക്ഷത്തുള്ള പല അംഗങ്ങളും, അവർക്ക് ഗവണ്മെന്റിനെ എതിർക്കുന്നതിന് വേണ്ടത്ര സമയം കിട്ടിയില്ല എന്നുള്ള മട്ടിലാണ് പെരുമാറുന്നത്. അധികാരത്തിലിരുന്ന സമയത്ത് ഒപ്പനയിലെ മണവാട്ടി ഇരിക്കുന്നതുപോലെയാണ് അവരൊക്കെ ഇരുന്നത്. ഒപ്പനയിലെ മണവാട്ടിക്കുമാത്രം ഒന്നും ചെയ്യാനില്ല എന്ന് നമുക്കെല്ലാവർക്കുമറിയാവുന്ന ഒരു കാര്യമാണ്. നല്ല കാര്യങ്ങൾ നടപ്പിലാക്കുന്നതിന് വളരെയധികം മാതൃക കാണിച്ച ഒരു ഗവണ്മെന്റാണിത്. അതുകൊണ്ടാണ് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നത്. ഈ ഗവണ്മെന്റിന്റെ ഒരു വലിയ പ്രത്യേകത പ്രതിപക്ഷവും ഭരണകക്ഷിയിലെതന്നെ നല്ലൊരു വിഭാഗവും വളരെ ശക്തമായി ചവിട്ടിയരച്ചിട്ടും അരഞ്ഞുപോകാത്ത ഒരു ഗവണ്മെന്റാണിത് എന്നതാണ്. ഈ അനുഭവം കേരള സംസ്ഥാനത്ത് ഒരു ഗവണ്മെന്റിനും മുമ്പുണ്ടായിട്ടില്ല. എന്നിട്ടും ഈ ഗവണ്മെന്റ് നിലനിൽക്കുന്നത് അസംഘടിതരായ ഒരു നല്ല വിഭാഗം ജനങ്ങളുടെ പിന്തുണ ഈ ഗവണ്മെന്റിനുള്ളതുകൊണ്ടാണ്. വേൾഡ് സോഷ്യൽ ഫോറത്തിന്റെ ബോംബെ സമ്മേളനത്തിൽ അവർ വച്ച മുദ്രാവാക്യം പുതിയ ഒരു ലോകം സാദ്ധ്യമാണ് എന്നുള്ളതായിരുന്നുവെങ്കിൽ ഈ ഗവണ്മെന്റിന്റെ മുദ്രാവാക്യം പുതിയ ഒരു കേരളം സാദ്ധ്യമാണ് എന്നതാണെന്ന് ഞാൻ ആവർത്തിച്ച് പറയുകയാണ്. ഈ കേരളത്തിലെ ജനങ്ങളായതിൽ നാം അഭിമാനിക്കുന്നുവെന്ന് പലപ്പോഴും പറയാറുണ്ടെങ്കിലും നമ്മൾ ദുരഭിമാനികളാണ് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. നമ്മൾ ദുരഭിമാനംകൊണ്ട് വളരെയധികം പുറകോട്ടു പോകുന്ന കാലഘട്ടമാണ് ഇപ്പോഴുള്ളത്. വ്യാവസായിക രംഗത്തും, വിദ്യാഭ്യാസ രംഗത്തുമൊക്കെ നമുക്ക് വളരെയധികം മുന്നോട്ടുപോകാൻ സാധിച്ചിട്ടുണ്ട് എങ്കിലും പുറകിലേയ്ക്ക് നമ്മൾ താമസിയാതെ പോകുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. ഉൽപാദനരംഗത്തെ സ്ഥിതി അതാണ്. പൊതുമേഖലാ വ്യവസായങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിനെതിരെ വലിയ മുദ്രാവാക്യങ്ങൾ ഇവിടെ മുഴക്കിയെങ്കിലും പൊതുമേഖലാ വ്യവസായങ്ങൾ സ്വകാര്യവൽക്കരിക്കാൻ സാദ്ധ്യമല്ലാത്ത വിധത്തിൽ പരാജയപ്പെട്ടുപോയിരിക്കുകയാണ്. കാരണം അത് വാങ്ങാൻ സാധിക്കാത്ത വിധം minus net worth ആണ്; ഇന്നിപ്പോൾ കേരളത്തിലെ പൊതുമേഖലാ വ്യവസായങ്ങൾക്കുള്ളത്. അതുകൊണ്ട് ആരും അവ വാങ്ങാൻ വരുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഈ പൊതുമേഖലാ വ്യവസായങ്ങൾ വാങ്ങാൻ തന്നെ ആൾ വരാത്ത ഒരു സാഹചര്യമുണ്ടാകുന്ന രീതിയിൽ വമ്പിച്ച നഷ്ടത്തിലാണ് ഇപ്പോൾ പോയിക്കൊണ്ടിരിക്കുന്നത്. നമുക്കറിയാവുന്ന ഒരു വലിയ കാര്യം, രാഷ്ട്രീയ കക്ഷികൾ ഇന്ന് പരാജയപ്പെട്ടിരിക്കുകയാണ്. പല മുദ്രാവാക്യങ്ങളും ഏറ്റെടുക്കുന്നതിൽ അത്രകണ്ട് നമ്മൾ പുറകിലായിപ്പോയി. ലോക സോഷ്യൽ ഫോറമൊക്കെയുണ്ടായതും നടക്കുന്നതുമൊക്കെ അതുകൊണ്ടാണ്. കൃഷിക്കാരുടെ ആവശ്യങ്ങൾക്കുവേണ്ടി മഹേന്ദ്രസിംഗ് ടിക്കായത്തിനെപ്പോലെയുള്ള ആളുകളും നഞ്ചുണ്ടസ്വാമി മാതിരിയുള്ള ആളുകളുമൊക്കെ മുന്നോട്ടുവരികയാണ്. അതുപോലെ പാരിസ്ഥിതിക പ്രശ്നങ്ങൾക്കുവേണ്ടി മേധാപട്ക്കറും അരുന്ധതിറോയിയുമൊക്കെ മുന്നോട്ടു വരികയാണ്. വ്യാവസായിക ആവശ്യങ്ങൾക്കുവേണ്ടി വേറൊരു വിഭാഗം മുന്നോട്ടുവരികയാണ്. ഇതൊക്കെ രാഷ്ട്രീയ കക്ഷികളുടെ കൊക്കുകളിൽ ഈ കാര്യങ്ങൾ ഒതുങ്ങാത്തതുകൊണ്ടാണ് സംഭവിക്കുന്നത്. ഇവിടത്തെ പ്രതിപക്ഷകക്ഷികളും, ഭരണകക്ഷിയും ഒരുപോലെ ഒരുമിച്ചുനിന്നെങ്കിൽ മാത്രമേ ഈ സംസ്ഥാനം ഒരിഞ്ച് എങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

മുന്നോട്ടുപോകു എന്നുള്ള സ്ഥിതിവിശേഷം സംജാതമായിട്ടുണ്ട്. ഇപ്പോൾ വരാൻ പോകുന്നത് പാർലമെന്റ് തെരഞ്ഞെടുപ്പാണ്. ഭാരതീയ ജനതാ പാർട്ടിയും അതിന്റെ നേതൃത്വത്തിലുള്ള സഖ്യകക്ഷികളും ചേർന്ന് അജണ്ട, വികസന അജണ്ടയാക്കി മാറ്റിയത് നമ്മൾ ശ്രദ്ധിക്കേണ്ട കാര്യമാണ്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ കേരളത്തിൽ നമുക്ക് ഒരു മാതൃക കാണിക്കാൻ സാധിക്കും. ഇടതുപക്ഷ ജനാധിപത്യ മുന്നണിയും ഐക്യജനാധിപത്യ മുന്നണിയും ഒരുമിച്ച് സീറ്റ് വിഭജനം നടത്തിയിട്ട് നേരിടാവുന്ന തെരഞ്ഞെടുപ്പാണ് വരാൻ പോകുന്നത്. കാരണം സോണിയാഗാന്ധിയുടെ നേതൃത്വത്തിൽ മതേതര മുന്നണി അധികാരത്തിൽ വരുന്നതിനോട് യോജിക്കുന്ന മുന്നണികളുള്ള സംസ്ഥാനമാണ് കേരളം. അപ്പോൾ നമുക്ക് വേണമെങ്കിൽ സീറ്റുതന്നെ പരസ്പരം വിഭജിച്ച് എടുത്തിട്ട് തെരഞ്ഞെടുപ്പ് ഒഴിവാക്കാൻ പറ്റിയ ഒരു സാഹചര്യം കേരളത്തിൽ സംജാതമായിരിക്കുകയാണ്. കേരള സംസ്ഥാനം അത്രകണ്ട് രാഷ്ട്രീയ യോജിപ്പിലെത്തുമ്പോൾ അത് കേരളത്തിലെ വികസനത്തിനുവേണ്ടികൂടി പ്രയോജനപ്പെടുത്താൻ നമുക്ക് സാധിക്കണം. ഈ ഗവണ്മെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളുടെ കൂട്ടത്തിൽ എനിക്ക് ചില നിർദ്ദേശങ്ങൾ കൂടെയുള്ളത് നിയമസഭ, നിയോജകമണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ഡവലപ്മെന്റ് കൗൺസിൽ രൂപീകരിക്കണമെന്നുള്ളതാണ്. നിയമസഭാ മണ്ഡലത്തിന്റെ തലത്തിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, അവിടത്തെ പഞ്ചായത്ത് പ്രസിഡന്റുമാരും ഉൾക്കൊള്ളുന്ന ഒരു ഡവലപ്മെന്റ് കൗൺസിൽ, എം.എൽ.എ.മാർ ചെയർമാന്മാരായിട്ട് രൂപീകരിക്കുകയും ആ മണ്ഡലത്തിലെ വികസന കാര്യങ്ങൾ മാസംതോറും ഡി.ഡി.സി. ചേരുന്നതുപോലെ അവിടെ ചേർന്ന് തീരുമാനിക്കുകയും ചെയ്യണം. അതുപോലെ പോലീസിന്റെ കാര്യത്തിൽ ഡി.ജി.പി.യും, ആഭ്യന്തര വകുപ്പിന് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അടുത്ത കാലത്ത് സ്വീകരിച്ച നയങ്ങൾ വളരെ സ്വാഗതാർഹമാണ്. അതിൽ പ്രത്യേകിച്ച് എടുത്തുപറയേണ്ട ഒരു കാര്യം, പോലീസിൽ അഴിമതി ഇല്ലാതാക്കുന്നതിനുവേണ്ടി പുതിയ ഡി.ജി.പി. സ്വീകരിച്ച സമീപനം വളരെ നല്ലതാണ് എന്നതാണ്. പക്ഷെ, അതോടുകൂടി പോലീസിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ; ഡിവൈ.എസ്.പി.യുടെ തലത്തിലും, അതിനു മുകളിലുമുള്ളവരുടെയും; അഴിമതി ഇല്ലാതാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന ഒരു ശുപാർശ ഞാൻ സമർപ്പിക്കുകയാണ്. എങ്കിൽ മാത്രമേ അഴിമതി ഇല്ലാതാക്കാൻ സാധിക്കൂ. അതുപോലെ രാഷ്ട്രീയക്കാരുടെ ഇടപെടൽ പോലീസിൽ ഏതാണ്ട് നിലച്ചുപോയിട്ടുണ്ട്. പോലീസിന് യാതൊരു ബുദ്ധിമുട്ടും രാഷ്ട്രീയ ക്കാരെക്കൊണ്ട് ഇല്ല. അതേസമയം രാഷ്ട്രീയ പാർട്ടി പ്രതിനിധികളെ മാത്രം തടയാനേ ഗവണ്മെന്റിന് സാധിക്കൂ. ഇതൊന്നുമല്ലാത്ത ഒരു 3-ാം ശക്തി, ഇടത്തട്ടുകാർ പോലീസ് സ്റ്റേഷനുകളിൽ ചില സ്ഥലത്തൊക്കെ ഇപ്പോഴും ആധിപത്യം പുലർത്തുന്നുണ്ട്. അതുകൂടി തടയാൻ നടപടി സ്വീകരിക്കണം. ഇത് എങ്ങനെ തടയുമെന്ന നിർദ്ദേശം സമർപ്പിക്കാൻ സാദ്ധ്യമല്ല. കാരണം അവർ പലപ്പോഴും അദൃശ്യ ശക്തികളാണെന്ന് പറയേണ്ട സ്ഥിതിവിശേഷമാണുള്ളത്. സാമ്പത്തിക രംഗത്ത് കേരള സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള പുരോഗതി; ഇന്നിപ്പോൾ രാവിലെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഒരു ചോദ്യത്തിന് ഉത്തരം പറഞ്ഞപ്പോൾ വളരെ ശക്തമായി ഒരു പുതിയ കേരളത്തിനുവേണ്ടി വാദിച്ചു. അങ്ങനെയുള്ള ശബ്ദങ്ങളാണ് വാസ്തവത്തിൽ ഈ സംസ്ഥാനത്ത് ഉയർന്നുവരേണ്ടത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ഞാൻ ബഹുമാനപൂർവ്വം ഒരു കാര്യം ചോദിക്കുകയാണ്, അദ്ദേഹം ഇന്നല്ലെങ്കിൽ നാളെ കേരളത്തിന്റെ മുഖ്യമന്ത്രിയായി വന്നുകൂടെ, അങ്ങനെ വരുമ്പോൾ എത്തരത്തിലുള്ള കേരളത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നായകത്വമാണ് അദ്ദേഹം ആഗ്രഹിക്കുന്നത്? അദ്ദേഹവും എന്റെ സ്നേഹിതൻ ശ്രീ. കോടിയേരി ബാലകൃഷ്ണനും ഉൾപ്പെടുന്ന ഒരു മന്ത്രിസഭ വരാനിടയായാലോ? അവർക്കും വരണമെങ്കിൽ സംസ്ഥാനം ഇവിടെ നിൽക്കണ്ടേ? പരമ്പരാഗത വ്യവസായമെന്ന് എപ്പോഴും പറയുമെങ്കിലും ഒരു പരമ്പരാഗത വ്യവസായമെന്ന നിലയിലാണ് വാസ്തവത്തിൽ അവരുടെ സി.പി.എം. പാർട്ടിയെത്തന്നെ നയിക്കുന്നത്. അതുകൊണ്ടാണ് അത് മുന്നോട്ടു പോകാത്തത്. ആ സാദ്ധ്യതകളെ അവർ ഉൾക്കൊള്ളട്ടെ. അതല്ലേ നാലാം ലോകത്തിലെ ശ്രീ. എം. പി. പരമേശ്വരൻ ഇടതുപക്ഷ കക്ഷികൾ എന്തുകൊണ്ടാണ് അഴിമതിക്കാരായി തീരുന്നതെന്ന് ചോദിച്ചത്. ഉത്തരം പറയാൻ സാധിക്കാത്ത ചോദ്യമാണ്. ഒക്ടോബർ വിപ്ലവം ഒരു വിഡ്ഢിത്തമായിരുന്നുവോ? അവർക്ക് ഉത്തരം പറയാൻ സാധിക്കാത്ത ചോദ്യമാണ്. അതുപോലെ ഉത്തര കൊറിയയും ക്യൂബയും ചൈനയും ഉൾപ്പെടെയുള്ള രാജ്യങ്ങൾ സ്വീകരിക്കുന്ന സാമ്പത്തിക നയം അവരുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്ക് നിരക്കുന്നതാണോ? ഇങ്ങനെയുള്ള ചോദ്യങ്ങൾ ചോദിച്ചതിനാണ് ശ്രീ. പരമേശ്വരൻ ശത്രുവായിത്തീർന്നത്. ഉത്തരം പറയാൻ സാധിക്കാത്ത ചോദ്യങ്ങളെ, നേരിടുന്നതിനുപകരം ചോദ്യങ്ങളെ തന്നെ തകർക്കുക എന്ന മാർക്സിസ്റ്റ് രീതിയിലാണ് അവർ ഇരിക്കുന്നത്. ഉത്തരം മുട്ടുന്ന ചോദ്യമാണെങ്കിലും ഉത്തരം പറയാൻ പറ്റില്ലെങ്കിലും ചോദ്യങ്ങളെ തകർക്കുക എന്ന രീതി ശരിയല്ല. അവർ ആ ഭരണത്തിലിരിക്കുമ്പോൾ മയൂര സന്ദേശത്തിൽ മയൂരത്തോട് പറഞ്ഞ മാതിരി,

'കണ്ടാലാർക്കും കൃതകപതകം തന്നെയാണെന്നതല്ലാ-
ഉണ്ടാകൊല്ലാമനമതിൽ മറിച്ചെണ്ണമവ്വണ്ണമായി
മിണ്ടാതെ കണ്ടതിനു മുകളിൽ ചേർന്ന... ചേണ്ടാർന്ന നിന്നെ,
കൊണ്ടോടും കണ്ടിരുകരയാഴം നോക്കി നിൽക്കുന്നു ലോകം'

കണ്ടാലറിയാത്ത മട്ടിൽ മയിലിനെ നിർത്താൻ വേണ്ടിയാണ് അവർ ശ്രമിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ ചില കാര്യങ്ങൾ പറഞ്ഞ് എന്റെ വാക്കുകൾ അവസാനിപ്പിക്കട്ടെ. ചീക്കോട് ശുദ്ധജലവിതരണ പദ്ധതി അടിയന്തിരമായി നടപ്പിലാക്കണം. പുല്ലിക്കടവുപാലം ഇടവഴിക്കടവു പാലം — ഈ രണ്ട് പാലങ്ങളുടെയും നിർമ്മാണം അത്യാവശ്യമായിട്ടുള്ള സംഗതിയാണ്. മറ്റൊരു കാര്യം, കരിപ്പൂർ വിമാനത്താവളം സ്ഥിതി ചെയ്യുന്ന പ്രദേശം ഉൾക്കൊള്ളുന്ന കരിപ്പൂർ വില്ലേജ്, കരിപ്പൂർ പഞ്ചായത്ത് എന്നിവ രൂപീകരിക്കുന്നതിനും കൊണ്ടോട്ടിയെ നഗരസഭയാക്കി മാറ്റുന്നതിനും ഗവണ്മെന്റ് നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയാണ്. അതുപോലെ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി, തൊഴിൽ രംഗത്ത് വേണ്ടത്ര ശരിയായ നിലപാട് സ്വീകരിക്കുന്നില്ല. ഒരു ചെറിയ പരാതിയുണ്ട്. മറ്റൊന്നുമല്ല, ഞാൻ പ്രതിനിധാനം ചെയ്യുന്ന പ്രധാനപ്പെട്ട സംഘടനയോട് വളരെ വലിയ അവഗണന കാണിക്കുന്ന തരത്തിൽ മുന്നോട്ടു പോകുന്നുണ്ട്. അത് അവസാനിപ്പിക്കണം. ഈ അവഗണന അവസാനിപ്പിക്കണമെന്ന് പറയുകയാണ്. ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. കേരളത്തിന്റെ പ്രധാന പ്രശ്നങ്ങളെ അഡ്രസ്സ് ചെയ്യുന്നതാണ് ഈ ധനാഭ്യർത്ഥനകളുടെ പ്രധാനപ്പെട്ട കാര്യങ്ങളെല്ലാം. ബഹുമാനപ്പെട്ട രാജേന്ദ്രൻ സൂചിപ്പിച്ചത്, ഇത് കാർ വാങ്ങാനും, മറ്റ് ധൂർത്തിനുമൊക്കെ വേണ്ടിയുള്ള അധിക ധനാഭ്യർത്ഥന യാണെന്നാണ്. അങ്ങേയ്ക്ക് ഓർമ്മയുണ്ടാകും. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ആദ്യത്തെ സപ്ലിമെന്ററി ഡിമാന്റ് നമ്മൾ പാസ്സാക്കിക്കൊടുത്തത്. അന്നത്തെ മുഖ്യമന്ത്രിക്ക് ഒരു ബെൻസ് കാർ വാങ്ങാൻ 35 ലക്ഷം രൂപയാണ് കൊടുത്തത്. അത് മറന്നുകൊണ്ട് ഇത്തരം കാര്യങ്ങൾ പറയരുത്, മാത്രമല്ല, ഞാനത് പറയുന്നില്ല, മറ്റു ചില കാര്യങ്ങളും അധിക ധനാഭ്യർത്ഥനയിൽപെട്ടതുണ്ട്. മാനുഷികമായ പരിഗണനയായതുകൊണ്ട് ഞാൻ ആ കാര്യങ്ങളെക്കുറിച്ചൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് അങ്ങേയ്ക്ക് ഇത് എതിർക്കാൻ പറ്റുമോ? ഇത് വൈദ്യുതി ബോർഡിന്റെ കടങ്ങൾ തീർക്കുന്നതടക്കം, നബാർഡ് ഉൾപ്പെടെയുള്ള പൊതുമരാമത്ത് വകുപ്പിന്റെ കടങ്ങൾ അടയ്ക്കുന്നതടക്കം, പെൻഷൻകാരുടെ ഡി.ആർ.കുടിശ്ശികയടക്കം, സാമൂഹ്യ ക്ഷേമ പെൻഷൻ കുടിശ്ശിക തീർക്കുന്നതടക്കം, അടിസ്ഥാനപരമായ പ്രശ്നങ്ങൾ അഡ്രസ് ചെയ്യുന്നതിനുവേണ്ടിയാണ് പറഞ്ഞിരിക്കുന്നത്. നമ്മുടെ ധനകാര്യ വകുപ്പ് വളരെ മികച്ച മാനേജ്മെന്റുമായി മുന്നോട്ടു പോവുകയാണ്. ഇവിടെ സൂചിപ്പിച്ച പ്രശ്നങ്ങളൊക്കെയുണ്ട്. റവന്യൂ കമ്മി ക്രമാതീതമായി വർദ്ധിച്ചുകൊണ്ടുപോകുന്ന സ്ഥിതി, അത് ഇന്ന് തുടങ്ങിയതല്ല. ഇടതുപക്ഷ മുന്നണി ഭരിച്ച 2001-ലെ കമ്മി 3147 കോടി രൂപ ആയിരുന്നു. 2000-ലെ കമ്മി 3622 കോടി രൂപ ആയിരുന്നു. അത് ഇപ്പോൾ കൂടി 4707 കോടി രൂപ ആയിട്ടുണ്ട്. ഇത് കുറച്ചുകൊണ്ടുവരുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കണം. കടം വന്നത് സത്യമാണ്. ഈ കടത്തിൽ ആരുടെ കാലത്താണ് വർദ്ധനവുണ്ടായത്? ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് ഈ കടം ക്രമാതീതമായി വർദ്ധിച്ചു. മാത്രമല്ല, പല കടങ്ങളും നിങ്ങൾക്ക് വാങ്ങിക്കാൻ കഴിഞ്ഞില്ല.. എ.ഡി.ബി.-യുടെ കടം വാങ്ങാൻ നിങ്ങൾ തീരുമാനിച്ചതാണ്. വേൾഡ് ബാങ്കിന്റെ സ്കീം, പൊതുമരാമത്ത് വകുപ്പിന്റെ സ്കീം ഇതെല്ലാം നിങ്ങളുടെ കാലത്ത് വാങ്ങാൻ തീരുമാനിച്ചതാണ്. നിങ്ങൾ തീരുമാനിച്ച കടങ്ങൾ വാങ്ങേണ്ടിവന്നത് ഈ ഗവണ്മെന്റായതുകൊണ്ട് ഈ ഗവണ്മെന്റിന്റെ അക്കൗണ്ടിൽ ആ കടവും കൂടിയിട്ടുണ്ട്. സത്യമാണ്. അതുകൊണ്ട് കടത്തിന് പലിശയും കൂടിയിട്ടുണ്ട്. റവന്യൂ കമ്മി ഇതുമായി ബന്ധപ്പെട്ട് കൂടിയിട്ടുണ്ട് എന്നുള്ള കാര്യവും സത്യമാണ്. ഈ ഗവണ്മെന്റിന്റെ കാലത്ത് വളരെയേറെ പോസിറ്റീവായ കാര്യങ്ങൾ ഉണ്ടായിട്ടുണ്ട്. ടാക്സ് കളക്ഷന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ എന്തു കാര്യം പറഞ്ഞാലും ബംഗാൾ ഗവണ്മെന്റിനെയാണ് കോട്ട് ചെയ്യാറുള്ളത്. ടാക്സ് കളക്ഷന്റെ കാര്യത്തിൽ 2001-2002-ൽ നമ്മുടേത് 2071 കോടി രൂപ ആയിരുന്നുവെങ്കിൽ 911 കോടി രൂപ മാത്രമാണ് ബംഗാൾ ഗവണ്മെന്റിന്റേത്. അതുപോലെ 2002-2003-ൽ 2362 കോടി രൂപ ആണ് നമ്മുടേതെങ്കിൽ 1028, നേർപകുതിപോലും ബംഗാളിന് ഉണ്ടാക്കാൻ കഴിഞ്ഞില്ല. വികസന കാര്യത്തിൽ ചെലവഴിച്ചത് നോക്കിയാൽ 2000-2001-ൽ 0.41 ശതമാനമാണ് ഇടതുപക്ഷ മുന്നണിയുടെ development expenditure. അതിനുശേഷം വന്ന ഗവണ്മെന്റ് 2001 മുതൽ ഇങ്ങോട്ട് വന്നാൽ 1.95, 0.95, 0.93, 0.79 എന്നിങ്ങനെയാണ് ചെലവഴിച്ചത്. വികസന കാര്യത്തിൽ, എക്സ്പെൻഡിച്ചറിന്റെ കാര്യത്തിൽ നിങ്ങളുടെ ഗവണ്മെന്റിനേക്കാൾ എത്രയോ മുന്നിലാണ് ഐക്യജനാധിപത്യ മുന്നണി ഗവണ്മെന്റെന്ന് വ്യക്തമാകുന്നതാണ്. എല്ലാ മേഖലയിലും മാറ്റങ്ങളുണ്ടായിട്ടുണ്ട്. തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അത് കുറച്ചുകാണാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ, നിയമന കാര്യത്തിലും, ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിലും കഴിഞ്ഞ ഗവണ്മെന്റ് അലംഭാവം തുടരുകയായിരുന്നു. എൽ.ഡി.എഫ്.-ന്റെ കാലത്ത് 5 വർഷക്കാലംകൊണ്ട് 1,10,067 പേർക്കാണ്പി.എസ്.സി.വഴി നിയമനം കൊടുത്തത്. യു.ഡി.എഫ്. രണ്ടരക്കൊല്ലം കൊണ്ട് 62000 പേർക്ക് നിയമനം കൊടുത്തു. ഇത് ഗവൺമെന്റിന്റെ കണക്കാണ്. നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

കാലത്ത് കൊടുത്തതിനേക്കാൾ കൂടുതൽ ഈ ഗവൺമെന്റ് കൊടുത്തുകഴിഞ്ഞു. നിയമനനിരോധനം ഉണ്ടെന്ന് നിങ്ങൾ പറയുന്നു. ഞാൻ അത് സമ്മതിക്കുന്നു. ഈ പരിമിതിക്കുള്ളിൽ നിങ്ങളേക്കാൾ കൂടുതൽ ജോലി കൊടുത്ത ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ഈ സപ്ലിമെന്ററി ഡിമാന്റിൽ പോലീസ് നവീകരണത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട രാജേന്ദ്രൻ പറഞ്ഞു. പോലീസുകാരും കഷ്ടപ്പെടുന്നവരല്ലേയെന്ന്? അവരെ നോക്കാതിരിക്കുവാൻ പറ്റുമോ? ഈ കാലത്ത് ഏറ്റവും കൂടുതൽ ആക്ഷേപം അനുഭവിക്കുന്ന വിഭാഗമാണ് പോലീസുകാർ. രാത്രി എന്നില്ലാതെ പകൽ എന്നില്ലാതെ കഠിനാദ്ധ്വാനം ചെയ്തുകൊണ്ടിരിക്കുകയാണ്. ചോർന്ന് ഒലിക്കുന്ന പോലീസ് സ്റ്റേഷനുകൾ! ചോർന്ന് ഒലിക്കുന്ന കെട്ടിടങ്ങളിലാണ് കെ.എ.പി. ഓഫീസുകൾ പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭരണം ഏറ്റെടുത്ത ഉടൻതന്നെ ആദ്യം ചെയ്തത് പോലീസുകാരുടെ സൗകര്യം വർദ്ധിപ്പിക്കലാണ്. അടിസ്ഥാനപരമായി അത് ചെയ്യണ്ടേ? പോലീസ് സ്റ്റേഷൻ കെട്ടിടം ഉണ്ടാകണ്ടേ? കെ.എ.പി. ബെറ്റാലിയന് കെട്ടിടം ഉണ്ടാകണ്ടേ? നിങ്ങളും ഞാനും അടക്കമുള്ള രാഷ്ട്രീയ തടവുകാർക്ക് അറിയാമല്ലോ, ജയിലുകളുടെ സ്ഥിതി എന്താണ്? നിയമസഭാ കമ്മിറ്റി റിപ്പോർട്ട് വന്നു. ജയിലുകൾ പരിഷ്ക്കരിക്കുവാൻ സംവിധാനം ഉണ്ടാകണ്ടേ? അതിനൊക്കെ വേണ്ടിയാണ്. പോലീസിന്റെ കാര്യത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഇത്രയേറെ നിഷ്പക്ഷമായ സമീപനം കഴിഞ്ഞ ഒരു കാലഘട്ടത്തിലും ഉണ്ടായിട്ടില്ല. അത് നിങ്ങളടക്കം സമ്മതിക്കുന്ന കാര്യമാണല്ലോ? എങ്കിലും ഗുണ്ടായിസം നമ്മുടെ നാട്ടിൽ വളരുന്നുണ്ട്. അത് പോലീസിനെക്കൊണ്ട് മാത്രം നിയന്ത്രിക്കുവാൻ കഴിയുന്ന കാര്യമല്ല. കേരളീയരുടെ സ്വഭാവ വിശേഷത്തിൽ മാറ്റം ഉണ്ടാകണം. മലയാള മനോരമ കഴിഞ്ഞ കുറേ ദിവസങ്ങളായി സ്ത്രീകൾക്കുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് സർവ്വേ നടത്തുകയാണ്. അത് പോലീസിനെക്കൊണ്ടുമാത്രം നിയന്ത്രിക്കുവാൻ കഴിയില്ല. മാത്രമല്ല പോലീസിന്റെ രീതിയിലും മാറ്റം ഉണ്ടാകണം. അതുകൊണ്ട് ആ കാര്യങ്ങളിലൊക്കെ ഫലപ്രദമായ സമീപനം സ്വീകരിക്കണം. അഴിമതിയുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. വിജിലൻസ് ഇത്രയും കാര്യക്ഷമമായ ഒരു കാലഘട്ടം ഉണ്ടായിട്ടുണ്ടോ? എത്ര റെയ്ഡുകൾ നടത്തി? ആർ.ടി. ഓഫീസുകളിൽ, സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിൽ, സ്പെഷ്യൽ ബ്രാഞ്ചുകളിൽ, രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റടക്കം പല സ്ഥലങ്ങളിൽ വിജിലൻസ് റെയ്ഡ് നടത്തി. ഏറ്റവും വ്യാപകമായ റെയ്ഡുകളാണ് നടത്തിയത്. ഏത് കാലത്ത് നടന്നിട്ടുണ്ട്? നിങ്ങളുടെ കാലത്ത് വിജിലൻസിനെ രാഷ്ട്രീയ പ്രതിയോഗികളെ ഒതുക്കുവാൻ വേണ്ടിയാണ് ഉപയോഗിച്ചത്. വിജിലൻസിനെ ഫലപ്രദമായി അഴിമതി നിരോധിക്കുവാൻവേണ്ടിയാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് എത്രയോ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചു. നിരവധി മെഡിക്കൽ കോളേജുകൾ അനുവദിച്ചു. നിരവധി എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിച്ചു. ഫാർമസി, നഴ്സിംഗ് കോളേജുകൾ അനുവദിച്ചു. അതിന്റെ പേരിൽ ഒരു ചായ വാങ്ങിക്കുടിച്ചുവെന്ന് ആക്ഷേപം ഉന്നയിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? നിങ്ങൾക്കൊക്കെ പറയുവാൻ കിട്ടിയ ആയുധം, ബി.എഡ്. കോളേജുകളുടെ പ്രശ്നമായിരുന്നു. അവിടെയും നിങ്ങൾ ആലോചിക്കണം, ഒരു ഗവൺമെന്റിന്റെ സുതാര്യത. നിങ്ങൾ ആരോപണം ഉന്നയിച്ചു. ബഹുമാനപ്പെട്ട വൈദികന്റെ കത്ത് വന്നപ്പോൾ മുഖ്യമന്ത്രി ഉടൻതന്നെ ലോക് ആയുക്തയ്ക്ക് കൊടുത്തു. നിങ്ങൾകൂടി അംഗീകരിക്കുന്ന സംവിധാനത്തിന് വിട്ടുകൊടുത്തു. ബഹുമാനപ്പെട്ട മെമ്പർമാർ പഴയ കാലത്തിലേക്ക് തിരിഞ്ഞുനോക്കണം. പ്ലസ്ടു-വിന്റെ പേരിൽ ഞങ്ങൾ നടത്തിയ ആക്ഷേപം നിയമസഭയെപ്പോലും സ്തംഭിപ്പിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് കേരളത്തിൽ ഞങ്ങൾ നടത്തിയ സമരങ്ങൾ ഒരു സൗകര്യവുമില്ലാത്ത, ജില്ലാ സമിതിയും പൂർണ്ണമായി തിരസ്ക്കരിച്ച, സ്കൂളുകൾക്ക് ഒക്കെ നിങ്ങൾ പ്ലസ് ടു കൊടുത്തു. കേരളത്തിൽ സമസ്ത മേഖലയിൽപ്പെട്ട ആളുകളും അതിന് എതിരായി അഭിപ്രായം പറഞ്ഞു. കേരള ഹൈക്കോടതി വളരെ സ്ട്രോങ്ങായ അഭിപ്രായം പറഞ്ഞു. പ്ലസ് ടു-വിന്റെ പേരിൽ കോടിക്കണക്കിന് രൂപയുടെ അഴിമതി നടത്തിയിട്ടുണ്ടെന്ന് പറഞ്ഞു. നിങ്ങൾ തിരുത്തിയോ? നിങ്ങൾ പ്ലസ് ടു ക്യാൻസൽ ചെയ്തോ? അഞ്ചും ആറും ലക്ഷം രൂപ കോഴ വാങ്ങിക്കൊണ്ട് മാനേജുമെന്റുകൾക്ക് നിയമനം നടത്താൻവേണ്ടി ഒരു സൗകര്യവും ഇല്ലാത്ത സ്കൂളുകൾക്ക് പ്ലസ് ടു കൊടുത്തു കേരളത്തിന്റെ പൊതു ഖജനാവ് കൊള്ളയടിച്ച് മാറ്റിയപ്പോൾ അതിന് എതിരായി ശക്തമായ പ്രക്ഷോഭണം നിയമസഭയിലും പുറത്തും ഉണ്ടായപ്പോൾ നിങ്ങൾ ആരെങ്കിലും ആ പ്ലസ്ടു ക്യാൻസൽ ചെയ്തോ? ഞങ്ങൾ അന്ന് മുഖ്യമന്ത്രിയോട് പറഞ്ഞപ്പോൾ അദ്ദേഹം എന്താണ് പറഞ്ഞത്, ലോക് ആയുക്തയിൽ വേണമെങ്കിൽ പോകാം. അതും ഞാൻ പോകുവാൻ പറയില്ല നിങ്ങൾക്ക് വേണമെങ്കിൽ പോകാമെന്ന് പറഞ്ഞു. അന്നത്തെ മുഖ്യമന്ത്രിയുടെ മുന്നിൽ ധാരാളം പെറ്റീഷൻസ് വന്നു. അതിൽ ഏതെങ്കിലും ഒന്ന് ലോക് ആയുക്തയിൽ കൊടുക്കുവാൻ അന്നത്തെ ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ? അന്വേഷിക്കുവാൻ തയ്യാറായോ? പ്ലസ്ടു വിവാദം കത്തിനിന്ന കാലഘട്ടത്തിൽ നിങ്ങൾ വളരെ സ്ട്രോങ്ങായ നിലപാട് സ്വീകരിച്ചു. ഞങ്ങളുടെ നേതാക്കന്മാർ നിയമസഭ സ്തംഭിപ്പിച്ചു. പുറത്ത് സമരം നടത്തി. ഞങ്ങൾ സമരം നടത്തിയത് ന്യായമായിട്ടായിരുന്നു. ജനങ്ങളുടെ സമരമായിരുന്നു. നിങ്ങൾ എന്താണ് ഇപ്പോൾ ചെയ്തത്? കഴിഞ്ഞ ദിവസം ഞാൻ കണ്ടു, കോട്ടയത്ത് ഹയർ സെക്കണ്ടറി കലോൽസവം നടക്കുന്ന സ്ഥലത്ത് ഡി.വൈ.എഫ്.ഐ. പ്രവർത്തകർ ഇടിച്ചുകയറി. പാവപ്പെട്ട കൊച്ചുകുട്ടികളായ കലാകാരികളും കലാകാരന്മാരും കലോൽസവം നടത്തുമ്പോൾ ശ്രീ. സൂപ്പി വരുമെന്നു പറഞ്ഞാണ് അത് ചെയ്തത്. എന്നാൽ അദ്ദേഹം പോയില്ല. അതെങ്കിലും നേതാക്കന്മാർ പറഞ്ഞുകൊടുക്കണ്ടേ? വിദ്യാഭ്യാസ മന്ത്രി പോയിട്ടില്ല. വിദ്യാഭ്യാസ വകുപ്പുമന്ത്രി പോകാതെതന്നെ അവിടത്തെ കസേരകൾ അടിച്ചുപൊട്ടിച്ചു. യുവജനോൽസവം അടിച്ചുപൊളിച്ച് അലങ്കോലപ്പെടുത്തി നാനാവിധമാക്കി. പണ്ട് ഇതുപോലെ കണ്ണൂരിൽ നടത്തിയപ്പോൾ ശ്രീ. സുകുമാർ അഴിക്കോട് പറഞ്ഞു, യാഗം കലക്കുന്ന അസുരന്മാരാണ് നിങ്ങളെന്ന് അതേ സ്വഭാവമാണ് കോട്ടയത്തും കാണിച്ചത്. ഇവിടെ ബി.എഡ്. കോളേജുകളുടെ ലിസ്റ്റ് മുഴുവനും ക്യാൻസൽ ചെയ്തു. ഈ സമീപനം ഏത് ഗവൺമെന്റിന്റെ കാലത്ത് സ്വീകരിച്ചിട്ടുണ്ട്? ഇത്രയും കാര്യത്തിൽ വളരെ ശക്തമായ നിലപാട് സ്വീകരിച്ചു. അഴിമതി ആരോപണങ്ങൾ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും വന്നാൽ അതിനെ ന്യായീകരിക്കുവാൻ ഞങ്ങളാരും തയ്യാറായിട്ടില്ല. ഗവൺമെന്റ് ഒരിക്കലും തയ്യാറായിട്ടില്ല. അങ്ങനെ വന്നപ്പോൾ അത് അന്വേഷിക്കുവാൻ മുഖ്യമന്ത്രി തന്നെ സംവിധാനം ഏർപ്പെടുത്തി.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ബി.എഡ്. കോളേജുകളുടെ കാര്യത്തിൽ ഹൈക്കോടതി പറഞ്ഞ വാചകങ്ങൾ വായിച്ചാൽ ശ്രീ. നാലകത്ത് സൂപ്പിക്ക് ഒരു നിമിഷംപോലും മന്ത്രിയായി തുടരാൻ യാതൊരു അർഹതയുമില്ല എന്ന് വ്യക്തമാണ്. മാത്രമല്ല ഇപ്പോൾ ശ്രീ. കെ. സി. വേണുഗോപാലിന്റെ ശ്രദ്ധയ്ക്കുവേണ്ടി ഒരു കാര്യം പറയുകയാണ്, പുതിയ ലിസ്റ്റ് തയ്യാറാക്കുന്നതിൽ ഓരോ സ്ഥലത്തുംപോയി പൈസ വാങ്ങുന്ന ഏജന്റുമാർ രംഗത്തിറങ്ങിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ: കഴിഞ്ഞ ഹൈക്കോടതിവിധി ഇന്നത്തെ വിധിയെക്കാൾ കൂടുതൽ എതിരായിരുന്നു അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക്. രൂക്ഷമായ വിമർശനം ഉണ്ടായിട്ടും അങ്ങേക്കുകൂടി നിയന്ത്രണമുള്ള ഇടതുപക്ഷ മുന്നണിയുടെ ഗവൺമെന്റ് ആ മന്ത്രിയോട് രാജിവയ്ക്കുവാൻ പറഞ്ഞോ? വൈദ്യരേ സ്വയം ചികിൽസിച്ചിട്ടുവേണം മറ്റുള്ളവരെ ചികിൽസിക്കേണ്ടത്. അതല്ലേ നല്ലത്? ഞങ്ങൾ ആ കാര്യത്തിൽ ആ ലിസ്റ്റ് ക്യാൻസൽ ചെയ്തു. ഒരു സംശയവും വേണ്ട. ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിക്കുമ്പോൾ ഇത്തരത്തിൽ അഴിമതി നടത്താൻ കഴിയില്ല. എത്രയോ മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും അനുവദിച്ചു. അതിന്റെ പേരിൽ ഒരു ചായ വാങ്ങി കുടിച്ചു എന്നുപോലും പറയുവാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: പുതിയ കോളേജുകളുടെ ലിസ്റ്റ് ഉണ്ടാക്കുവാൻ പോകുന്നുവെന്ന് കേട്ടപ്പോൾ അഴിമതി ആക്ഷേപം അഡ്വാൻസായി പറയുകയാണ്. ഇവിടെ പറന്നുപോകുന്ന പറവകൾക്ക് എതിരെപോലും അഴിമതി ആക്ഷേപം നടത്തുന്ന ചില വ്യാവസായിക പ്രമുഖന്മാരെപ്പോലെ പെരുമാറുന്ന രാഷ്ട്രീയ പാർട്ടികൾ ഉണ്ടെന്നുള്ളത് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ. സി. വേണുഗോപാൽ: തീർച്ചയായും ഇവരുടെ സമീപനം അതുതന്നെയാണ്. അവർക്ക് ആശയവുമില്ല. ആദർശവുമില്ല. ഒന്നുമില്ല. നിങ്ങളുടെ കമ്മ്യൂണിസ്റ്റ് ആശയങ്ങൾ നിങ്ങൾ പുട്ടിവച്ചിരിക്കുകയാണ്. നിങ്ങൾക്ക് വിദേശ നിക്ഷേപം ചൈനയിലാകാം, ബംഗാളിൽ ആകാം. കേരളത്തിൽ നിങ്ങൾ ഭരിക്കുമ്പോൾ ആകാം. ഞങ്ങൾ ഭരിക്കുമ്പോൾ പാടില്ല. ഇതല്ലേ നിങ്ങളുടെ മിനിമം മുദ്രാവാക്യം? പണ്ട് എസ്.എഫ്.ഐ.-ക്കാർ വിളിക്കുന്ന മുദ്രാവാക്യം ഞാൻ കേട്ടിട്ടുണ്ട്. ചൈനപോലെ റഷ്യപോലെ ഇൻഡ്യയൊന്ന് മാറ്റുവാൻ പോരുവിൻ സഖാക്കളേ രക്തമുള്ള കുട്ടരേ—എന്ന്. ഇന്ന് നിങ്ങൾക്ക് അത് നെഞ്ചിൽ കൈവച്ച് പറയുവാൻ കഴിയുമോ? ചൈനയിൽ എന്താണ് സ്ഥിതി? ബംഗാളിൽ എന്താണ് സ്ഥിതി? റഷ്യയുടെ കാര്യം പോകട്ടെ. നിങ്ങളുടെ വരട്ട് തത്വവാദം, അതുപോലെ നിങ്ങൾ നയിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട പി. സി. ജോർജിന്റെ പ്രസംഗം കേട്ടു. സത്യത്തിൽ വളരെ ഗൗരവമായ കാര്യമാണ് അദ്ദേഹം പറഞ്ഞത്. ബഹുമാനപ്പെട്ട കേന്ദ്ര ഗവൺമെന്റിന്റെ കൂറുമാറ്റ നിരോധന നിയമം വന്നില്ലെങ്കിൽ ഈ സപ്ലിമെന്ററി ഡിമാന്റ് നിങ്ങൾ അവതരിപ്പിക്കില്ലായിരുന്നു എന്നാണ് പറഞ്ഞത്. ആരാണ് കൂറുമാറ്റത്തെ പ്രോൽസാഹിപ്പിക്കുന്നത്? നാൽപ്പതുപേരുടെ ഫിക്സഡ് ഡെപ്പോസിറ്റുമായിട്ടിരിക്കുകയാണ്. നിങ്ങൾ വന്നാൽ മതി. കമ്മ്യൂണിസ്റ്റ് ആശയമാണ് ശ്രീ. കോടിയേരി! 'നാൽപ്പത് പേരുടെ ഫിക്സഡ് ഡെപ്പോസിറ്റ് ഞങ്ങളുടെ കയ്യിലുണ്ട് ആർക്കുവേണമെങ്കിലും കൂറുമാറിവരാം. 31 പേർ എപ്പോൾ വന്നാലും അപ്പോൾ ഗവൺമെന്റിനെ അട്ടിമറിക്കാം. ശ്രീ. എ. കെ. ആന്റണിയെ അട്ടിമറിക്കാം'. ശ്രീ. പി. സി. ജോർജ് അത് ആവർത്തിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ കൂറുമാറ്റ നിരോധന നിയമം വന്നില്ലായിരുന്നെങ്കിൽ ഈ ഗവൺമെന്റ് താഴെപോകുമായിരുന്നു എന്നാണ് പറഞ്ഞത്. അതിന്റെ അർത്ഥം എന്താണ്? കഴിഞ്ഞ എട്ടുമാസക്കാലം കൂറുമാറ്റത്തേയും അവസരവാദ രാഷ്ട്രീയത്തേയും പ്രോൽസാഹിപ്പിക്കുവാൻവേണ്ടിയുള്ള രാഷ്ട്രീയ നിലപാടുകളായിരുന്നില്ലേ നിങ്ങൾ സ്വീകരിച്ചത്? നിങ്ങൾ എട്ടുമാസം കേരളത്തിൽ എന്ത് സമരമാണ് നടത്തിയത്? കേരളത്തിലെ ഗവൺമെന്റിന്റെ പ്രശ്നമാണ് നിങ്ങൾ പറഞ്ഞത്,

LIBRARY ARCHIVES Kerala Legislative Assembly

"അഞ്ജന കണ്ണെഴുതി ആലിലത്താലിചാർത്തി
അറപ്പുര വാതിലിൽ കാത്തിരുന്നു,"

മണവാളൻ എത്താൻവേണ്ടി ആര് കാത്തിരുന്നു? മണവാളൻ വന്നില്ല. ആൺകുട്ടികൾ അവിടെപ്പോയി. ശ്രീ. ഇ.കെ. നായനാരുടെ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അറുപതുപേരുടെ ഫിക്സഡ് ഡെപ്പോസിറ്റുണ്ടായിരുന്നു. നിങ്ങൾക്ക് ഇപ്പോൾ നാല്പത് പേരുടെ മാത്രമേയുള്ളൂ. ഞങ്ങൾക്ക് അന്ന് 60 പേരുടെ കൂടെ പത്ത് എണ്ണം മതിയായിരുന്നു. ഞങ്ങൾ ആരും ചോദിച്ചില്ലല്ലോ? അങ്ങുകൊല്ലം സുഖമായി ഭരിക്കുവാൻ വിട്ടില്ലേ? അന്നും പ്രശ്നങ്ങളുണ്ടായിരുന്നു. സി.പി.ഐ.-ക്കാരൊക്കെ അടിവാങ്ങിക്കൊണ്ടിരിക്കുകയായിരുന്നല്ലോ? ഞങ്ങളാരും ശ്രമിച്ചില്ല. ആദർശപരമായ രാഷ്ട്രീയ സമീപനമായിരുന്നു ഞങ്ങളുടേത്. നിങ്ങൾ അങ്ങനെയല്ല. ശ്രീ. കെ. പി. രാജേന്ദ്രൻ സി.പി.ഐ.-യുടെ നിലപാട് എന്തായിരുന്നുവെന്ന് പറയണം. എട്ടുമാസക്കാലം കേരളത്തിൽ ചെയ്തത് എന്തായിരുന്നു? ഇപ്പോൾ ഡി.വൈ.എഫ്.ഐ.-യുടെ മുദ്രാവാക്യം എന്താണ്, സുപ്പി രാജിവയ്ക്കണം; വിദ്യാഭ്യാസ വകുപ്പുമന്ത്രി രാജിവയ്ക്കണം. ബി.എഡ്. അഴിമതി എന്ന പേരിൽ എട്ടുമാസക്കാലം ഒരു ഗവൺമെന്റിനെ അട്ടിമറിക്കുവാൻ ജുഗുപ്സാവഹമായി ഏറ്റവും പൈശാചികമായി രാഷ്ട്രീയ ഗൂഢാലോചനകൾ നടത്തി. അതിന് കേന്ദ്രമായി എ.കെ.ജി. സെന്ററും! കേരളത്തെ രാഷ്ട്രീയ മലീമസമാക്കിയില്ലേ നിങ്ങൾ? നിങ്ങൾക്ക് എന്ത് പറയുവാനുള്ള അവകാശമാണുള്ളത്? ഒരു അവകാശവുമില്ല.

സർ, നിങ്ങളുടെ പാർട്ടി നാലാം ലോകസിദ്ധാന്തത്തെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആദ്യം മുതലേ പറഞ്ഞു. ഞങ്ങളുടെ പാർട്ടിയിൽ ഒന്നും സംഭവിക്കാൻ പോകുന്നില്ലെന്ന് (.....ബഹളം.....) കൊല്ലനും കൊല്ലത്തിയും
1.00 P.M.] ഒന്നാണ്. ഞങ്ങളുടെ മുഖ്യമന്ത്രി ആദ്യം മുതൽ പറഞ്ഞ ഒരുകാര്യമുണ്ട്. സമയമാകുമ്പോൾ, ഒന്നിക്കേണ്ട സമയത്ത് ഒന്നിക്കും. അതിനിടയിൽ എന്തെങ്കിലും കാണിച്ചിട്ടുണ്ടെങ്കിൽ കാണിച്ചവർ പിന്നീട് സ്വയം ആലോചിക്കേണ്ടതാണ്. പക്ഷേ സമയമാകുമ്പോൾ ഞങ്ങൾ ഒന്നിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നിങ്ങളുടെ സ്ഥിതി എന്താണ്? നിങ്ങളുടെ പാർട്ടിയിൽ എന്താണ് സ്ഥിതി? ഇ.എം.എസ്.-നുശേഷമുള്ള ബുദ്ധിജീവികളിൽ ഒരാളാണ് സഖാവ് ഗോവിന്ദപ്പിള്ള. ഗോവിന്ദപ്പിള്ള ബ്രിട്ടീഷ് ചാരനാണെന്നാണ്. MI6-ന്റെ ഏജന്റാണെന്നാണ് ബെർലിൻ കുഞ്ഞനന്തൻ നായർ പറയുന്നത്.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ശ്രീ. എം. പി. പരമേശ്വരന്റെ നാലാം ലോകത്തെ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ സുഹൃത്തുക്കൾ, ശ്രീ. എം. പി. പരമേശ്വരൻ അവതരിപ്പിച്ചതുകൊണ്ട് പരലോകമെന്നാണ് പറയുന്നത്. നാലാം ലോകമല്ലെന്നു പറഞ്ഞുതുടങ്ങി. നാലാം ലോകവും പരലോകവും തമ്മിൽ വല്ല ബന്ധവുമുണ്ടോ?

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ആവശ്യമില്ലാത്തവരെ പരലോകത്തിൽ അയയ്ക്കലാണ് ഇവരുടെ ജോലി. ശ്രീ. എം. പി. പരമേശ്വരനെ പരലോകത്ത് അയയ്ക്കാൻ പോകുകയാണ്. വളരെ സീരിയസ്സായിട്ടുള്ള കാര്യമാണ് ഞാൻ പറയുന്നത്. ഇ.എം.എസ്.-നുശേഷമുള്ള ബുദ്ധിജീവിയായ ഗോവിന്ദപ്പിള്ള ബ്രിട്ടീഷ് ചാരസംഘടനയായ MI6-ന്റെ ചാരനാണെന്നാണ് കലാകൗമുദിയിൽ കൊടുത്ത ഇന്റർവ്യൂവിൽ കുഞ്ഞനന്തൻ നായർ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിരിക്കുന്നത്. ശ്രീ. ഗോവിന്ദപ്പിള്ള ഇതിനു മുമ്പ് കൊടുത്തിരിക്കുന്ന ഇന്റർവ്യൂവിൽ പറഞ്ഞിരിക്കുന്നത്, കുഞ്ഞനന്തൻ നായർ സി.ഐ.എ.-യുടെ ചാരൻ ആണെന്നാണ്. ആരാണ് കുഞ്ഞനന്തൻ നായർ? ഇ.എം.എസ്-ന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന, ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനവുമായി, ഇൻഡ്യൻ കമ്യൂണിസ്റ്റു പാർട്ടിയെ ബന്ധപ്പെടുത്തിയ ഏറ്റവും സൈദ്ധാന്തികനായ ഒരു കമ്മ്യൂണിസ്റ്റുകാരൻ, കണ്ണൂരുകാരനായ 'കുഞ്ഞനന്തൻ നായരെക്കുറിച്ചാണ് പറയുന്നത്. എന്താണ് പറയുന്നത്, അയാൾ സി.ഐ.എ.-യുടെ ഏജന്റാണെന്നാണ്. സഖാവ് ഗോവിന്ദപ്പിള്ളെ ബ്രിട്ടീഷ് ചാരസംഘടനയുടെ ഏജന്റാണെന്നാണ്. ഡോ. തോമസ് ഐസക്കിനെ ചാരനാണെന്ന് ഞാൻ പറയുന്നില്ല, പാഠം പത്രാധിപർ പറഞ്ഞത് ലക്ഷണമൊത്ത ചാരനാണെന്നാണ്. ലക്ഷണമൊത്ത ചാരനാണ് ഡോ. തോമസ് ഐസക്ക് എന്ന് പാഠത്തിൽ ശ്രീ. എം. എൻ. വിജയൻ പറയുന്നു. എം. എൻ. വിജയൻ ദേശാഭിമാനിയുടെ പത്രാധിപരാണല്ലേ? അദ്ദേഹത്തെ മാറ്റിയിട്ടുണ്ടോ? ദേശാഭിമാനിയുടെ പത്രാധിപരായ എം. എൻ. വിജയൻ പറയുന്നത് ശ്രീ. തോമസ് ഐസക് ചാരനാണെന്നാണ്. മാർക്സിസ്റ്റുപാർട്ടിയിൽ ചാരന്മാർ ആരൊക്കെയാണ്? മാർക്സിസ്റ്റു പാർട്ടിയിൽ മുഴുവൻ ചാരന്മാരല്ലേ? എന്റെ സ്നേഹിതൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചാരനാണെന്ന് ഇനി പറയില്ലേ? നിങ്ങളെ സംബന്ധിച്ചിടത്തോളം, നിങ്ങൾ മുഴുവൻ ചാരസംഘടനയിൽപ്പെട്ട ആളുകളാണ്. ഏറ്റവുമൊടുവിൽ സീതാറാം യെച്ചൂരി പറഞ്ഞത് എന്താണ്? ജനകീയാസൂത്രണത്തിനുവേണ്ടി ലോക്കൽ ബോഡീസ് ആണെങ്കിൽപ്പോലും വിദേശ പണം സ്വീകരിച്ചത് തെറ്റാണെന്നാണ്. പറഞ്ഞില്ലേ? കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആലപ്പുഴയിൽ ഒരു യോഗത്തിൽ പങ്കെടുത്തത് പത്രത്തിൽ വായിച്ചു. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പഴയകാല നേതാവ് പഞ്ചായത്ത് പ്രസിഡന്റായിരുന്ന പി.പി. സ്വാതന്ത്ര്യത്തിന്റെ പേരിലുള്ള ഒരു ഹാളിന്റെ ഉദ്ഘാടനത്തിൽ അദ്ധ്യക്ഷൻ ഡോ. തോമസ് ഐസക് ആയിരുന്നു. ഉദ്ഘാടനം വി. എസ്. അച്ചുതാനന്ദൻ. ശ്രീ. വി. എസ്. അച്ചുതാനന്ദൻ വന്നു, അദ്ധ്യക്ഷനെ കണ്ടില്ല. പ്രതിപക്ഷനേതാവ് പ്രസംഗം തുടങ്ങിയത്, അദ്ധ്യക്ഷൻ എന്നു പേരു വയ്ക്കുകയും പിന്നീട് യോഗത്തിൽ വരാതിരിക്കുകയും ചെയ്ത ഡോ. തോമസ് ഐസക് എന്നാണ്. അദ്ദേഹം അവിടെ പ്രസംഗിച്ചതാണ്. നമ്മുടെയിടയിലും പ്രശ്നമുണ്ട്. ഞങ്ങൾ 8 മാസക്കാലം കേരളത്തിലെ ജനങ്ങളോട് ചെയ്തത് ശരിയാണെന്ന അഭിപ്രായം എനിക്കില്ല. ആ പാതകത്തിനേക്കാളേറെ ആ പാതകത്തിലേക്ക് ആളുകളെ നയിക്കാൻ അവരെ മയക്കാൻ അവരെക്കൊണ്ടുവരാൻ വേണ്ടി 40 പേരുടെ പിൻതുണ എന്റെ കയ്യിൽ ഉണ്ട് എന്നു പറഞ്ഞ് രാഷ്ട്രീയ സദാചാരവിരുദ്ധപ്രസംഗം നടത്തിയ, രാഷ്ട്രീയ സദാചാരം ലംഘിച്ച നിങ്ങളടക്കമുള്ളവരാണ് ശ്രമിക്കുന്നത്. വലിയ കുറ്റക്കാർ നിങ്ങളാണ്. കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്ന ഒരു ഗവൺമെന്റിനെ ആര് അട്ടിമറിക്കാൻ ശ്രമിച്ചാലും, വിചാരിച്ചാലും ജനകീയ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകും. ജനവികാരം അതാണ്. അതാണ് തിരുവല്ലയിൽ കണ്ടത്. അതു മനസ്സിലാക്കി ഞങ്ങൾ പാർലമെന്റിൽ മുന്നോട്ടു പോകും. നിങ്ങൾ വെറുതേയാണ് ജോലി ചെയ്യുന്നത്. നിങ്ങൾ മൂക്ക് വളച്ചുപിടിക്കേണ്ട, നേരെ പിടിച്ചാൽ മതി. ശ്രീമതി സോണിയാഗാന്ധിയെ പിൻതുണയ്ക്കാൻ നിങ്ങൾ തീരുമാനിച്ചു. നിങ്ങൾ ചെയ്യേണ്ടത് 20 സീറ്റിലും യു.ഡി.എഫ്.-നെ വിജയിപ്പിക്കുക. നിങ്ങൾക്ക് കേരളത്തിൽ രാഷ്ട്രീയപ്രസക്തി ഇല്ല. അത്രമാത്രം അവസരവാദ കൂട്ടുകെട്ടിലേക്ക് നിങ്ങൾ പോയി. അതുകൊണ്ട് ഈ പാർലമെന്റ് ഇലക്ഷന് നിങ്ങൾ ചെയ്യേണ്ടത് യു.ഡി.എഫ്.-നെ പിൻതുണയ്ക്കുകയാണ്. ജനവികാരം മാനിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, അധികാരത്തിൽ വന്ന്, 32 മാസം കഴിഞ്ഞിട്ടും ബഡായി പ്രഖ്യാപനങ്ങൾ അല്ലാതെ ഭരണത്തിനു നേരം കാണാൻ കഴിയാത്ത ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളത്തിൽ ഭരണത്തിന് നേതൃത്വം കൊടുക്കുന്ന ഐക്യജനാധിപത്യ മുന്നണിയും മുന്നണിക്ക് നേതൃത്വം കൊടുക്കുന്ന കോൺഗ്രസ്സും എത്രമാത്രം അധഃപതിക്കുന്നു എന്നുള്ളത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രിയും അനുയായികളും നടത്തിക്കൊണ്ടിരിക്കുന്ന തരംതാണ അധികാരവടംവലിയാണ് ഭരണരംഗവും രാഷ്ട്രീയസ്ഥിതിയും ഇത്രമാത്രം വഷളാക്കിയിരിക്കുന്നത്. അതുകൊണ്ടാണ് സംസ്ഥാനത്തെ മുഖ്യഭരണകക്ഷിയെക്കുറിച്ച് ഒരു പ്രമുഖപത്രത്തിന്റെ മുഖപ്രസംഗത്തിൽ ചരമക്കോളം കുറിക്കേണ്ടി വന്നത്. വാർത്തകളും ഫീച്ചറുകളും പരസ്യങ്ങളുമെല്ലാം വരാറുണ്ട്. അതുപോലെയല്ല ഒരു പത്രത്തിൽ മുഖപ്രസംഗം വരുന്നത്. മുഖപ്രസംഗം ചരമഗീതമാകുന്നത് അപൂർവ്വങ്ങളിൽ അപൂർവ്വമാണ്. 30-ാം തീയതി വർത്തമാനം പത്രത്തിൽ മുഖപ്രസംഗം, "നരഭോജികളുടെ യുഗം പിറക്കുന്നു. കേരളത്തിലെ ഒരു രാഷ്ട്രീയകക്ഷി സദാചാരത്തിന്റെ എല്ലാ വസ്ത്രങ്ങളും ഉരിഞ്ഞെറിഞ്ഞ് നഗ്നനൃത്തം തുടങ്ങിയിട്ട് മാസങ്ങളായി. ഈ അസംബന്ധ നാടകം വർണ്ണിക്കാനുള്ള വാക്കുകൾ ഞങ്ങളുടെ കയ്യിൽ ഇല്ലാതായിരിക്കുന്നു. നരഭോജികളുടെ ഒരു പുതിയ രാഷ്ട്രീയ യുഗം പഴയ ധാർമ്മികയുഗത്തെ സംഹരിച്ച് ഉദയം ചെയ്യുകയാണ്". എന്നാണ്. ഇതിനപ്പുറം എന്താണ് കേരളത്തിലെ ഐക്യജനാധിപത്യ മുന്നണിയെക്കുറിച്ചും അതിന് നേതൃത്വം കൊടുക്കുന്ന കോൺഗ്രസ്സിനെക്കുറിച്ചും പറയാനുള്ളത്? 14-ാം ലോക്സഭാ തെരഞ്ഞെടുപ്പിന്റെ മുന്നോടിയിലാണ് ഇൻഡ്യാ രാജ്യവും കേരളവും. കഴിഞ്ഞ നാലു വർഷക്കാലം ഇൻഡ്യയിലെ ജനങ്ങൾക്കിടയിൽ വെറുപ്പിന്റേയും സ്പർദ്ധയുടേയും മതവൈരത്തിന്റേയും തീ കോരിയിട്ട ഭരണാധികാരികൾ ഇപ്പോൾ ജനങ്ങളുടെയിടയിലേയ്ക്ക് വിധി വാങ്ങാനായി ഇറങ്ങിത്തിരിക്കുമ്പോൾ ജനപ്രിയമായ കുറേ കാര്യങ്ങൾ അവരുടെ മുന്നിലേക്ക് എറിഞ്ഞു കൊണ്ടിരിക്കുകയാണ്. ഇൻഡ്യയിൽ ഭരണാധികാരികൾ ചെയ്യുന്നതും കേരളത്തിലെ അനുഭവവും മറ്റൊന്നല്ല. നമുക്കറിയാം, കേന്ദ്രം ആയുസ്സൊടുങ്ങാൻ, മരിക്കാൻ തുടങ്ങുമ്പോൾ കേരളത്തിലെ ഭരണം ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും എന്ന അവസ്ഥയിൽ വളരെയധികം ഉഷാറായിട്ട് മുന്നോട്ടുപോകുകയാണ്. ഭരണകക്ഷി നേതാക്കളും ഈ ഭരണത്തിനെതിരേ അഭിപ്രായങ്ങൾ പറയുന്നുണ്ട്. ഈ രാജ്യത്ത് ഭരണമല്ല നടക്കുന്നത്. വൃക്ക കച്ചവടം, വിദ്യാഭ്യാസ കച്ചവടം, കരിമണൽ കച്ചവടം, വനം കച്ചവടം, മണൽ കച്ചവടം, പെൺവാണിഭം വരെ ഹോൾസെയിലായിട്ടും റീട്ടെയിലായിട്ടും നടക്കുകയാണ്. ആ ഒരവസ്ഥയാണ് ഇവിടെയുള്ളത്. പാലക്കാട് ജില്ലയെ സംബന്ധിച്ചിടത്തോളം പ്രതിപക്ഷനേതാവും അപ്പുറത്തുമിപ്പുറത്തുമുള്ള എം.എൽ.എ.-മാരും ഇപ്പോൾ നേരിടുന്ന രൂക്ഷമായ അവസ്ഥയെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന് ഇനിയും ആ ഗൗരവാവസ്ഥ ബോധ്യപ്പെട്ടില്ല എന്നാണ് എനിക്കു പറയാനുള്ളത്. അവിടെ കൊടും വരൾച്ചയാണ്. രണ്ടു തവണ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചതാണ്. കുടിവെള്ളം കിട്ടുന്നില്ല. കൃഷിക്ക് വെള്ളം കിട്ടുന്നില്ല. കൃഷിയെല്ലാം വരണ്ട് നശിച്ചുകൊണ്ടിരിക്കുകയാണ്. പറമ്പിക്കുളം-ആളിയാർ കരാറനുസരിച്ചുള്ള വെള്ളം ലഭ്യമാകുന്നില്ല. കിട്ടുന്ന വെള്ളം തന്നെ കോയമ്പത്തൂരിലേക്ക് തിരിച്ചുകൊണ്ടുപോകുകയാണ്. വേറൊരു സ്ഥലത്ത് പെപ്സി, കൊക്കകോള കമ്പനി ലക്ഷക്കണക്കിന് ലിറ്റർ വെള്ളമാണ് ഊറ്റിയെടുക്കുന്നത്. സമീപപ്രദേശങ്ങളിലെ കിണറുകളിൽ വെള്ളമില്ലാതായിരി

ക്കുകയാണ്. മഴക്കാലത്തുപോലും ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്ന പ്രദേശങ്ങളാണ് പാലക്കാടുള്ളത്. അവിടെയുള്ള ഈ ഗുരുതരമായ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയുള്ള അടിയന്തിര നടപടികൾ വേണം. അഞ്ചു മന്ത്രിമാർ വന്ന് ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിനെക്കുറിച്ച് ആലോചിച്ചതാണ്. കഴിഞ്ഞ തവണ വരൾച്ചബാധിത മേഖലയായി പ്രഖ്യാപിച്ചപ്പോൾ അനുവദിച്ച പൈസപോലും ട്രഷറി ബാൻ ആണെന്നു പറഞ്ഞ് കിട്ടിയിട്ടില്ലായെന്ന് ചെക്കുകൾ ഉയർത്തിക്കാണിച്ചുകൊണ്ട് കൃഷിക്കാർ സൂചിപ്പിക്കുകയുണ്ടായി. അടിയന്തിരമായി അതിൽ നടപടി വേണം. അവിടത്തെ ജനങ്ങളായിരിക്കണം പ്രധാനം. ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കാതെ മറ്റു പല താൽപ്പര്യങ്ങൾക്കും ആണ് പരിഹാരം കാണേണ്ടത് എന്ന അഭിപ്രായം എനിക്കില്ല. ക്രമസമാധാന പാലനത്തിനുവേണ്ടി മുൻകയ്യെടുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എപ്പോഴും പറയും. കിള്ളി സംഭവം, മാറാട് സംഭവം എന്നിവ കഴിഞ്ഞശേഷം പാലക്കാട് ജില്ലയിൽ ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ കോങ്ങാട് ഒരു സംഭവം ഉണ്ടായി. രണ്ടു കുട്ടികൾ തമ്മിലുണ്ടായ പ്രശ്നമാണ്. ആ പ്രശ്നത്തെ വലുതാക്കി ഈ അവസ്ഥയിൽ എത്തിച്ചത് അവിടത്തെ പോലീസുകാരാണ്. കുട്ടികൾ തമ്മിലുള്ള പ്രശ്നം തീർത്തത് അവിടത്തെ മുൻ പഞ്ചായത്ത് പ്രസിഡന്റായ 70 വയസ്സുകാരനായ ശ്രീ. വേലായുധനാണ്. ആ പ്രശ്നം തീർത്തുകഴിഞ്ഞപ്പോൾ സബ് ഇൻസ്പെക്ടർ അവിടെ വന്നു പറഞ്ഞത് നീ ആരാണ് ഇതൊക്കെ തീർക്കാൻ, റഫറിയാണോ? ഇതൊക്കെ തീർക്കാൻ ഞങ്ങളുണ്ട് എന്നാണ്. അവരെ കേസിൽ പ്രതിയാക്കി. ജാമ്യമെടുത്തിട്ടുപോലും വീടുകളിൽ റെയ്ഡ് നടക്കുകയാണ്. പാവപ്പെട്ട സ്ത്രീകൾ കരഞ്ഞുകൊണ്ടാണ് അവർക്കുള്ള അനുഭവങ്ങൾ പറയുന്നത്. കേട്ടാൽ അറയ്ക്കുന്ന തെറികൾ പറഞ്ഞുകൊണ്ട് അവിടെയുള്ള മുഴുവൻ ചെറുപ്പക്കാരെയും പിടിച്ചുകൊണ്ടുപോകുന്നു. അവരെ കേസിൽ പ്രതികളാക്കുന്നു. അവിടെ ഞാൻ പോകുമ്പോൾ 'ഇവിടത്തെ കമ്മ്യൂണിസ്റ്റുകാരെ ഇല്ലാതാക്കുമെന്നു പ്രഖ്യാപിച്ചുകൊണ്ടുള്ള', ക്രൂരമായ പ്രവർത്തനങ്ങൾ നടക്കുകയാണ്. ഈ വാർത്തകളെല്ലാം മറ്റു പത്രങ്ങളിൽ വന്ന വാർത്തകളാണ്; ദേശാഭിമാനിയിൽ വന്ന വാർത്തകളല്ല. അവിടെയുള്ള ചെറുപ്പക്കാരുടെ പേരിൽ പെറ്റി കേസ് എടുത്തിരിക്കുകയാണ്. ഒരു കാരണവുമില്ല. ക്രമസമാധാനം പാലിക്കേണ്ട പോലീസ്, ലാ ആന്റ് ഓർഡർ നടപ്പിലാക്കേണ്ട പോലീസ് തന്നെ ക്രമസമാധാനത്തിന് ഭംഗം വരുത്തുന്ന സ്ഥിതിവിശേഷം ഉണ്ടാക്കുകയാണ്. ഈ അക്രമങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന പോലീസ് സബ് ഇൻസ്പെക്ടർക്കെതിരായി നടപടിയുണ്ടാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. അതുപോലെതന്നെ ബ്ലേഡ് മാഫിയകളേയും ഗുണ്ടകളേയുമൊന്നും നിലയ്ക്കുനിർത്താൻ, അവർക്കെതിരെ ശക്തമായ നടപടിയെടുക്കാൻ കഴിയുന്നില്ല. അരാജകത്വത്തിലേക്കു നീങ്ങുന്ന കേരളത്തെ രക്ഷിക്കുന്നതിനുവേണ്ടി പോലീസിനെ ഉപയോഗിക്കാൻ കഴിയുന്നില്ല. പാവപ്പെട്ട ആളുകളുടെമേൽ കുതിര കയറുന്നതിനുവേണ്ടിയാണ് പോലീസിനെ കയറൂരി വിട്ടിരിക്കുന്നത്. അതുപോലെ വനിതകളുടെ ക്ഷേമവും സുരക്ഷിതത്വവുമെല്ലാം ഉറപ്പുവരുത്തുമെന്ന് പറയുന്നുണ്ട്, വനിതകളെ പോലീസിലെടുക്കുമെന്ന് പറയുന്നുണ്ട്. നമ്മുടെ ആഭ്യന്തര വകുപ്പ് മോടി പിടിപ്പിക്കുന്നതിനുവേണ്ടി 63 കോടി രൂപ നീക്കി വയ്ക്കുമ്പോൾ എനിക്ക് സൂചിപ്പിക്കാനുള്ളത് നമ്മുടെ പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസുകാർക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടിയുള്ള സൗകര്യംപോലും ഏർപ്പെടുത്തിയിട്ടില്ല, അതുണ്ടാകണമെന്നുള്ളതാണ്. വനിതാ

LIBRARY ARCHIVES Kerala Legislative Assembly

പോലീസുകാർ തന്നെ ഇന്ന് പോലീസ് ഓഫീസുകളിൽ മാനഭംഗം നേരിട്ടു കൊണ്ടിരിക്കുന്ന ഭരണമാണ് കേരളത്തിലെ ഐക്യജനാധിപത്യ മുന്നണിയുടെ ഭരണകാലത്തുള്ളതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെതന്നെ വയനാട് ജില്ലയിലെ പഞ്ചാരക്കൊല്ലിയിലുള്ള ടീ എസ്റ്റേറ്റിലെ 250 കുടുംബങ്ങൾ പട്ടിണിയിലാണ്, അവർക്ക് തൊഴിലില്ല. ആസന്നഭാവിയിൽ തന്നെ അവിടെ പട്ടിണി മരണങ്ങൾ നമുക്ക് കേൾക്കേണ്ടിവരുമെന്ന് സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. 5 വർഷംകൊണ്ട് 15 ലക്ഷം പേർക്ക് തൊഴിൽ കൊടുക്കുമെന്നു പറഞ്ഞ് അധികാരത്തിൽ വന്നവർ എന്തെല്ലാം കണക്കുകൾ പറഞ്ഞാലും പി.എസ്.സി. പരീക്ഷ എഴുതി, റാങ്ക് ലിസ്റ്റിൽ വന്ന്, അഡ്വൈസ് മെമ്മോ കിട്ടിയവർക്കുപോലും തൊഴിൽ കിട്ടാത്ത അവസ്ഥയാണ്. കഞ്ചിക്കോട് എന്ന പ്രദേശം കേരളത്തിലെ രണ്ടാമത്തെ വ്യവസായ മേഖലയാണ്, അതിവിടെ പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചു. അവിടെ 25,000 തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങളാണുള്ളത്, അതിൽ 10,000 പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. അവരാരും കൊടിപിടിച്ചിട്ടല്ല, ഈങ്കിലാബ് വിളിച്ചിട്ടല്ല പോയത്. ഇറക്കുമതി ഉദാരവൽക്കരണത്തിന്റെ ഭാഗമായി അവരുണ്ടാക്കുന്ന ഉല്പന്നങ്ങൾ വിപണിയിൽ വിറ്റഴിയുന്നില്ല. വൈദ്യുതി ചാർജ് ഇടയ്ക്കിടയ്ക്ക് വർദ്ധിപ്പിച്ചതിന്റെ ഫലമായിട്ടാണ് ആ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയത്. കെൽ എന്ന പൊതുമേഖലാ സ്ഥാപനം അടച്ചുപൂട്ടുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിച്ചിരിക്കുകയാണ്. വി.ആർ.എസ്. കൊടുത്തിരിക്കുന്നു, ബാക്കിയുള്ള വരെയെല്ലാംതന്നെ കാസർകോട്ടേക്ക് transfer ചെയ്യുന്നതിനുള്ള നടപടിയാണ്. അത് അവസാനിപ്പിക്കണം, ആ സ്ഥാപനം അവിടെ നിലനിർത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. സ്ത്രീ തൊഴിലാളികൾക്ക് വലിയ തോതിൽ സഹായം ചെയ്യുന്നതിനു വേണ്ടിയാണ് സ്വയം സ്വർണ്ണാഭരണങ്ങളുണ്ടാക്കുന്നത്. അവർക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുമ്പോൾ subsidy കൊടുത്ത് സഹായിക്കാമായിരുന്നു. പക്ഷേ ഈ ബഡ്ജറ്റിൽ അവർക്കുവേണ്ടി 5 പൈസ നീക്കിവച്ചിട്ടില്ല എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇപ്പോൾ മംഗല്യ പദ്ധതിക്കുവേണ്ടി 10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്, 14 വയസ്സു മുതൽ 22 വയസ്സുവരെയാണ് അതിൽ പറയുന്നത്. നമ്മളിവിടെ അംഗീകരിച്ചിരിക്കുന്ന വിവാഹ പ്രായം 18 വയസ്സാണ്. അതുകൊണ്ട് ആ പദ്ധതി 10 വയസ്സു മുതൽ 18 വയസ്സുവരെയാക്കി മാറ്റണമെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ബി.പി.എൽ.-കാരുടെ ആതുര രക്ഷയ്ക്കുവേണ്ടി ഒരുകോടി രൂപ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. 5 പൈസപോലും ചെലവഴിച്ചിട്ടില്ല. അതുപോലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക്, ദാരിദ്ര്യം അനുഭവിക്കുന്നവരുടെ ക്ഷേമത്തിനുവേണ്ടി 25 ലക്ഷം രൂപ കഴിഞ്ഞ ബഡ്ജറ്റിൽ നീക്കിവച്ചതാണ്. 5 പൈസ അതിൽ ചെലവഴിച്ചിട്ടില്ല. ആ ഒരവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. പ്ലാന്റേഷൻ മേഖലയിൽ പണി നഷ്ടപ്പെടുന്ന കുടുംബങ്ങൾ നേരിടുന്ന ഏറ്റവും വലിയ അവസ്ഥയെന്താണ്, പത്രങ്ങളിൽ വന്ന ഒരു വാർത്തയുണ്ട്, സ്വന്തം ഭർത്താവിന്റെ സമ്മതത്തോടുകൂടി ഒരു സ്ത്രീക്ക് കുടുംബം പോറ്റുന്നതിനുവേണ്ടി വ്യഭിചാരത്തിനിറങ്ങേണ്ടി വന്നുവെന്ന് വേദനയോടുകൂടി പറയുമ്പോൾ ഈ കേരളത്തിൽ ഐക്യ ജനാധിപത്യമുന്നണി ഭരിക്കുമ്പോഴാണ് തോട്ടം മേഖലയെ ഇങ്ങനെ പ്രതിസന്ധിയിലാക്കിക്കൊണ്ട് സ്ത്രീകളുടെ മാനംവിറ്റ് ജീവിക്കേണ്ട അവസ്ഥയുണ്ടാക്കിയിരിക്കുന്നത് എന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. തമിഴ്നാട്ടിൽ 40 രൂപയ്ക്ക് റേഷൻ കടയിലൂടെ കോട്ടൺ സാരി ഇഷ്ടംപോലെ വിതരണം ചെയ്യുകയാണ്. അവിടെയുള്ള മുഖ്യമന്ത്രി നമുക്ക് കുടിവെള്ളം തരുന്ന കാര്യത്തിലെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

തന്നെ വലിയ കർക്കശക്കാരിയാണെങ്കിലും അവിടെയുള്ള ജനങ്ങളോട് കാണിക്കുന്ന സ്വഭാവം ഇതാണ്. പക്ഷേ കേരളത്തിൽ എന്താണ് ചെയ്തിരിക്കുന്നത്? ഇവിടെ സാരിക്ക് വില കൂട്ടിയിരിക്കുകയാണ്, സ്ത്രീകളോട് കാണിക്കുന്ന ക്രൂരതയായിട്ട് അതിനെ കണക്കാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പംതന്നെ സ്ത്രീകളുടെ അന്തസ്സും അഭിമാനവും കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി ഇവിടെ എല്ലാ കാര്യങ്ങളും ചെയ്തുവെന്നു പറയുമ്പോൾ തന്നെ അവർക്കുനേരെയുള്ള അതിക്രമങ്ങളുടെ കണക്കുകൾ വർദ്ധിക്കുകയാണ്. ഏതിനത്തിലാണ് പുരോഗതിയുള്ളത്? സ്ത്രീകളെ അപമാനിക്കുന്ന കാര്യത്തിലാണോ പുരോഗതിയുണ്ടായിരിക്കുന്നത്? സ്ത്രീ പീഡന കേസ്സുകൾ 18,113 ആയിരിക്കുന്നു, അതിലാകെ ശിക്ഷിക്കപ്പെട്ടത് 71 ആണ്, ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്ന മറുപടിയിൽ പറയുന്ന കാര്യമാണ്. 976 പേർ കഴിഞ്ഞ 27 മാസക്കാലത്തിനുള്ളിൽ ബലാൽസംഗത്തിന് വിധേയമായിരിക്കുന്നു. 18 വയസ്സിനുതാഴെ ബലാൽസംഗത്തിന് വിധേയരായവർ 384 പേരാണ്. പെൺവാണിഭം 20 ആയി വർദ്ധിച്ചിരിക്കുന്നു, ഇതിലൊക്കെയാണ് പുരോഗതിയുള്ളത്. ബലാൽസംഗത്തെത്തുടർന്ന് മരണപ്പെട്ടത് 29 പേരാണ്. അങ്ങനെ അപമാനിക്കപ്പെട്ട, നീതി നിഷേധിക്കപ്പെട്ട സ്ത്രീകളാണ് കേരളത്തിലുള്ളത്. അവർക്കുവേണ്ടി എന്തു ചെയ്യാൻ കഴിഞ്ഞുവെന്ന് ഗവൺമെന്റിന് പറയാൻ കഴിയുമോ? ഏറ്റവും മോശപ്പെട്ട രീതിയിൽ കുറുമാറ്റത്തിനടക്കം സ്ത്രീകളെ ഉപയോഗിക്കാൻ നാണമില്ലാത്ത ഭരണാധികാരികളാണ് ഇന്ന് കേരളം ഭരിക്കുന്നതെന്ന് വിഷമത്തോടുകൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. World Trade Organisation-ന്റെ കരാള ഹസ്തത്തിൽനിന്നും കൃഷിക്കാരെ രക്ഷിക്കുന്നതിനുവേണ്ടി എന്നു പറഞ്ഞുകൊണ്ട് ഇവിടെ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് വന്നു, അത് കഴിഞ്ഞ ബഡ്ജറ്റിലും ഈ ബഡ്ജറ്റിലും പറയുന്നുണ്ട്, എന്നാൽ അത് നടപ്പിലാക്കുന്നില്ല. അത് നടപ്പിലാക്കുന്നതിന് എന്താണ് തടസ്സം, ആരാണ് തടസ്സമെന്ന് ചൂണ്ടിക്കാണിക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നെല്ലിന്റെ കലവറയായ പാലക്കാട് ജില്ലയിൽ വരൾച്ച കാരണം 1,22,427 രൂപ അരിയുല്പാദനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. നെല്ലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഒന്നും ചെയ്തിട്ടില്ല. International Year of Rice ആയി ഐക്യരാഷ്ട്ര സഭ പ്രഖ്യാപിച്ചിട്ടുപോലും കേരളത്തിൽ നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. പാലക്കാടുകാരനായ ധനകാര്യ വകുപ്പുമന്ത്രി നെൽക്കൃഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി കാര്യമായ തുക നീക്കിവയ്ക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ പാലിന്റെ കാര്യം, അത് ഞാൻ വിശദീകരിച്ചു പറയാൻ ആഗ്രഹിക്കുന്നില്ല. മായം ചേർത്ത പാലാണ് ഇവിടെ വരുന്നത്. അത് നമ്മുടെ ആരോഗ്യം തകർക്കുന്നതാണ്, അതിൽ മായം ചേർക്കുന്ന കാര്യങ്ങളെക്കുറിച്ചെല്ലാം ഇവിടെ പറയാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. മായം ചേർക്കുന്നവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കണം. അതുപോലെതന്നെ കൂടുതൽ സ്ത്രീകൾ പണിയെടുക്കുന്ന കയർ, കശുവണ്ടി, മത്സ്യബന്ധനം, കൈത്തറി തുടങ്ങിയ പരമ്പരാഗത മേഖലകളിലെ സ്ത്രീകൾ ഈ ബഡ്ജറ്റിലൂടെ വഞ്ചിക്കപ്പെട്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി. കോടികൾ മുടക്കിക്കൊണ്ട് ബസ്സുകൾ വാങ്ങുന്നുണ്ട്, രണ്ടുവർഷമായി വരുമാനം കൂടിയെന്ന് പറയുന്നുണ്ട്. പക്ഷേ ചെലവും കൂടുകയാണ്. അതൊരു സേവന മേഖലയാക്കി പ്രഖ്യാപിച്ചുകൊണ്ട്, ഒരു പാക്കേജ് കൊടുത്തുകൊണ്ട്, കെ.എസ്.ആർ.ടി.സി.-യെ ഈ സംസ്ഥാനത്തിന് ഗുണകരമായ അവസ്ഥയിലേക്ക് മാറ്റിക്കൊണ്ടുവരണം. ഒരുകാര്യം കൂടി എനിക്ക് സൂചിപ്പിക്കാനുള്ളത്, മഹാത്മാഗാന്ധി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതുപോലെ കുടിൽ വ്യവസായം കേരളത്തിൽ വർദ്ധിച്ചിട്ടുണ്ട്. ഇവിടെ ഇഷ്ടംപോലെ ബി.എഡ്. കോളേജുകൾ കൊടുക്കുന്നുണ്ട്, പ്രൊഫഷണൽ കോളേജുകൾ കൊടുക്കുന്നുണ്ട്, ആർക്കുവേണമെങ്കിലും കൊടുക്കുന്നുണ്ട്, അതിനൊരു മാനദണ്ഡവും വേണ്ട. ഒരു ലക്ഷത്തിൽപ്പരംവരുന്ന ബി.എഡുകാർ ഇവിടെ പണിയില്ലാതെ തേരാപ്പാരാ നടക്കുമ്പോഴും 2644 വിദ്യാലയങ്ങൾ നഷ്ടത്തിലാണെന്നു പറഞ്ഞ് അടച്ചുപൂട്ടുമ്പോഴുമാണ് ചോദിക്കുന്നവർക്കെല്ലാം ബി.എഡ്. കോളേജുകൾ കൊടുത്തുകൊണ്ട് അതൊരു കുടിൽ വ്യവസായമായി മാറ്റുന്നതിനുവേണ്ടി ഈ ഗവൺമെന്റ് തയ്യാറായിരിക്കുന്നത്. എന്റെ മണ്ഡലത്തിൽ മീൻവല്ലം ടൂറിസം വികസന പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ട് (ഇതുവരെ ഒറ്റ പദ്ധതിയും അവിടെയില്ല), വിനോദസഞ്ചാര വിപണനകേന്ദ്രമാക്കി അതിനെ മാറ്റുന്നതിനുവേണ്ടി നടപടിയെടുക്കണമെന്ന് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയോട് ഞാൻ അപേക്ഷിക്കുകയാണ്. രണ്ട് പഞ്ചായത്തുകളെ, രണ്ട് മണ്ഡലങ്ങളെ, രണ്ട് ജില്ലകളെ തമ്മിൽ യോജിപ്പിക്കുന്ന ഈ മണ്ഡലത്തിലെ മുറിയംകണ്ണി പാലത്തിന്റെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. State Highway ആയി പ്രഖ്യാപിച്ച ശ്രീകൃഷ്ണപുരം മണ്ഡലത്തിലെ പ്രോജക്ടുകൾക്കുവേണ്ടി കാര്യമായ തുക നീക്കിവച്ചിട്ടില്ല, അത് നീക്കിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗം നോക്കുകയാണെങ്കിൽ രണ്ടുവർഷത്തിനുള്ളിൽ മൂന്നേകാൽകോടി ജനങ്ങൾ കേരളത്തിൽ 50,000 കോടി രൂപയുടെ കടമുണ്ടാക്കിയിട്ട്, അതായത് കേരളത്തിലെ ഓരോ വ്യക്തിയും 15,000 രൂപയ്ക്ക് കടക്കാരനായിക്കൊണ്ടിരിക്കേ, ഇപ്പോൾ ജനിച്ചുവീഴുന്ന കുട്ടികളടക്കം കടത്തിൽ വരികയാണ്. അതുകൊണ്ടുതന്നെ ഇത്തരം നയവൈകല്യങ്ങളുമായി മുന്നോട്ടുപോകുന്ന പിടിപ്പുകെട്ട ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, കൃഷി രംഗത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴുണ്ടായ സ്ഥിതിഗതികൾ വിശകലനം ചെയ്താൽ WTO കരാറനുസരിച്ച് കേരളത്തിലെ കൃഷിക്കാരെ ലോക കൃഷിസമ്പ്രദായവുമായി ബന്ധപ്പെടുത്തി മൽസര രംഗത്ത് ഇറക്കത്തക്കവിധത്തിൽ, ഉല്പാദനം വർദ്ധിപ്പിക്കാനും രോഗ പ്രതിരോധ പ്രവർത്തനം നടത്തുന്നതിനുമുള്ള നടപടികളാണ് എടുത്തത്. ഇവിടെ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് എന്തുചെയ്തുവെന്ന് ചോദിച്ചു. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് ഒരു ദിവസംകൊണ്ട് നടപ്പിലാക്കാൻ സാധിക്കുന്നതല്ല. അതിൽ അനേകം ശുപാർശകളുണ്ട്, ആ ശുപാർശകൾ നടപ്പിലാക്കാൻ കമ്മിറ്റികളായിട്ടുണ്ട്. ചില ശുപാർശകൾ നടപ്പിലാക്കാൻ നടപടികളെടുത്തിട്ടുണ്ട്. കുറെ കാര്യങ്ങൾ ചെയ്തിട്ടുമുണ്ട്. കുറെ കാര്യങ്ങൾ ചെയ്യുന്നതിനുള്ള നടപടികളുമെടുത്തുവരുന്നു. അതിനിപ്പോൾ മുഖ്യമന്ത്രി ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ആ ശുപാർശകൾ കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്തിട്ടുണ്ട്. അതുവച്ചുകൊണ്ട് ചില നടപടികൾ അവർ എടുത്തു വരുന്നു. ഏഷ്യൻ രാജ്യങ്ങളും സാർക്ക് രാജ്യങ്ങളുമായി ചില കച്ചവട ഏർപ്പാടുകളുമൊക്കെ ചെയ്യുന്നതായി കാണുന്നുണ്ട്. ഏതായാലും നമ്മുടെ recommendation-ന്റെ അടിസ്ഥാനത്തിൽ ആ വിധത്തിലുള്ള നടപടികളെടുക്കാൻ കേന്ദ്ര ഗവൺമെന്റിനെ പ്രേരിപ്പിക്കുകയും ഇവിടെ ഉല്പാദന വർദ്ധനവിനും കൃഷിക്കാരന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഉല്പന്നങ്ങൾക്ക് വില കൂട്ടാനും രോഗപ്രതിരോധ പ്രവർത്തനം നടത്താനും കൃഷിക്കാരന്റെ ഒരു ഭൂമിയും തരിശ്ശായി കിടക്കാതിരിക്കാനുമാവശ്യമായ നടപടികളെടുത്തുകൊണ്ടിരിക്കുന്നു. ആ നടപടികൾ എടുത്തപ്പോൾ പലരും തെറ്റിദ്ധരിച്ചു അമേരിക്കയ്ക്കും ലോകസാമ്രാജ്യത്വത്തിനുമൊക്കെ കീഴടങ്ങി ഇവിടെയുള്ള റിസർച്ച്, ഇവിടെയുള്ള കൃഷിസമ്പ്രദായം, ഇവിടെയുള്ള ഭൂമി ഇതെല്ലാം വിദേശ കുത്തകക്കാർക്ക് വിൽക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് നടപടികളെടുക്കുന്നു എന്നുള്ള വിധത്തിൽ ശ്രീ. കെ. പി. രാജേന്ദ്രൻ ഇവിടെ സംസാരിക്കുകയുണ്ടായി. സ്വാമിനാഥൻ കമ്മീഷന്റെ ശുപാർശ അനുസരിച്ച് ഉത്പ്പാദന വർദ്ധനവിന് ഉപദേശിക്കാൻ ശ്രീ. ലക്ഷ്മണനെ നിയോഗിച്ചത് നമ്മുടെ കൃഷിഭൂമി വിദേശ കുത്തകകൾക്ക് വിൽക്കാനാണെന്നും ആരോപിച്ചു. രാജ്യത്തെ നിയമപ്രകാരം ഭൂമിയിൽ വിദേശികൾക്ക് invest ചെയ്യാവുന്നത് തേയിലയിൽ മാത്രമാണെന്നറിയില്ലേ? കേന്ദ്രഗവൺമെന്റ് റബ്ബർ കൃഷിക്കും, കാപ്പി കൃഷിക്കും വിദേശികളേയും മുതൽ മുടക്കാൻ അനുവദിക്കാമോ എന്ന കാര്യത്തിന് അഭിപ്രായം ചോദിച്ചിരിക്കുന്നു. അതിന് സമയം വേണം മറുപടിക്ക് എന്നു മന്ത്രിസഭ ആവശ്യപ്പെട്ടിരിക്കുന്നു. പിന്നെ എവിടെയാണ് വിൽപ്പന? ആരുടെ ടെക്നോളജിയും നമുക്ക് ഗുണം ചെയ്യുന്നതാണെങ്കിൽ സ്വീകരിക്കാം. പക്ഷേ സ്പെസിഫിക്കായിട്ടു ഞാൻ ചോദിക്കുകയാണ്, നിങ്ങൾ വരുമ്പോൾ റബ്ബറിനും തേങ്ങയ്ക്കുമുണ്ടായിരുന്ന വിലയെത്രയായിരുന്നു? ഞാൻ വരുമ്പോൾ എത്രയായിരുന്നു ഇവയുടെ വില? ഞാൻ ചാർജ്ജെടുക്കുമ്പോൾ റബ്ബറിനുണ്ടായിരുന്ന വില 23 രൂപയായിരുന്നു. ഇന്ന് അതിന്റെ വില 50 രൂപയായി. തേങ്ങയുടെ വില രണ്ടര രൂപയായിരുന്നു. ഇന്ന് എത്രയാണ് വില? ഇപ്പോൾ കൃഷിക്കാരനു ചാകണമോ? കൃഷിക്കാരനു ചാകേണ്ട യാതൊരു കാര്യവുമില്ല.

ശ്രീ. എം. വി. ജയരാജൻ: ഇപ്പോൾ തേങ്ങ തെങ്ങിലില്ലല്ലോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: അതു എന്റെ കുറ്റം കൊണ്ടാണോ? ഒരു ദിവസം കൊണ്ട് തേങ്ങ ഇല്ലാതാകുമോ? ഞാനുൾപ്പെടെ കമ്മ്യൂണിസ്റ്റു പാർട്ടിയിൽ ഇരുന്നപ്പോൾ അന്നത്തെ ഗവൺമെന്റും കോൺഗ്രസ് ഗവൺമെന്റും, എല്ലാ ഗവൺമെന്റുകളും ചെയ്തതിന്റെ ഫലമായിട്ടാണ്. Root wilt disease എത്ര കാലമായി തുടങ്ങിയിട്ട്! നിങ്ങൾ അതിനെ പ്രതിരോധിക്കാനുള്ള നടപടികൾ എടുത്തോ? രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റിയോ? പുതിയ ഇനം തൈകൾ വച്ചുപിടിപ്പിച്ചോ? മണ്ടരി രോഗം ഇപ്പോൾ മാത്രമാണോ ഉണ്ടായത്? മണ്ടരി രോഗത്തിനെതിരായി നിങ്ങളുടെ കാലത്ത് എന്തു ചെയ്തു? ഇപ്പോൾ പൂർണ്ണമായിട്ടും മരുന്നു തളിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഞങ്ങൾ എടുത്തിട്ടുണ്ട്. പക്ഷേ കഴിഞ്ഞ കുറെ കാലങ്ങളായി കേരളത്തിലെ അഞ്ചു ജില്ലകളിൽ തെങ്ങിനു root wilt disease വന്ന് ഏതാണ്ട് 80 ശതമാനത്തോളം തെങ്ങുകളും പോയിനിൽക്കുകയാണ്. അവ വെട്ടിമാറ്റി പുതിയ തൈകൾ വച്ചു പിടിപ്പിക്കണം. ഈ രോഗം മറ്റു ജില്ലകളിലേക്കു കൂടി വ്യാപിപ്പിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. അതിനുവേണ്ടി ഞങ്ങൾ ഒരു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഈ പ്രോജക്ട് അംഗീകരിച്ചില്ലെങ്കിലും കുറേശ്ശേ പണം തന്നുതുടങ്ങിയിട്ടുണ്ട്. ഇവിടെ ഞാനുൾപ്പെട്ട ഈ ഗവൺമെന്റിനെ സംബന്ധിച്ച് ശ്രീ. കെ.പി. രാജേന്ദ്രൻ ചില കാര്യങ്ങൾ പറഞ്ഞു, അതായത് കഴിഞ്ഞ പ്രാവശ്യം Agriculture Directorate-ൽ നിന്നും ഒരു പരസ്യം പ്രഖ്യാപിച്ചു. ആ പരസ്യത്തിന്റെ അടിസ്ഥാനത്തിൽ ഇദ്ദേഹം (ശ്രീ. കെ. പി. രാജേന്ദ്രൻ) പറഞ്ഞത് ലോകസാമ്രാജ്യത്വ ശക്തികൾക്കുവേണ്ടി, ഇവിടത്തെ റിസർച്ച് മുഴുവൻ അവരെ

LIBRARY ARCHIVES Kerala Legislative Assembly

ഏൽപ്പിക്കുവാൻ പോകുകയാണെന്നാണ്. അതു ചെയ്തത് demonstration നടത്തുന്നതിനുവേണ്ടിയാണ്, technology demonstration, productivity വർദ്ധിപ്പിക്കാൻ, രോഗപ്രതിരോധപ്രവർത്തനം നടത്താൻ, കൃഷി ലാഭകരമാക്കാൻ, ആ വിധത്തിലുള്ള technology പ്രദർശിപ്പിക്കുന്നതിനുവേണ്ടിയാണ്. അല്ലാതെ ഇതു ഏൽപ്പിക്കാനുള്ളതല്ല. അതിനു നാല് ആളുകൾ അപേക്ഷിക്കുകയും ചെയ്തു. അതിലൊരാൾ ശ്രീ. ലക്ഷ്മണനായിപ്പോയി. അദ്ദേഹത്തിന്റെ അഡ്രസ്സിൽ അയാൾ കൊല്ലം ജില്ലക്കാരനാണെന്ന് എഴുതിയില്ല. എഴുതിയത് അദ്ദേഹത്തിന്റെ കാലിഫോർണിയായിലെ അഡ്രസ്സാണ്. അദ്ദേഹത്തിന്റെ പേര് ഇതിൽ വയ്ക്കാനുള്ള കാരണമെന്താണെന്നു ശ്രീ. കെ. പി. രാജേന്ദ്രൻ ചോദിച്ചില്ലേ? നാഗർകോവിലിലെ ആ പയനിയറിൽ ചെന്നൊന്നു നോക്കൂ. അവർ നടത്തുന്ന കൃഷിഫാം പരിശോധിച്ചുനോക്കൂ. എത്രയാണ് വിളവെന്ന്. നമുക്ക് കൂടുതൽ വിളവുണ്ടാകണം. കൂടുതൽ ആൾക്കാർ നമ്മുടെ ഉല്പന്നങ്ങളെക്കുറിച്ച് അറിയണം. അതൊന്നും വിദേശമുതലാളിമാർക്കോ മറ്റുള്ളവർക്കോ വിട്ടുകൊടുക്കാൻ വേണ്ടിയുള്ളതല്ല. demonstration വേണം, productivity വർദ്ധിപ്പിക്കണം. അതിനു വേണ്ടിയുള്ള നടപടികളാണ് നമ്മൾ സ്വീകരിക്കുന്നത്. Agriculture University-യെ സംബന്ധിച്ചും ഇവിടെ അഭിപ്രായം വന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ഞങ്ങൾ പാസ്സാക്കിത്തരാം.

<u>ശ്രീമതി ഗൗരിയമ്മ:</u> എന്താ നിങ്ങൾക്കു കേൾക്കണ്ടേ? പറഞ്ഞിട്ടു പോയാൽ മതിയോ? Agriculture University-യുടെ പ്രവർത്തനം എങ്ങനെ ശരിയാക്കണം. അതിനുവേണ്ടിയാണ് നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ നിയമത്തിൽ ചില പോരായ്മകളുള്ളതുകൊണ്ട് ഗവൺമെന്റിന് അതിൽ ഇടപെട്ട് ശരിയാക്കാൻ പറ്റിയില്ല. അതുകൊണ്ടാണ് ഒരു അന്വേഷണ കമ്മീഷനെ വച്ചത്. ആ അന്വേഷണ കമ്മീഷനിൽ അർഹരായിട്ടുള്ള പലയാളുകളുമുണ്ട്. ശ്രീ. പ്രഭാകരൻ നായരുണ്ട്. അദ്ദേഹം ഇപ്പോൾ വർക്കു ചെയ്യുന്നത് ആസ്ത്രേലിയയിലാണ്. കേരളീയനാണ്. പിന്നെ ശ്രീ. ലക്ഷ്മണനുമുണ്ട്. തമിഴ്നാട്ടിലെ Agriculture University-യിലെ വൈസ് ചാൻസിലർക്ക് അതിനു സമ്മതമല്ലെന്നു പറഞ്ഞതുകൊണ്ടാണ് ശ്രീ. ലക്ഷ്മണനെ ഇതിൽ ചേർത്തത്. തമിഴ്നാട്ടിലെ വൈസ്ചാൻസിലർ മിടുക്കനാണ്. അതു ശരിയാക്കുന്നതിനു വേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചത്. അതുപോലെ contract farming-നെപ്പറ്റി ഒരു തെറ്റിദ്ധാരണയുണ്ട്. WTO ഇവിടെ നടപ്പിലാക്കിത്തുടങ്ങിയിട്ടില്ല. Contract farming-നെ സംബന്ധിച്ച് WTO agreement വന്നതിനുശേഷം ഞാൻ മുമ്പു പറഞ്ഞു നമ്മുടെ കാർഷികരംഗം മൽസരാധിഷ്ഠിതമാക്കണമെന്ന്. കാർഷികരംഗം മൽസരാധിഷ്ഠിതമായെങ്കിൽ മാത്രമേ നമുക്ക് ഉല്പന്നങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കാൻ സാധിക്കൂ. നമ്മുടെ സാധനങ്ങൾ പുറത്തേക്കു കയറ്റി അയയ്ക്കേപറ്റൂ. AEZ അതിനു തുടങ്ങുന്നതേയുള്ളൂ. അതിന്റെ ഭാഗമായിട്ടാണ് Contract farming-നെ സംബന്ധിച്ച് സംസാരിച്ചു തുടങ്ങിയത്. കേന്ദ്രഗവൺമെന്റ് മാർക്കറ്റിംഗിനെ സംബന്ധിച്ച് ഒരു നിയമം എഴുതിയുണ്ടാക്കിയിട്ടുണ്ട്. ആ നിയമത്തിൽ ഒരു ഭാഗം contract farming-നെപ്പറ്റിയാണ്. നമ്മൾ അറിഞ്ഞിരിക്കേണ്ടതാണ്. Agriculture produce മാർക്കറ്റിംഗിനുള്ള ഒരു മോഡൽ ആക്ട് അവർ ഇങ്ങോട്ടു അയച്ചിട്ടുണ്ട്. നമ്മൾ പാസ്സാക്കിയിട്ടില്ല. പാസ്സാക്കുന്നതിനുവേണ്ടിയുള്ള ചർച്ചകളും മറ്റും നടക്കുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിലെല്ലാം പാസ്സാക്കിയിട്ടുണ്ട്. ഇതു തിരുവിതാംകൂർ അല്ലല്ലോ. അപ്പോൾ പാസ്സാക്കേണ്ടിവരും. ഏതൊക്കെ വിധത്തിൽ പാസ്സാക്കണമെന്നുള്ളതാണ് ഇവിടെ പ്രശ്നം. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly.

ഇൻഡ്യയിൽ റബ്ബർ കൃഷിക്കുമാത്രമേ, ഫോറിനേഴ്സിന് ഇൻവെസ്റ്റു ചെയ്യാൻ അധികാരമുള്ളൂ. വേറെ ഒരു ഐറ്റം കൃഷിക്കുമില്ല. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് തേയിലയും റബ്ബറും കാപ്പിയും ഇൻവെസ്റ്റു ചെയ്യാൻ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ഞങ്ങൾക്കു കുറച്ചുകൂടി വിപുലമായ രീതിയിൽ ആലോചിക്കണമെന്നുള്ളതിനാൽ സമയം ആവശ്യപ്പെട്ടിരിക്കുകയാണ്. അവർ എഴുതി അയച്ച ബില്ലിൽ തന്നെയുള്ള പ്രശ്നം എന്താണെന്നു വച്ചാൽ notwithstanding anything contained in Contract farming agreement no title rights ownership or possession shall be transferred to the emigrator or vest in the Contract farming Sponsor or his Successor or his Agent as a consequence arising out of the Contract farming agreement. സ്പെസിഫിക്കായിട്ടു അവർ പറഞ്ഞിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് പറഞ്ഞതാണ്. കേന്ദ്ര ഗവൺമെന്റ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ, ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ നിയമം എങ്ങനെ വേണം എന്നുള്ളതിനെ സംബന്ധിച്ച് ഡ്രാഫ്റ്റു ചെയ്തു ഇതുവരെ കൃാബിനറ്റിനുപോലും അയച്ചിട്ടില്ല. ഡ്രാഫ്റ്റ് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ. . . . മാർക്കറ്റിംഗ് നമുക്കാവശ്യമാണ്. കാരണം ഞാൻ മുമ്പു പറഞ്ഞതാണ്. നമ്മുടെ ഉല്പന്നങ്ങൾ നമുക്ക് പുറത്തേക്കു കയറ്റി അയയ്ക്കണം. പുറത്തു നിന്നും വരുന്ന ഉല്പന്നങ്ങളുമായിട്ട് മൽസരാധിഷ്ഠിതമായി നിന്നുകൊണ്ട് ഇവിടെ ഇറക്കുമതി ചെയ്യാൻ ഇറക്കുമതിക്കാരെ പ്രേരിപ്പിക്കാത്ത വിധത്തിലുള്ള ഒരു സ്ഥിതിവിശേഷമുണ്ടാക്കണം. ഇതിനെല്ലാം വേണ്ടിയാണ് ഈ നടപടിക്രമങ്ങൾ സ്വീകരിച്ചത്. അതെല്ലാം സാമ്രാജ്യത്വത്തിനു കാഴ്ചവയ്ക്കാനാണെന്നും മറ്റുമുള്ള വിധത്തിൽ തെറ്റിദ്ധരിപ്പിക്കണ്ട. എന്തെങ്കിലും സംശയമുണ്ടെങ്കിൽ ചോദിക്കുക. പറഞ്ഞു തരാം. നിങ്ങളുടെ അഭിപ്രായങ്ങളിൽ എന്തെങ്കിലും ശരിയുണ്ടെങ്കിൽ അതിങ്ങോട്ടെടുക്കാം. അങ്ങനെ എടുക്കുന്നതിൽ യാതൊരു വിരോധവുമില്ല. കൃഷി അഭിവൃദ്ധിപ്പെടുത്താനുള്ള കുറെ ശ്രമങ്ങൾ ഞങ്ങൾ നടത്തുന്നുണ്ട്. കുറെ അഭിവൃദ്ധിപ്പെട്ടിട്ടുമുണ്ട്. കുറച്ചു വിളവു കിട്ടിയിട്ടുണ്ട്. കുറെക്കൂടി കൃഷിഭൂമി, നെൽക്കൃഷിക്കും മറ്റും ബാക്കി ഉണ്ടായിരുന്ന സ്ഥലങ്ങൾ ഇപ്പോൾ കൃഷിചെയ്യാൻ തുടങ്ങിയിട്ടുണ്ട്. പുതിയ ഇനം കൃഷികൾ വന്നിട്ടുണ്ട്. പുഷ്പകൃഷി വന്നിട്ടുണ്ട്. മറ്റു വിധത്തിലുള്ള കൃഷി സമ്പ്രദായങ്ങളും സ്വീകരിക്കുന്നുണ്ട്. എല്ലാം എടുക്കുന്നതിനു വേണ്ടിയുള്ള സന്മനസ്സോടുകൂടി കൃഷിക്കാരനെ തയ്യാറെടുപ്പിക്കുന്നതിനുള്ള ഒരു സന്ദർഭമാണ് ഇത്. കൃഷിക്കാരൻ തയ്യാറെടുത്തു തുടങ്ങിയിരിക്കുന്നു. കണ്ണുപൊട്ടൻ ആനയെ കണ്ടതുപോലെയാകരുത്. മുമ്പു പറഞ്ഞല്ലോ ഡബ്ള്യു.ടി.ഒ. വേണ്ട എന്നു മാത്രമുള്ള മുദ്രാവാക്യവും കൊണ്ടുനടക്കുമോ? എത്ര കാലമായി ഇതു തുടങ്ങിയിട്ട്? ഇ.എം.എസ്. തന്നെ പറഞ്ഞത് ഭരണവും സമരവും ഒന്നിച്ചു നടത്താമെന്നല്ലേ? ആ നിലയിൽ ഇതിനൊരു വശമുണ്ട്. ഭരണത്തിൽ ചെയ്യേണ്ടതായിട്ടുള്ള നടപടിക്രമങ്ങൾ ഉണ്ടല്ലോ, ആ നടപടിക്രമങ്ങൾ ഞങ്ങൾ ചെയ്യുന്നു. കൃഷിക്കാരെ രക്ഷിച്ചു നിർത്താൻ, കൃഷിക്കാരന്റെ താല്പര്യം സംരക്ഷിച്ചു നിർത്താൻവേണ്ടിയുള്ള നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്. ഉദ്യോഗസ്ഥരേയും ആ വിധത്തിൽ ഇണക്കിക്കൊണ്ടു വരികയാണ്. ഈ ബഡ്ജറ്റിനെ സപ്പോർട്ടു ചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. പണം കൂടുതലുണ്ടോ ഇല്ലയോ എന്നുള്ളതല്ല പ്രശ്നം. കഴിഞ്ഞ പ്രാവശ്യത്തെക്കാൾ കൂടുതൽ പണമാണ് ഈ വർഷം ബഡ്ജറ്റിലുള്ളത്. കഴിഞ്ഞ പ്രാവശ്യം 100 കോടി രൂപയായിരുന്നു ഉണ്ടായിരുന്നതെങ്കിൽ ഇപ്രാവശ്യം 140 കോടി രൂപയാണ്. കൃഷിക്കുള്ള തുകയുടെ ഒരു വലിയ ഭാഗം decentralisation മുഖാന്തിരം പഞ്ചായത്തുകൾക്ക് പോയിട്ടുണ്ട്. ആ പഞ്ചായത്തുകളെക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അതിനാവശ്യമായ നടപടി എടുപ്പിക്കാനും അതു കൃഷിക്കാർക്കുതന്നെ ഉപയോഗിക്കത്തക്ക വിധത്തിലുള്ള നടപടിയുണ്ടാക്കിയെടുക്കാനും എല്ലാ കൂട്ടരും ഒന്നിച്ച് പ്രവർത്തിക്കണമെന്നു മാത്രമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിനു ഞാൻ പ്രതിപക്ഷത്തിന്റേയും സപ്പോർട്ട് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ഇത് 2003-2004-ലെ 6763.62 കോടി രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥനയാണ്. ഇതിൽ റവന്യു ചെലവ് എന്നുപറയുന്നത് 1511.54 കോടി രൂപയും മൂലധന ചെലവ് 1364.62 കോടി രൂപയുമാണ്. പൊതുകടം, തിരിച്ചടയ്ക്കാനുള്ളത് 3887.46 കോടി രൂപ. 2003-2004-ലെ ഒറിജിനൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് എന്നുപറയുന്നത് മൊത്തം ചെലവ് 16,081.58 കോടി രൂപയാണ്. റവന്യു ചെലവെന്നു പറയുന്നത് 15,364.64 കോടി രൂപയാണ്. മൂലധന ചെലവ് 716.94 കോടി രൂപയാണ്. എസ്റ്റിമേറ്റ് മൊത്തം വരുമ്പോൾ 16,484 കോടി രൂപ. റവന്യു വരവ് 12,699.61 കോടി രൂപ. അതിൽ മൂലധന ചെലവ് 3785.18 കോടി രൂപ. ഇതിൻപ്രകാരം റവന്യു കമ്മിയെന്നു പറയുന്നത് 2665.03 കോടി രൂപയാണ്. ധന കമ്മി 3306.94 കോടി രൂപയാണ്. വർഷം അവസാനിക്കുന്നത് അങ്ങനെയാണ്. 2003-ജൂലൈയിൽ അവതരിപ്പിച്ച ഈ വർഷത്തെ ആദ്യ ഉപധനാഭ്യർത്ഥനയിൽ റവന്യു ചെലവ് 336.18 കോടി രൂപയും മൂലധന ചെലവ് 157.38 കോടി രൂപയുമാണ്. അങ്ങനെ ടോട്ടൽ 493.56 കോടി രൂപയാണ്. ഈ ഉപധനാഭ്യർത്ഥനയെക്കുറിച്ച് പറയുമ്പോൾ ഈ വർഷം പദ്ധതി പ്രവർത്തനങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷത്തെയപേക്ഷിച്ച് അൽപ്പം കൂടി മെച്ചപ്പെട്ടിട്ടുണ്ടെന്നുള്ളതാണ് സത്യം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2004 ജനുവരി മാസം സഹായമായി 1093 കോടി രൂപ മാസഗഡുക്കളായി നൽകി. അതിനുപുറമെ കഴിഞ്ഞ സാമ്പത്തിക വർഷം അവസാനം നൽകിയതും ചെലവാക്കാൻ സാധിക്കാത്തതുമായ 335 കോടി രൂപയും ഇതിനകംതന്നെ അഞ്ചുഗഡുക്കളായി കൊടുത്തുതീർത്തു. 1428 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷം കൊടുത്തിട്ടുണ്ട്. ഇനി അവശേഷിക്കുന്ന രണ്ടു മാസം കൊണ്ട് പദ്ധതി അടങ്കൽ ഏതാണ്ട് പൂർണ്ണമായും ചെലവാക്കാൻ സാധിക്കും. ഈ സപ്ലിമെന്ററി ഡിമാന്റ് അവതരിപ്പിച്ചപ്പോൾ പൊതുവെയുള്ള ഈ സംസ്ഥാനത്തിന്റെ സ്ഥിതി ഇതാണ്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ പ്രതിപക്ഷത്തുള്ളവരും ഭരണ കക്ഷിയിൽപ്പെട്ടവരും ഈ കാര്യങ്ങളെക്കുറിച്ച് പരാമർശിച്ചപ്പോൾ ശക്തമായ രൂപത്തിലുള്ള വിമർശനമൊന്നും പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ ചോദിച്ചത് ഈ പണം എന്തിനൊക്കെയാണ് മാറ്റിവച്ചത്; പാവങ്ങൾക്കുവേണ്ടി എന്തെങ്കിലും മാറ്റിവച്ചോ, എന്തിന് ചെലവാക്കി എന്നൊക്കെയാണ്. ലോക്സഭാ ഇലക്ഷന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി അഞ്ച് കോടി രൂപ വകയിരുത്തി. സംസ്ഥാന വൈദ്യുതി ബോർഡിന്റെ ബാദ്ധ്യതകൾ ഏറ്റെടുക്കാൻ പുറപ്പെടുവിച്ച 8.5 ശതമാനം നികുതി രഹിത സ്പെഷ്യൽ ബോണ്ടുകളിലേക്കുള്ള പലിശ 147 കോടി രൂപയാണ്. അതുപോലെ നബാർഡ് സഹായ പദ്ധതി ഉൾപ്പെടെ 212 കോടി രൂപ. പെൻഷൻ ആനുകൂല്യങ്ങൾ, ഡി. എ. വർദ്ധനവ്, ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷനിൽ വരുത്തിയ മാറ്റം മുതലായവയ്ക്ക് 455 കോടി രൂപ. സാമൂഹ്യക്ഷേമപെൻഷൻ, വികലാംഗർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും സ്വാതന്ത്ര്യ സമര സേനാനികൾക്കുമുള്ള പെൻഷൻ എന്നിവയ്ക്കുവേണ്ടി 77 കോടി രൂപ. അക്കൗണ്ട് അഡ്ജസ്റ്റുമെന്റിനുവേണ്ടി വായ്പാ ഇനത്തിൽ വൈദ്യുതി ബോർഡിന് വകയിരുത്തിയിട്ടുള്ള തുക 1152 കോടി രൂപ. പ്രധാനമായ ഇനങ്ങളാണ് ഇതൊക്കെ. അങ്ങനെയാണ് എസ്.ഡി.ജി.-ക്ക് ഇതുവന്നത്. ഇവിടെ പാവപ്പെട്ടവർക്ക് ഒന്നും വച്ചില്ല എന്നൊക്കെയാണ് പറഞ്ഞത്. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പറയണമെന്നാഗ്രഹിച്ചതല്ല എന്നാലും പറയുകയാണ്; ഇത് നമുക്ക് ചെയ്യാതിരിക്കാൻ പറ്റുമോ? An amount of Rs. 15 lakh was additionally authorised under this Head for the medical treatment of the former Chief Minister അത് ഉൾപ്പെടുത്താതിരിക്കാൻ പറ്റുമോ? മന്ത്രിമാർ ഡൽഹിയിൽ പോയാലും പ്രതിപക്ഷ നേതാവ് ഡൽഹിയിൽ പോയാലും വിമാനത്തിന്റെ കാശ് ഗവൺമെന്റിൽനിന്നുതന്നെയാണ് കൊടുക്കുന്നത്. മറ്റൊന്ന്, The supplementary Grant to the tune of Rs. 1.85 crores now sought is to regularize the additional expenditure authorized under this Head for the deposit of decretal amounts in the Courts against various LAR cases .....അത് കൊടുക്കാതിരിക്കാൻ പറ്റുമോ? അങ്ങനെയുള്ള ആയിരം കാര്യങ്ങൾക്കു വേണ്ടിയാണ് നമ്മൾ പണം ചെലവാക്കിയിട്ടുള്ളത്. ഇവിടെ ശ്രീ. രാജു എബ്രഹാം പ്രസംഗിച്ചപ്പോൾ പോലീസിനെ വളരെ ശക്തമായി വിമർശിച്ചു. പോലീസിനെക്കുറിച്ച് ഏതുകാലത്തും വിമർശനമുണ്ട്. ഗവൺമെന്റുണ്ടായ കാലം മുതൽക്ക്, പോലീസുണ്ടായ കാലം മുതൽക്ക് പോലീസിനെക്കുറിച്ച് വിമർശനമുണ്ട്. എന്നാൽ പോലീസ് ഇല്ലാതെ ഒരു ഗവൺമെന്റിനും ഭരിക്കാൻ പറ്റില്ല. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നാലും, ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്നാലും, പി. കെ. വാസുദേവൻ നായർ മുഖ്യമന്ത്രിയായിരുന്നാലും, ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരുന്നാലും പോലീസ് വേണം. ഇ.എം.എസ് മുഖ്യമന്ത്രിയായിരുന്നപ്പോൾ അന്നത്തെ ഒരു മന്ത്രി പറഞ്ഞത് പോലീസിന്റെ കൈയിൽ ലാത്തി എന്താ ഓടക്കുഴലാണോ എന്നാണ്. ഞാൻ ഒരു കാര്യം ചോദിക്കട്ടെ, വിമർശിക്കുന്നതിൽ യാതൊരു വിരോധവുമില്ല. നിങ്ങൾ പോലീസിനെക്കുറിച്ച് എത്രവേണമെങ്കിലും വിമർശിച്ചോളൂ. 2000 മുതൽ 2005 വരെ 315 കോടി രൂപയാണ് പോലീസിന്റെ മോഡേണൈസേഷനുവേണ്ടി നിശ്ചയിച്ചിരുന്നത്. എന്നാൽ 2000-2001 - ൽ 63 കോടി രൂപ അന്ന് ചെലവാക്കാമായിരുന്നു. ഇതിൽ എൽ.ഡി.എഫ്.-ഗവൺമെന്റ് അഞ്ചു കോടി പത്തൊൻപത് ലക്ഷം രൂപ മാത്രമേ ചെലവാക്കിയിട്ടുള്ളൂ. പോലീസിനോടുള്ള സ്നേഹം കൊണ്ട്, അതിരുകവിഞ്ഞ സ്നേഹംകൊണ്ട്, ബന്ധംകൊണ്ട് അത്രയേ ചെലവാക്കിയിട്ടുള്ളൂ. പക്ഷെ വേണ്ട വിധത്തിൽ പാർട്ടിക്കുവേണ്ടി ഉപയോഗിച്ചു. ഗവൺമെന്റിനുവേണ്ടി ഉപയോഗിച്ചില്ലെങ്കിലും പാർട്ടിക്കുവേണ്ടി വേണ്ടവിധത്തിൽ ഉപയോഗിച്ചു. യു.ഡി.എഫ്. ഗവൺമെന്റ് 2001-2002, 2002-2003, 2003-2004-വരെ 63 കോടി രൂപ ചെലവഴിക്കുകയാണുണ്ടായത്. അതിൽ വാഹനം വാങ്ങിച്ചു എന്നൊക്കെ ഇവിടെ പറഞ്ഞു. വാഹനം വാങ്ങിക്കാതിരിക്കാൻ പറ്റുമോ? പോലീസുകാർക്ക് നടന്നുപോകാൻ പറ്റുമോ? സെക്രട്ടേറിയറ്റിനു മുൻപിൽ 24 മണിക്കൂറും സമരമാണ്. പോലീസ് ഇല്ലാതിരിക്കാൻ പറ്റുമോ? അവർക്ക് ടി.എ. കൊടുക്കാതിരിക്കാൻ പറ്റുമോ? കുപ്പായം കൊടുക്കാതിരിക്കാൻ പറ്റുമോ? ഈ ഗവൺമെന്റ് ഇതൊക്കെ ചെയ്തു. പോലീസ് അക്കാഡമിക്കുവേണ്ടി ഈവർഷം രണ്ടുകോടി രൂപ കൊടുത്തു. തിരുവനന്തപുരം സിറ്റിയിലെ ഏഴ് പോലീസ് സ്റ്റേഷനുകൾ കമ്പ്യൂട്ടർവൽക്കരിച്ചു. പി.സി. മുതൽ എ.എസ്.ഐ.-വരെയുള്ളവർക്ക് 1724 ക്വാർട്ടേഴ്സുകൾ പണിതുകൊടുത്തു. എസ്.ഐ മുതൽ ഡിവൈ.എസ്.പി. വരെയുള്ളവർക്ക് 432 ക്വാർട്ടേഴ്സുകൾ പണിതുകൊടുത്തു. പോലീസുകാർക്ക് താമസിക്കാൻ സ്ഥലം വേണ്ടേ? അവർക്ക് മരത്തിന്റെ ചുവട്ടിൽ കിടക്കാൻ പറ്റുമോ?

ശ്രീ. പി.സി. ജോർജ്: സർ.....സർ.....

ശ്രീ. കെ. ശങ്കരനാരായണൻ: ഞാൻ പി.സി. ജോർജിന് മറുപടി പറയുകയില്ല. കാരണമെന്താണെന്നോ നമ്മൾ രണ്ടുപേരും വാ തുറന്നാൽ ഒരുപോലെയാണ്. വേറൊന്നും കൊണ്ടല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: He is not yielding.....He is not yielding.....

ശ്രീ. ബിനോയ് വിശ്വം: പോലീസിനോട് ഇത്രയുമധികം സ്നേഹം കാണിച്ചു. പോലീസിന്റെ ഡ്യൂട്ടി സമയത്തെക്കുറിച്ചുള്ള നയമെന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ശങ്കരനാരായണൻ: പോലീസിനോട് അത്ര സ്നേഹമാണല്ലേ! My dear friend, I congradulate you. ഇവിടെ ചെക്ക് പോസ്റ്റുകളെക്കുറിച്ചും വാഹനങ്ങളെക്കുറിച്ചുമൊക്കെ പറഞ്ഞു. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. എസ്.ഡി.ജി. പാസ്സാക്കാൻ ശക്തമായ ഒരു വിരോധം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് തോന്നുന്നില്ല. അതുപോലെ കാർഷിക വിളകളേയും ഡ്രൗട്ടിനെക്കുറിച്ചുമൊക്കെ പറഞ്ഞു. അതിനൊക്കെ ഈ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നതിന്റെ മാക്സിമം ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഏതായാലും പ്രതിപക്ഷത്തുനിന്നും കൂടുതൽ വിമർശനമൊന്നും ഉണ്ടായിട്ടില്ല. രാഷ്ട്രീയ കാര്യങ്ങൾ പറഞ്ഞില്ല. പറയാതിരിക്കാനുള്ള കാരണം ലോക്സഭാ തെരഞ്ഞെടുപ്പ് വന്നതോടുകൂടി, ഹൈദരാബാദ് പ്രമേയം വന്നതോടുകൂടി സി.പി.എം.-ന് കാര്യമായിട്ടൊന്നും പറയാൻ പറ്റില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഹൈദരാബാദ് പറഞ്ഞതുകൊണ്ടാണ് ഞാൻ പറയുന്നത്. ഹൈദരാബാദ് പ്രമേയത്തിന്റെ തീരുമാനം കേരളത്തിലും ബംഗാളിലും ത്രിപുരയിലും നിങ്ങളെ തറപറ്റിക്കുക എന്നുള്ളതാണ്.

ശ്രീ. കെ. ശങ്കരനാരായണൻ: കേരളത്തിലും വെസ്റ്റ് ബംഗാളിലും ത്രിപുരയിലും നിങ്ങൾക്ക് അത്യാവശ്യത്തിനുണ്ട്. മറ്റ് ഇടങ്ങളിൽ നിങ്ങൾ സഹാറാ മരുഭൂമിയാണ്. പിന്നെ സപ്പോർട്ട് ചെയ്യാൻ എന്താണ് പ്രയാസം? അത് ബഹുമാനപ്പെട്ട കോടിയേരിക്ക് അറിയാമല്ലോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ആ സഹാറാ മരുഭൂമിയിലൊക്കെ കോൺഗ്രസ്സിന്റെ ശക്തികേന്ദ്രമായ സംസ്ഥാനങ്ങളിലാണ് ബി.ജെ.പി. ജയിച്ചത്. ഇൻഡ്യാ രാജ്യത്ത് ബി.ജെ.പി. ഉയർത്തുന്ന വർഗ്ഗീയത നേരിടാൻ കഴിയണമെങ്കിൽ ഇടതുപക്ഷത്തെക്കൊണ്ടു മാത്രമേ സാധിക്കുവെന്ന് ഈ മൂന്ന് സംസ്ഥാനങ്ങളും തെളിയിച്ചിരിക്കുകയാണ്. അതുകൊണ്ടാണ് ദേശീയതലത്തിൽ ബി.ജെ.പി.-യെ നേരിടാൻ ഇടതുപക്ഷത്തിന്റെ സ്വാധീനം കൊണ്ടു മാത്രമേ സാധിക്കുവെന്നുള്ളതാണ് നമ്മുടെ അഭിപ്രായം.

ശ്രീ. കെ. ശങ്കരനാരായണൻ: അതുതന്നെയാണ് ഞാൻ പറഞ്ഞത്. എന്റെ ബഡ്ജറ്റിന്റെ ആമുഖ പ്രസംഗത്തിൽ ബി.ജെ.പി.-ക്കെതിരായി, അവരുടെ വർഗ്ഗീയതയ്ക്കെതിരായി എന്നുള്ള ആ വാചകം ചേർക്കാനുള്ള പ്രധാന കാരണം ബി.ജെ.പി.-യെ പരാജയപ്പെടുത്താൻ ആരെയെല്ലാം കൂട്ടുപിടിക്കാൻ സാധിക്കുമോ അവരെയൊക്കെ കൂട്ടുപിടിക്കണമെന്ന് വിചാരിച്ചിട്ടാണ്. അതിൽ നിങ്ങളും ചേർന്നു. സന്തോഷമുണ്ട്. അംഗീകരിച്ചിരിക്കുന്നു. പക്ഷേ ഞാനും ബഹുമാനപ്പെട്ട കോടിയേരിയും ഇവിടുന്ന് കന്യാകുമാരിയിൽ പോയാലും വാളയാർ കടന്നാലും ഒരു സ്റ്റേജിൽ പ്രസംഗിക്കേണ്ടവരാണ്. അവിടെ ഡി.എം.കെ.-യും എല്ലാംകൂടി ഒരു മുന്നണിയല്ലേ?

ശ്രീ. ആര്യാടൻ മുഹമ്മദ്: വാളയാറിൽ പോയാൽ അങ്ങും ബഹുമാനപ്പെട്ട കോടിയേരിയും മാത്രമല്ല ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി വരുന്നതിനോടും അവർക്ക് യാതൊരു വിരോധവുമില്ലെന്നുള്ള കാര്യം അങ്ങേക്ക് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ: മതേതര മുന്നണിയെന്നു പറയുമ്പോൾ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം മുസ്ലീംലീഗില്ലാത്ത മതേതര മുന്നണിയെക്കുറിച്ച് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് ചിന്തിച്ചിട്ടില്ല, ആലോചിച്ചിട്ടില്ല, തീരുമാനിച്ചിട്ടില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം കേരളത്തിന്റെ ചരിത്രത്തിൽ ദീർഘകാലമായി ബഹുമാനപ്പെട്ട പാണക്കാട് ശിഹാബ് തങ്ങൾ നേതൃത്വം കൊടുക്കുന്ന മുസ്ലീം ലീഗുമായി കോൺഗ്രസ്സിന് അഭേദ്യമായ ബന്ധമുണ്ട്. ആ മുന്നണിതന്നെയാണ് മുന്നോട്ടുപോകുന്നത്. ആര് എതിർത്താലും ശരി.

ശ്രീ.കോടിയേരി ബാലകൃഷ്ണൻ: അതുകൊണ്ടാണോ കോൺഗ്രസ്സിന് 62 എം.എൽ.എ.-മാർ ഉണ്ടായിട്ടും കോൺഗ്രസ്സിന്റെ ഒരു സീറ്റ് ഒഴിഞ്ഞുകൊടുക്കാതെ ലീഗിന്റെ സീറ്റിൽ കെ.പി.സി.സി. പ്രസിഡന്റിനെ മത്സരിപ്പിക്കാൻ പോകുന്നത്?

ശ്രീ. കെ. ശങ്കരനാരായണൻ: ഇതിൽ ബഹുമാനപ്പെട്ട കോടിയേരിക്ക് കുറച്ച് വിഷമമുണ്ടാകും. കാരണം ഇപ്പോൾ കോളാമ്പിക്ക് തൂക്കിയ ഓടിന് തുല്യമായി നിങ്ങളുടെ 40 ഡെപ്പോസിറ്റ്. അതാണ് ഇപ്പോഴത്തെ തകരാറ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മുഗൾ രാജാവായിരുന്ന ഷാജഹാനെ പിടിച്ച് ജയിലിൽ അടച്ചിട്ട് മകൻ ഔറംഗസീബ് രാജാവായതുപോലെ, അത്തരത്തിലുള്ള ആളുകൾ കോൺഗ്രസ്സിൽ ഉള്ളതിൽ ഞങ്ങൾ എന്തു ചെയ്യാനാ?

ശ്രീ. കെ. ശങ്കരനാരായണൻ: ബഹുമാനപ്പെട്ട കോടിയേരീ. . . അങ്ങയുടെ മുമ്പിൽ ഹാറ്റ്സ് ഓഫ്! ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരു കോടി എഴുപത്തിയൊൻപത് ലക്ഷത്തി എഴുപത്തിയൊന്നായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ...

അനുകൂലിക്കുന്നവർ . . . .
പ്രതികൂലിക്കുന്നവർ . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരു കോടി എഴുപത് ലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ . . .

അനുകൂലിക്കുന്നവർ . . . .
പ്രതികൂലിക്കുന്നവർ . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാഹന നികുതികൾ എന്ന IX -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മുപ്പത്തിനാല് ലക്ഷത്തി അൻപതിനായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ . . .

അനുകൂലിക്കുന്നവർ . . . .
പ്രതികൂലിക്കുന്നവർ . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ പതിനൊന്ന് കോടി എഴുപത്തിമൂന്ന് ലക്ഷത്തി ഇരുപത്തിയാറായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ . . .

അനുകൂലിക്കുന്നവർ . . . .
പ്രതികൂലിക്കുന്നവർ . . . .
ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഇരുപത്തിരണ്ട് കോടി നാല്പത്തിമൂന്ന് ലക്ഷത്തി പതിനയ്യായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ .....

അനുകൂലിക്കുന്നവർ . . . .
പ്രതികൂലിക്കുന്നവർ . . . .

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ടു രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ—80

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. „ കളത്തിൽ അബ്ദുള്ള
3. „ പി. കെ. അബ്ദുറബ്ബ്
4. „ സി. ടി. അഹമ്മദ് അലി
5. „ എ. കെ. ആന്റണി
6. „ എൻ. ഡി. അപ്പച്ചൻ
7. „ ഇ. എം. അഗസ്തി
8. „ കെ. ബാബു
9. „ ബാബു ദിവാകരൻ
10. „ വി. ബാലറാം
11. „ ടി. വി. ചന്ദ്രമോഹൻ
12. „ കെ. എ. ചന്ദ്രൻ
13. „ ഡൊമിനിക് പ്രസന്റേഷൻ
14. „ എം. പി. ഗംഗാധരൻ
15. „ പി. പി. ജോർജ്
16. „ ജോർജ് ജെ. മാത്യു
17. „ പ്രയാർ ഗോപാലകൃഷ്ണൻ
18. ശ്രീമതി കെ. ആർ. ഗൗരിയമ്മ
19. ശ്രീ. എം. എം. ഹസ്സൻ
20. „ വി. കെ. ഇബ്രാഹിം കുഞ്ഞ്
21. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
22. ശ്രീ. ടി. എം. ജേക്കബ്

LIBRARY ARCHIVES Kerala Legislative Assembly

23. ശ്രീ. ജോണി നെല്ലൂർ
24. „ കെ. സി. ജോസഫ്
25. „ ജോസഫ് എം. പുതുശ്ശേരി
26. „ വർക്കല കഹാർ
27. „ ജി. കാർത്തികേയൻ
28. „ കെ. എൻ. എ. ഖാദർ
29. „ കെ. കെ. നായർ
30. „ പി. കെ. കുഞ്ഞാലിക്കുട്ടി
31. ഡോ. എം. എ. കുട്ടപ്പൻ
32. ശ്രീ. ലൂഡി ലൂയിസ്
33. „ സി. മമ്മൂട്ടി
34. „ കെ. മുഹമ്മദാലി
35. „ ഇ. ടി. മുഹമ്മദ് ബഷീർ
36. „ കെ. മോഹൻകുമാർ
37. „ എ. കെ. മണി
38. „ സി. മോയിൻകുട്ടി
39. „ ആര്യാടൻ മുഹമ്മദ്
40. „ സി. പി. മുഹമ്മദ്
41. „ എം. കെ. മുനീർ
42. „ എം. മുരളി
43. പ്രൊഫ. എ. ഡി. മുസ്തഫ
44. ശ്രീ. കെ. നാരായണക്കുറുപ്പ്
45. „ എഴുകോൺ നാരായണൻ
46. „ ഉമ്മൻ ചാണ്ടി
47. „ എം. കെ. പോൾസൺ മാസ്റ്റർ
48. „ വി. ജെ. പൗലോസ്
49. „ അടൂർ പ്രകാശ്
50. „ ടി. എൻ. പ്രതാപൻ
51. „ ജി. പ്രതാപവർമ്മ തമ്പാൻ
52. „ തിരുവഞ്ചൂർ രാധാകൃഷ്ണൻ
53. „ ടി. യു. രാധാകൃഷ്ണൻ
54. ശ്രീമതി രാധാരാഘവൻ
55. ശ്രീ. എം. വി. രാഘവൻ
56. „ എ. എൻ. രാജൻ ബാബു
57. „ തേറമ്പിൽ രാമകൃഷ്ണൻ
58. „ യു. സി. രാമൻ
59. „ തമ്പാനൂർ രവി
60. „ റോഷി അഗസ്റ്റിൻ
61. „ എൻ. ശക്തൻ
62. „ പി. ശങ്കരൻ

LIBRARY ARCHIVES Kerala Legislative Assembly

63. ശ്രീ. കെ. ശങ്കരനാരായണൻ
64. ശ്രീമതി മാലേത്ത് സരളാദേവി
65. ശ്രീ. വി. ഡി. സതീശൻ
66. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
67. ശ്രീ. കെ. കെ. ഷാജു
68. „ കടവൂർ ശിവദാസൻ
69. „ നാലകത്ത് സൂപ്പി
70. „ സ്റ്റീഫൻ ജോർജ്
71. „ ഡി. സുഗതൻ
72. „ എ. സുജനപാൽ
73. „ എൻ. സുന്ദരൻ നാടാർ
74. „ സി. എഫ്. തോമസ്
75. പ്രൊഫ. കെ. വി. തോമസ്
76. ശ്രീ. തോമസ് ചാഴികാടൻ
77. „ തോമസ് ഉണ്ണിയാടൻ
78. „ ഉമേഷ് ചള്ളിയിൽ
79. „ എം. എ. വാഹീദ്
80. „ കെ. സി. വേണുഗോപാൽ

പ്രതികൂലിക്കുന്നവർ —29

1. ശ്രീ. മഞ്ഞളാംകുഴി അലി
2. „ എ. എ. അസീസ്
3. „ കോടിയേരി ബാലകൃഷ്ണൻ
4. „ ടി. കെ. ബാലൻ
5. „ ബിനോയ് വിശ്വം
6. „ ടി. കെ. ദേവകുമാർ
7. „ പി. സി. ജോർജ്
8. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
9. ശ്രീ. കെ. കെ. ജയചന്ദ്രൻ
10. „ എം. വി. ജയരാജൻ
11. „ പി. ജയരാജൻ
12. ഡോ. കെ. സി. ജോസഫ്
13. ശ്രീ. വി. സി. കബീർ
14. „ എം. കുമാരൻ
15. „ കെ. വി. കുഞ്ഞിരാമൻ
16. „ കോവൂർ കുഞ്ഞുമോൻ
17. „ വി. കെ. സി. മമ്മത്കോയ
18. „ മത്തായി ചാക്കോ
19. „ കെ. പി. മോഹനൻ

LIBRARY ARCHIVES Kerala Legislative Assembly

20. ശ്രീ. പിരപ്പൻകോട് മുരളി
21. ,, പി. നാരായണൻ
22. ,, കെ. രാധാകൃഷ്ണൻ
23. ,, മാങ്കോട് രാധാകൃഷ്ണൻ
24. ,, എൻ. രാജൻ
25. ,, കെ. പി. രാജേന്ദ്രൻ
26. ,, രാജു എബ്രഹാം
27. ,, ടി. പി. രാമകൃഷ്ണൻ
28. ,, സാജു പോൾ
29. ,, കെ. പി. സതീശ്ചന്ദ്രൻ

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ — 80
പ്രതികൂലിക്കുന്നവർ — 29
നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഇരുന്നൂറ്റി പന്ത്രണ്ട് കോടി ഇരുപത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റിയെണ്ണായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒൻപത് കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി എഴുപത്തിരണ്ടായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ . . .

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും, പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ പതിനാല് കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി ഇരുപതിനായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ . . .

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മുപ്പത്തിമൂന്ന് ലക്ഷത്തി അൻപത്തിഒന്നായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഇരുപത്തിഅയ്യായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ നൂറ്റിപതിനൊന്ന് കോടി പതിനൊന്ന് ലക്ഷത്തി അറുപത്തിരണ്ടായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മുപ്പതു കോടി അറുപത്തിയൊൻപത് ലക്ഷത്തി എഴുപത്തിയെണ്ണായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ രണ്ടു കോടി അൻപത് ലക്ഷത്തി പതിനാലായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ആയിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

LIBRARY ARCHIVES Kerala Legislative Assembly

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ നാല് കോടി അറുപത്തിയേഴ് ലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....
ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായം എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ രണ്ടു കോടി അൻപത്തിരണ്ട് ലക്ഷത്തി ഏഴായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....
ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഇരുപത്തിമൂന്ന് കോടി മുപ്പത് ലക്ഷത്തി അൻപത്തി ആറായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....
ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ആയിരത്തി അഞ്ഞൂറ്റി മുപ്പത്തിയൊൻപത് കോടി എൺപത്തിയാറ് ലക്ഷത്തി നാല്പത്തി നാലായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....
ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ നാലു കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി അൻപത്തിയാറായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ടു രേഖപ്പെടുത്തി:

അനുകൂലിക്കുന്നവർ—81

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, സി. ടി. അഹമ്മദ് അലി

LIBRARY ARCHIVES Kerala Legislative Assembly

5. ശ്രീ. എ. കെ. ആന്റണി
6. „ എൻ. ഡി. അപ്പച്ചൻ
7. „ ഇ. എം. അഗസ്തി
8. „ കെ. ബാബു
9. „ ബാബു ദിവാകരൻ
10. „ വി. ബാലറാം
11. „ ടി. വി. ചന്ദ്രമോഹൻ
12. „ കെ. എ. ചന്ദ്രൻ
13. „ ഡൊമിനിക് പ്രസന്റേഷൻ
14. „ എം. പി. ഗംഗാധരൻ
15. „ പി. പി. ജോർജ്
16. „ ജോർജ് ജെ. മാത്യു
17. „ പ്രയാർ ഗോപാലകൃഷ്ണൻ
18. ശ്രീമതി കെ. ആർ. ഗൗരിയമ്മ
19. ശ്രീ. എം. എം. ഹസ്സൻ
20. „ വി. കെ. ഇബ്രാഹിം കുഞ്ഞ്
21. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
22. ശ്രീ. ടി. എം. ജേക്കബ്
23. „ ജോണി നെല്ലൂർ
24. „ കെ. സി. ജോസഫ്
25. „ ജോസഫ് എം. പുതുശ്ശേരി
26. „ പി. ജെ. ജോയി
27. „ വർക്കല കഹാർ
28. „ ജി. കാർത്തികേയൻ
29. „ കെ. എൻ. എ. ഖാദർ
30. „ കെ. കെ. നായർ
31. „ പി. കെ. കുഞ്ഞാലിക്കുട്ടി
32. ഡോ. എം. എ. കുട്ടപ്പൻ
33. ശ്രീ. ലൂഡി ലൂയിസ്
34. „ സി. മമ്മൂട്ടി
35. „ കെ. മുഹമ്മദാലി
36. „ ഇ. ടി. മുഹമ്മദ് ബഷീർ
37. „ കെ. മോഹൻ കുമാർ
38. „ എ. കെ. മണി
39. „ സി. മോയിൻകുട്ടി
40. „ ആര്യാടൻ മുഹമ്മദ്
41. „ സി. പി. മുഹമ്മദ്
42. „ എം. കെ. മുനീർ
43. „ എം. മുരളി

LIBRARY ARCHIVES Kerala Legislative Assembly

44. പ്രൊഫ. എ. ഡി. മുസ്തഫ
45. ശ്രീ. കെ. നാരായണക്കുറുപ്പ്
46. „ എഴുകോൺ നാരായണൻ
47. „ ഉമ്മൻ ചാണ്ടി
48. „ എം. കെ. പോൾസൺ മാസ്റ്റർ
49. „ വി. ജെ. പൗലോസ്
50. „ അടൂർ പ്രകാശ്
51. „ ടി. എൻ. പ്രതാപൻ
52. „ ജി. പ്രതാപവർമ്മ തമ്പാൻ
53. „ തിരുവഞ്ചൂർ രാധാകൃഷ്ണൻ
54. „ ടി. യു. രാധാകൃഷ്ണൻ
55. ശ്രീമതി രാധാരാഘവൻ
56. ശ്രീ. എം. വി. രാഘവൻ
57. „ എ. എൻ. രാജൻ ബാബു
58. „ തേറമ്പിൽ രാമകൃഷ്ണൻ
59. „ യു. സി. രാമൻ
60. „ തമ്പാനൂർ രവി
61. „ റോഷി അഗസ്റ്റിൻ
62. „ എൻ. ശക്തൻ
63. „ പി. ശങ്കരൻ
64. „ കെ. ശങ്കരനാരായണൻ
65. ശ്രീമതി മാലേത്ത് സരളാദേവി
66. ശ്രീ. വി. ഡി. സതീശൻ
67. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
68. ശ്രീ. കെ. കെ. ഷാജു
69. „ കടവൂർ ശിവദാസൻ
70. „ നാലകത്ത് സൂപ്പി
71. „ സ്റ്റീഫൻ ജോർജ്
72. „ ഡി. സുഗതൻ
73. „ എ. സുജനപാൽ
74. „ എൻ. സുന്ദരൻ നാടാർ
75. „ സി. എഫ്. തോമസ്
76. പ്രൊഫ. കെ. വി. തോമസ്
77. ശ്രീ. തോമസ് ചാഴികാടൻ
78. „ തോമസ് ഉണ്ണിയാടൻ
79. „ ഉമേഷ് ചള്ളിയിൽ
80. „ എം. എ. വാഹീദ്
81. „ കെ. സി. വേണുഗോപാൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ —29

1. ശ്രീ. മഞ്ഞളാംകുഴി അലി
2. „ എ. എ. അസീസ്
3. „ കോടിയേരി ബാലകൃഷ്ണൻ
4. „ എ. കെ. ബാലൻ
5. „ ബിനോയ് വിശ്വം
6. „ ടി. കെ. ദേവകുമാർ
7. „ പി. സി. ജോർജ്
8. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
9. ശ്രീ. കെ. കെ. ജയചന്ദ്രൻ
10. „ എം. വി. ജയരാജൻ
11. „ പി. ജയരാജൻ
12. ഡോ. കെ. സി. ജോസഫ്
13. ശ്രീ. വി. സി. കബീർ
14. „ എം. കുമാരൻ
15. „ കെ. വി. കുഞ്ഞിരാമൻ
16. „ കോവൂർ കുഞ്ഞുമോൻ
17. „ വി. കെ. സി. മമ്മത് കോയ
18. „ മത്തായി ചാക്കോ
19. „ കെ. പി. മോഹനൻ
20. „ പിരപ്പൻകോട് മുരളി
21. „ പി. നാരായണൻ
22. „ കെ. രാധാകൃഷ്ണൻ
23. „ മാങ്കോട് രാധാകൃഷ്ണൻ
24. „ എൻ. രാജൻ
25. „ കെ. പി. രാജേന്ദ്രൻ
26. „ രാജു എബ്രഹാം
27. „ ടി. പി. രാമകൃഷ്ണൻ
28. „ സാജു പോൾ
29. „ കെ. പി. സതീശ്ചന്ദ്രൻ

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ — 81
പ്രതികൂലിക്കുന്നവർ — 29
നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ

മി. സ്പീക്കർ: സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ രണ്ട് കോടി മുപ്പത്തിഒൻപത് ലക്ഷത്തി പതിനൊന്നായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരു കോടി അറുപത്തിനാല് ലക്ഷത്തി എഴുപത്തിയൊൻപതിനായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ പതിനാല് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി പതിനെണ്ണായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരു കോടി തൊണ്ണൂറ്റി ഏഴ് ലക്ഷത്തി എണ്ണായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മൂന്ന് കോടി മുപ്പത്തിയൊന്ന് ലക്ഷത്തി പന്ത്രണ്ടായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഏഴ് കോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഏഴ് കോടി എഴുപത്തിയേഴ് ലക്ഷത്തി എഴുപത്തി മൂവായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ നാനൂറ്റി എഴുപത്തി രണ്ട് കോടി മുപ്പത്തിരണ്ട് ലക്ഷത്തി എഴുപത്തി ഒൻപതിനായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അൻപത്തിയെട്ട് ലക്ഷത്തി എൺപതിനായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഇരുപത്തിയഞ്ച് ലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരു കോടി അറുപത്തിയഞ്ച് ലക്ഷത്തി എൺപത്തിയൊന്നായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ നാല്പത്തിയൊന്ന് ലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ പതിനേഴ് ലക്ഷത്തി എഴുപത്തിയൊൻപതിനായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മുപ്പത്തിയാറ് ലക്ഷത്തി നാല്പത്തിയൊന്നായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

അധിക ധനാഭ്യർത്ഥനകൾ

മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1989-90 സാമ്പത്തിക വർഷത്തേക്ക് ഇരുപത്തിയൊൻപത് ലക്ഷത്തി പതിനാറായിരത്തി എഴുനൂറ്റി എൺപത്തിരണ്ട് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1989-90 സാമ്പത്തിക വർഷത്തേക്ക് ഇരുപത്തിമൂവായിരത്തി അറുനൂറ്റി നാല്പത്തിയേഴ് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1989-90 സാമ്പത്തിക വർഷത്തേക്ക് അൻപത്തിയൊൻപത് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി പന്ത്രണ്ട് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1990-91 സാമ്പത്തിക വർഷത്തേക്ക് തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി അറുനൂറ്റി എൺപത്തിയെട്ട് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1990-91 സാമ്പത്തിക വർഷത്തേക്ക് എഴുപത്തിയേഴ് ലക്ഷത്തി എൺപത്തിരണ്ടായിരത്തി മുന്നൂറ്റി എഴുപത്തിയഞ്ച് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1990-91 സാമ്പത്തിക വർഷത്തേക്ക് ഇരുപത്തിയൊൻപത് ലക്ഷത്തി തൊണ്ണൂറായിരത്തി നാനൂറ്റി അൻപത് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1990-91 സാമ്പത്തിക വർഷത്തേക്ക് പതിനെട്ട് ലക്ഷത്തി മുപ്പത്തിയെണ്ണായിരം രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1991-92 സാമ്പത്തിക വർഷത്തേക്ക് ഇരുപത്തിയൊൻപത് ലക്ഷത്തി തൊണ്ണൂറായിരത്തി തൊള്ളായിരത്തി നാല്പത്തിയാറ് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1991-92 സാമ്പത്തിക വർഷത്തേക്ക് ഒരു കോടി അറുപത്തിയൊന്ന് ലക്ഷത്തി രണ്ടായിരത്തി തൊള്ളായിരത്തി എട്ട് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ക്ഷീരവ്യവസായം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1991-92 സാമ്പത്തിക വർഷത്തേക്ക് എൺപത്തി മൂവായിരത്തി തൊള്ളായിരത്തി മുപ്പത്തിയാറ് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1992-93 സാമ്പത്തിക വർഷത്തേക്ക് രണ്ട് കോടി അറുപത്തിയാറ് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി തൊള്ളായിരത്തി നാല്പത്തിയെട്ട് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1993-94 സാമ്പത്തിക വർഷത്തേക്ക് പതിനേഴ് ലക്ഷത്തി മുപ്പതിനായിരത്തി നാല്പത്തി ഒന്ന് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1993-94 സാമ്പത്തിക വർഷത്തേക്ക് ഇരുപത്തിയൊൻപത് കോടി പതിമൂന്ന് ലക്ഷത്തി അറുപത്തി അയ്യായിരത്തി ഇരുനൂറ്റി ഇരുപത്തിയെട്ട് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1993-94 സാമ്പത്തിക വർഷത്തേക്ക് ഒരുകോടി ഇരുപത്തിയേഴ് ലക്ഷത്തി ഇരുപതിനായിരത്തി തൊള്ളായിരത്തി നാല്പത്തിയഞ്ച് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1994-95 സാമ്പത്തിക വർഷത്തേക്ക് അറുപത്തിയൊൻപത് ലക്ഷത്തി അറുപത്തി രണ്ടായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി രണ്ട് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1994-95 സാമ്പത്തിക വർഷത്തേക്ക് എഴുപത് ലക്ഷത്തി എഴുപത്തി മൂവായിരത്തി ഒരുനൂറ് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .,.....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1994-95 സാമ്പത്തിക വർഷത്തേക്ക് ഒൻപത് കോടി പതിനേഴ് ലക്ഷത്തി അൻപതിനായിരത്തി എണ്ണൂറ്റിപതിനാല് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1994-95 സാമ്പത്തിക വർഷത്തേക്ക് ഇരുപത്തിയൊൻപത് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി ഇരുനൂറ്റി ഇരുപത്തിരണ്ട് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1994-95 സാമ്പത്തിക വർഷത്തേക്ക് പത്തൊൻപത് ലക്ഷത്തി അറുപത്തിയൊന്നായിരത്തി നാനൂറ്റി അറുപത്തി മൂന്ന് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീരവ്യവസായം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1994-95 സാമ്പത്തിക വർഷത്തേക്ക് ആയിരത്തി എണ്ണൂറ്റി അറുപത്തിയൊൻപത് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1995-96 സാമ്പത്തിക വർഷത്തേക്ക് ഒരു കോടി ആറ് ലക്ഷത്തി അറുപത്തി രണ്ടായിരത്തി ഇരുനൂറ്റി അറുപത്തി രണ്ട് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1996-97 സാമ്പത്തിക വർഷത്തേക്ക് എട്ട് ലക്ഷത്തി ഇരുപതിനായിരത്തി എണ്ണൂറ്റി എഴുപത്തിനാല് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1997-98 സാമ്പത്തിക വർഷത്തേക്ക് ഏഴ് ലക്ഷത്തി അറുപത്തിനാലായിരത്തി അഞ്ഞൂറ്റി അൻപത്തി രണ്ട് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1997-98 സാമ്പത്തിക വർഷത്തേക്ക് ഇരുപത്തിയൊൻപത് ലക്ഷത്തി പത്തൊൻപതിനായിരത്തി ഒരുനൂറ്റി നാല്പത്തിമൂന്ന് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1998-99 സാമ്പത്തിക വർഷത്തേക്ക് അൻപത്തിഒന്ന് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി എണ്ണൂറ്റിയറുപത് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1998-99 സാമ്പത്തിക വർഷത്തേക്ക് ഒരു കോടി ഇരുപത്തിയൊൻപത് ലക്ഷത്തി എഴുപത്തി മൂവായിരത്തി ഒരുനൂറ്റി ഒൻപത് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1998-99 സാമ്പത്തിക വർഷത്തേക്ക് എൺപത്തിയൊന്ന് ലക്ഷത്തി അറുപത്തി മൂവായിരത്തി അഞ്ഞൂറ്റി പതിനാറ് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1998-99 സാമ്പത്തിക വർഷത്തേക്ക് എൺപത് കോടി അറുപത്തിയഞ്ച് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി ഇരുനൂറ്റി ഇരുപത്തിമൂന്ന് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1998-99 സാമ്പത്തിക വർഷത്തേക്ക് മുപ്പത്തിരണ്ട് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി എഴുനൂറ്റി ഇരുപത്തിയേഴ് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ.....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2004 ഫെബ്രുവരി മാസം 4-ാം തീയതി ബുധനാഴ്ച രാവിലെ 8.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.02-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly